കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണൂർ നഗരസഭ

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

നഗരസഭാ ഒാഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം ,കണ്ണൂർ

e-mail:municipalauditkannur@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.എം/351 /സിഎം2/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

നഗരസഭ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ-municipalauditkannur@gmail.com

തീയ്യതി.20.04.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭ ഓഡിറ്റ്,കണ്ണൂർ.

മേയർ,

കണ്ണൂർ കോർപ്പറേഷൻ,

(സെക്രട്ടറി മുഖേന).

സർ,

| | | |
|---|---|---|
| വിഷയം | : | കണ്ണൂർ നഗരസഭയുടെ 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് |

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലികാ നിയമം295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് . 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം -1 ലെ ഖണ്ഡിക 1-12,1-13,1-16,1-17,1-19, 1-20, 1-21, 1-22, 1-23, 1-24 ,1-26, 1-27, 1-29,1-31,1-35, 1-40, 1-42, 1-43, 1-44,1-47, 1-49,1-53, 1-54, 1-55, 1-56,1-58 ഭാഗം 2ലെ ഖണ്ഡിക 2-1, 2-2,2-3 ഭാഗം 3ലെ ഖണ്ഡിക 3-1, 3-2,3-3 എന്നീ ഖണ്ഡികകളി ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കോർപ്പറേഷൻ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കോർപ്പറേഷൻ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭ ഓഡിറ്റ്,കണ്ണൂർ

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)തദ്ദേശ സ്വയംഭരണ സെക്രട്ടറി,തിരുവനന്തപുരം(ഉ.പ.സ)

3)നഗരകാര്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.

4)റീജിയണൽ ജോയിന്റ് ഡയറക്ടർ,കോഴിക്കോട്,
5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.എം/സിഎം2/2020, തീയ്യതി.20.04.2021

# കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭയുടെ

## 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണകുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ കോർപ്പറേഷൻ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജയരാജൻ. കെ,ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2019 മുതൽ 30.11.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ എ.ആർ.ജിതേന്ദ്രൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) | 05.08.2019 മുതൽ 30.11.2020 വരെ |
| ശ്രീ മനോജ് കുമാർ ടി. ജോർജ്ജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | |
| ശ്രീമതി ഷീല.കെ | സീനി.ഗ്രേഡ് ഓഡിറ്റർ | |
| ശ്രീ സനിൽ പ്രസാദ്.കെ | സീനി.ഗ്രേഡ് ഓഡിറ്റർ | |
| ശ്രീ ജഗദീഷ് ചന്ദ്ര.പി.വി | ഓഡിറ്റർ | |

(ബി) നിർവ്വഹണാധികാരിക ൾ(കണ്ണൂർ നഗരസഭ )

| | | |
|---|---|---|
| മേയർ | കുമാരി ഇ.പി.ലത | 01-04-2017 മുതൽ 31.03.2018വരെ |

| സ്റ്റാന്റിംഗ് കമ്മിറ്റി | ചെയർമാൻ/ചെയർ പേഴ്സൺ | കാലയളവ് |
|---|---|---|
| ധനകാര്യം | ശ്രീ രാഗേഷ്.പി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വികസനകാര്യം | കുമാരി ജമിനി | |
| പൊതുമരാമത്ത് | ശ്രീ ടി.ഒ.മോഹനൻ | |
| നഗരാസൂത്രണം | ശ്രീമതി സീനത്ത് | |

| | |
|---|---|
| ക്ഷേമകാര്യം | ശ്രീ വെള്ളോറ രാജൻ |
| പൊതുജനാരോഗ്യം | ശ്രീമതി ഇന്ദിര.പി |
| വിദ്യാഭ്യാസം | ശ്രീമതി ഷാഹിന മൊയ്തീൻ |
| നികുതി അപ്പീൽ | ശ്രീ സി.കെ.വിനോദ് |

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | സെക്രട്ടറി | ശ്രീ പി.രാധാകൃഷ്ണൻ | 01.04.2017 | 31.03.2018 |
| 2 | അഡീഷണൽ സെക്രട്ടറി | ശ്രീ.എ.ചന്ദ്രൻ നായർ | 01.04.2017 | 23.12.2017 |
| | | ശ്രീ.ഡി.സാജു | 24.12.2017 | 31.03.2018 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ എം.വി. ഷംസുദ്ദീൻ | 01.04.2017 | 31.03.2018 |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.അനിൽ കുമാർ(സെക്ഷൻ-1) | 01.04.2017 | 31.03.2018 |
| | | ശ്രീമതി ലജിത (സെക്ഷൻ-2) | 01.04.2017 | 31.03.2018 |
| | | ശ്രീമതി സപ്ന (സെക്ഷൻ-3) | 01.04.2017 | 31.03.2018 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ഷജിൽ.ടി (സെക്ഷൻ-1) | 01.04.2017 | 31.03.2018 |
| | | ശ്രീ വിനോദ് കുമാർ.എം(സെക്ഷൻ-2) | 01.04.2017 | 31.03.2018 |
| | | ശ്രീ മോഹനൻ. സി.വി (സെക്ഷൻ-3) | 01.04.2017 | 31.03.2018 |
| | | ശ്രീ ഹരീഷ് കുമാർ(എടക്കാട്,ചേലോറ) | 01.04.2017 | 31.03.2018 |
| | | ശ്രീമതി ലിസിന. പുതുശ്ശേരി (എളയാവൂർ) | 01.04.2017 | 31.03.2018 |
| 6 | മെമ്പർ സെക്രട്ടറി, കുടംബശ്രീ | ശ്രീമതി സ്മിത.പി.ആർ | 01.04.2017 | 31.03.2018 |

| | | | | |
|---|---|---|---|---|
| 7 | സി.ഡി.പി.ഒ, അർബൻ | ശ്രീമതി സുധ.എം | 01.04.2017 | 31.07.2017 |
| | | ജിൻസി മോൾ ജോർജ് | 01.08.2017 | 31.10.2017 |
| | | ശ്രീമതി സുധ.എം | 01.11.2017 | 31.03.2018 |
| 8 | സി.ഡി.പി.ഒ, കണ്ണൂർ റൂറൽ, പള്ളിക്കുന്ന്. | ശ്രീമതി .ബിന്ദു. എൻ.പി | 01.04.2017 | 31.03.2018 |
| 9 | ഡെപ്യൂട്ടി ഡയരക്ടർ, അഗ്രിക്കൾച്ചർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്,കണ്ണൂർ | ശ്രീമതി അനില.കെ | 01.04.2017 | 16.11.2017 |
| | | ശ്രീ സതീഷ് കുമാർ | 17.11.2017 | 31.03.2018 |
| 10 | സീനിയർ വെറ്ററിനറി സർജൻ | ഡോ.വിജയകുമാർ . ബി. സെങ്കാൾ | 01.04.2017 | 31.03.2018 |
| 11 | ഫിഷറീസ് സബ് ഇൻ സ്പെക്ടർ, കണ്ണൂർ | ശ്രീമതി സരിത.കെ.വി | 01.04.2017 | 31.03.2018 |
| 12 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡേ.സാഹിറ.ബാനു | 01.04.2017 | 31.03.2018 |
| 13 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ ഷാജിമോൻ പീറ്റർ | 01.04.2017 | 31.11.2017 |
| | | ഡോ.ഷിബി.പി.വർഗ്ഗീസ് | 01.12.2017 | 28.02.2018 |
| 14 | അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി (അലോപ്പതി) | ഡോ.മായ | 01.04.2017 | 31.03.2018 |
| 15 | ഹെൽത്ത് ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ | ശ്രീ.ഗിരീശൻ.കെ.എം | 01.04.2017 | 31.03.2018 |
| 16 | പ്രിൻസിപ്പൾ, ജി.വി. എച്ച്. എസ്. എസ്, കണ്ണൂർ | ശ്രീമതി വിമ.ടി | 01.04.2017 | 31.03.2018 |
| 17 | എസ്.സി. ഡെവലപ് മെന്റ് ഓഫീസർ | ശ്രീമതി വിമല.സി | 01.04.2017 | 31.03.2018 |
| 18 | ഹെഡ് മിസ്ട്രസ്സ്, ജി.യു. പി. സ്കൂൾ, താവക്കര | ശ്രീമതി രജിത.ടി.വി | 01.04.2017 | 31.03.2018 |
| 19 | ഹെഡ് മാസ്റ്റർ ടൗൺ ജി.എച്ച്.എസ്. | ശ്രീ സുരേന്ദ്രൻ. പി. കെ | 01.04.2017 | 31.03.2018 |
| 20 | പ്രൊജക്ട് ഓഫീസർ, അർബൻ ദാരിദ്ര്യ നിർമ്മാർജന സെൽ | ശ്രീ കൃഷ്ണകുമാർ | 01.04.2017 | 31.03.2018 |

| | | | | |
|---|---|---|---|---|
| | | | | |
| 21 | വ്യവസായ വികസന ഓഫീസർ | ശ്രീ. ജയപ്രകാശ് | 01.04.2017 | 31.03.2018 |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം 1: ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതു വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 -വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ ക്രമക്കേടുകൾ.

ഭാഗം-3 ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ.

ഭാഗം-4 -പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും .

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രികകൾ

1) ഓഡിറ്റ് സാക്ഷ്യപത്രം

1-1)ബാലൻസ് ഷീറ്റ്

1-2) ഇൻകം ആന്റ് എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

1-3) റസീപ്റ്റ് ആന്റ് പെയ് മെന്റ് അക്കൗണ്ട്

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-12 |
| 13 | മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ - തടസ്സവാദം തീർപ്പ് കൽപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13 |
| 14 | കെട്ടിടങ്ങളുടെ വസ്തു നികുതി വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല. 5,75,043/- രൂപ വരുമാന നഷ്ടം. | 1-14 |
| 15 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ – നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് 1,48,645/- രൂപ നഷ്ടം | 1-15 |
| 16 | ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ | 1-16 |
| 17 | നഗരസഭ കംഫർട്ട് സ്റ്റേഷൻ ലേലം-ലേല /ടെണ്ടർ നിബന്ധനകൾ പാലിക്കുന്നില്ല – അടവാക്കാൻ ബാക്കിവന്ന 1,01,764/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്. | 1-17 |

| | | |
|---|---|---|
| 18 | ലൈബ്രറി സെസ്സ് - പിരിച്ചെടുത്ത തുക ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് യഥാസമയം അടവാക്കിയിട്ടില്ല. | 1-18 |
| 19 | സേവന ഉപനികുതി നിഷ്കർഷിച്ച നിരക്കിൽ ഈടാക്കുന്നില്ല. നഗരസഭയ്ക്ക് വരുമാന നഷ്ടം | 1-19 |
| 20 | പുവർ ഹോംസെസ്സ് ഇനത്തിൽ ജില്ലാ അഭയനികേതന് കൈമാറിയ 51,87,000 രൂപയുടെ ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടില്ല.-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | കണ്ണൂർ നഗരസഭ വനിത ഹോസ്റ്റൽ നടത്തിപ്പ് -അപാകങ്ങൾ | 1-21 |
| 22 | സെൻട്രൽ മാർക്കറ്റ് കെട്ടിടം - വിശദവിവരം ഹാജരാക്കിയില്ല. | 1-22 |
| 23 | നഗരസഭയുടെ അനുമതിയില്ലാതെ പയ്യാമ്പലം പാർക്കിൽ അമ്യൂസ് മെന്റ് പാർക്ക് – തുടർ നടപടി വിവരം ലഭ്യമാക്കിയില്ല. | 1-23 |
| 24 | നഗരസഭയുടെ വരവ് ചെലവുകൾ കൂട്ടിമുട്ടുന്നില്ല . കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കുന്നില്ല. കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധിയിൽ | 1-24 |
| 25 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കിയിട്ടില്ലാ ത്തതിനാൽ ചെലവ് തുക 1310075/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകൽ- മതിയായ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 28,496/- രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | റീ സൈക്കിൾ ചെയ്യാവുന്ന മാലിന്യങ്ങളുടെ ശേഖരണം-ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക 13,20,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | 9, 10 ക്ലാസ് വിദ്യാർത്ഥികളിൽ പഠനത്തിൽ പിന്നോക്കമുള്ളവർക്ക് പ്രത്യേക പരിശീലനം-പ്രോജക്ട് നടത്തിപ്പ് സൂക്ഷ്മവിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. | 1-28 |
| 29 | സർവ്വശിക്ഷാഅഭിയാൻ(എസ്എസ്എ)-എസ്. എസ്.എ വിഹിതം | 1-29 |

| | | |
|---|---|---|
| | നൽകൽ- പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതായി രേഖയില്ല- 66,16,851/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| 30 | പദ്ധതി നിർവഹണം - മാർഗരേഖ നിബന്ധന പാലിക്കുന്നില്ല. | 1-30 |
| 31 | ശാദുലിപ്പള്ളി അങ്കണവാടിക്ക് സർക്കാർ സ്ഥലം ഏറ്റെടുക്കൽ. നാല് വർഷംകഴിഞ്ഞിട്ടും ലക്ഷ്യം കണ്ടില്ല. | 1-31 |
| 32 | ടെമ്പിൽ വാർഡിൽ ഡ്രെയിനേജ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല – ചെലവ് തുകയായ 18,41,465/- രൂപ തടസ്സത്തിൽ വെക്കുന്നു. | 1-32 |
| 33 | മരക്കാർകണ്ടി എസ്.സി/ എസ് ടി ഫ്ലാറ്റ് നിർമ്മാണം-വിനിയോഗ വിവരം ഹാജരാക്കാത്തതിനാൽ തഹസിൽദാർക്ക് മുൻകൂറായി നൽകിയ 44,80,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 34 | വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ-വിതരണ രേഖകൾ ഹാജരാക്കിയില്ല-4,73,677 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-34 |
| 35 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 36 | ഭവന നിർമ്മാണം എസ്.സി-രേഖകൾ ലഭ്യമാക്കിയില്ല. 1,20,000 രൂപ തടസപ്പെടുത്തുന്നു. | 1-36 |
| 37 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി – 2017-18- വർഷത്തിൽ നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല. | 1-37 |
| 38 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,00,000/- രൂപ നിരാകരിക്കുന്നു. | 1-38 |
| 39 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകൽ- രേഖകൾ ഹാജരാക്കാത്തതിനാൽ 35,30,295 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 40 | പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വിവാഹ ധനസഹായം-ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-40 |

| | | |
|---|---|---|
| 41 | പൈപ്പ് ലൈൻ സ്ഥാപിച്ച വകയിൽ വാട്ടർ അതോറിറ്റിക്ക് തുക നൽകൽ-രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 5,00,463/- രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 42 | ദേശീയ നഗര ഉപജീവന മിഷൻപദ്ധതി : എ.ൽ.എഫുകൾക്ക് റിവോൾവിംഗ് ഫണ്ട്-അധിക തുക അനുവദിച്ചത് സംബന്ധിച്ച്. | 1-42 |
| 43 | ഇ.എം.എസ് ഭവന പദ്ധതി –ചെലവഴിക്കാൻ ബാക്കിവന്ന തുക സർക്കാറിലേക്ക് തിരിച്ചൊടുക്കിയതിന്റെ വിവരം ലഭ്യമല്ല. | 1-43 |
| 44 | ഇ-ടോയ് ലറ്റ് - എ.എം.സി ഒടുക്കാത്തതിനാൽ പ്രവർത്തന രഹിതം | 1-44 |
| 45 | തെരുവ് വിളക്ക് സംയുക്ത പരിശോധന – പരിശോധന നടത്തിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-45 |
| 46 | താണയിലെ കണ്ടിജന്റ് ജീവനക്കാരുടെ ക്വാർട്ടേഴ്സ്-പതിച്ച നൽകിയതിന്റെ വിശദവിവരം ഹാജരാക്കിയില്ല. | 1-46 |
| 47 | വ്യാജസത്യവാങ്മൂലം നൽകി അനർഹമായി കൈപ്പറ്റിയ എസ്.സി ഫ്ലാറ്റ് – തുക തിരിച്ചീടാക്കിയ വിവരം ലഭ്യമാക്കിയില്ല. | 1-47 |
| 48 | വേരിയബിൾ ഡി.എ അനുവദിച്ചത് – എഴുതിത്തള്ളൽ - സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല. | 1-48 |
| 49 | ഓഫീസ് കെട്ടിടം ഗുരുതരാവസ്ഥയിൽ കൗൺസിൽ തീരുമാനമെടുത്തിട്ട് മൂന്നു വർഷം കഴിയുന്നു- തുടർ നടപടി ഒന്നും ആയില്ല. | 1-49 |
| 50 | പയ്യാമ്പലം ശ്മശാനം - നിലവിലുള്ള സംവിധാനം മാറ്റി പകരം ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നത് -വിവരം ലഭ്യമാക്കിയില്ല. | 1-50 |
| 51 | ഭവനരഹിതരുടെ പുനരധിവാസ ഷെൽട്ടർ ഹോമുകൾ നിർമ്മാണം തുടർ നടപടി വിവരം ലഭ്യമാക്കിയില്ല. | 1-51 |
| 52 | ലഘു ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരച്ചതിന്റെ വിശദവിവരം ഹാജരാക്കിയില്ല | 1-52 |
| 53 | ജവഹർ സ്റ്റേഡിയം നവീകരണം - വിശദവിവരം ഹാജരാക്കിയില്ല. | 1-53 |

| | | |
|---|---|---|
| 54 | സേവന പുസ്തക പരിശോധനക്കിടയിൽ കണ്ടെത്തി യ പ്രധാന അപാകങ്ങൾ | 1-54 |
| 55 | നഗരസഭ മരാമത്ത് പ്രവൃത്തികൾ – ഫയലുകൾ രജിസ്റ്ററുകൾ മറ്റ് അനുബന്ധ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല – മരാമത്ത് പണികൾക്കായി ചെലവഴിച്ച 24,26,39,828/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-55 |
| 56 | ബിൽഡിംഗ് പെർമിറ്റ് -ഫയൽ, അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ ഹാജരാക്കിയില്ല. | 1-56 |
| 57 | നെൽകൃഷി വികസനം -ചെറുകിട/നാമമാത്ര കർഷകർക്ക് കൂലി ചെലവ് നൽകൽ – അനുവദനീയമായതിലും കൂടുതൽ തുക അനുവദിച്ച -78,900/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-57 |
| 58 | മരക്കാർ കണ്ടി എസ്.സി/എസ്.ടി ഫ്ലാറ്റ് നിർമ്മാണം -സ്ഥലം ഉടമകൾക്ക് അധികം നൽകിയ 47,006/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-58 |
| 59 | പെൻഷൻ ഫണ്ട്-റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്- അപാകങ്ങൾ | 1-59 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 60 | കെട്ടിടങ്ങളുടെ വസ്തു നികുതി -വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.5,75,043 രൂപ വരുമാന നഷ്ടം | 2-1 |
| 61 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ -നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് 1,48,645 രൂപ നഷ്ടം | 2-2 |
| 62 | നഗരസഭ കംഫർട്ട് സ്റ്റേഷൻ ലേലം-ലേല/ടെണ്ടർ നിബന്ധനകള പാലിക്കുന്നില്ല -അടവാക്കാൻ ബാക്കി വന്ന 1,01,764/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ് | 2-3 |
| | ഭാഗം-3<br>ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 63 | നെൽകൃഷി വികസനം – ചെറുകിട/നാമമാത്ര കർഷകർക്ക് കൂലിചെലവ് നൽകൽ- അനുവദനീയമായതിലും കൂടുതൽ തുക അനുവദിച്ചു- 78,900/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| 64 | മരക്കാർ കണ്ടി എസ്.സി/എസ്.ടി ഫ്ലാറ്റ് നിർമ്മാണം – സ്ഥലം ഉടമകൾക്ക് അധികം നൽകി 47,006/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-2 |
| 65 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി – സബ്സിഡ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,00,000/-രൂപ നിരാകരിക്കുന്നു. | 3-3 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 66 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 67 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 68 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 69 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 70 | വായ്പ/വായപ് തിരിച്ചടവ് | 4-5 |
| 71 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 72 | ഓഡിറ്റ് റിക്കവറി | 4-7 |
| 73 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 74 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 75 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 76 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 77 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 78 | അനുബന്ധങ്ങൾ | |
| 79 | അനുബന്ധം-1 ബാലൻസ് ഷീറ്റ് | |
| 80 | അനുബന്ധം-2 ഇൻകം ആന്റ് എക്സ് പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| 81 | അനുബന്ധം-3 റസീപ്റ്റ് ആന്റ് പെയ്മെന്റ് | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

22.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഇൻകം ആന്റ് എക്സ് പെൻഡീച്ചർ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കണ്ണൂർ നഗരസഭയുടെ 2017-18 വർഷത്തെ പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 22.03.2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 338359755 | 297300901 |
| വരവ് | 4894992000 | 1809905000 |
| ആകെ | 5233351755 | 2107205901 |
| ചെലവ് | 4962266000 | 1791889000 |
| നീക്കിയിരിപ്പ് | 271085755 | 315316901 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.08.2018 | 13.09.2018 | 06.02.2019 |

വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 293182549.44 |
| വരവ് | 975280756 |
| ആകെ | 1268463305.44 |
| ചെലവ് | 961556752 |
| നീക്കിയിരിപ്പ് | 306906553.44 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 32015490 | 143650000 | 175665490 | 114498882 | 61166608 | 65.18 |
| വികസനഫണ്ട് എസ്.സി.പി. | 21797724 | 35883000 | 57680724 | 37498234 | 20182490 | 65 |
| വികസനഫണ്ട് ടി.എസ്.പി. | 169158 | 191000 | 360158 | 146158 | 214000 | 40.58 |
| സംരക്ഷണഗ്രാന്റ് റോഡ് | 77738350 | 115002000 | 192740350 | 97548285 | 95192065 | 50.61 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 17101834 | 28152000 | 45253834 | 33956278 | 11297556 | 75.03 |
| വികസന ഫണ്ട് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 83500449 | 89904000 | 173404449 | 79892423 | 93512026 | 46.07 |
| കെ.എൽ. ജി. എസ്.ഡി.പി | - | - | - | - | - | - |
| ദുരിതാശ്വാസം | 137673 | 65324 | 202997 | 97979 | 105018 | 48.26 |
| തൊഴിലുറപ്പ് പദ്ധതി | 25878 | 980 | 26858 | - | 26858 | - |
| ബി ഫണ്ട് | - | 340816600 | 340816600 | 340816600 | - | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 99413748 | 85295000 | 184708748 | 80503286 | 104205462 | 43.58 |
| തനത് ഫണ്ട് | 293182549 | 975280756 | 1268463305 | 961556752 | 306906553 | 75.80 |
| എം.പി.ഫണ്ട് | - | 4512000 | 4512000 | 900000 | 3612000 | 19.94 |
| എം.എൽ.എ ഫണ്ട് | - | 32778532 | 32778532 | 9635077 | 23143455 | 29.39 |
| ആകെ | 625082853 | 1851531192 | 2476614045 | 1752799263 | 723814782 | 70.77 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1200 | 803311784 | 661 | 389078099 | - | 539 | 55.08% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ : ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥന്മാരും പദ്ധതികളും

ഓഡിറ്റ് വർഷം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും, പദ്ധതി നടപ്പിലാക്കുന്നതിനായി ചിലവഴിച്ച തുകയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ | പദ്ധതി നടപ്പിലാക്കുന്നതിനായി ചിലവഴിച്ച തുക | ചിലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 18 | 12 | 27372429 | 23610199 | 86.25 |
| 2 | അഡീഷണൽ സെക്രട്ടറി | 9 | 6 | 27512492 | 25979242 | 94.42 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 478 | 371 | 272296856 | 169348278 | 62.19 |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ 1) | 2 | - | 9500000 | - | - |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ 2) | 5 | - | 15831600 | - | - |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ 3)പള്ളിക്കുന്ന്,പുഴാതി | 141 | 39 | 67007900 | 13027958 | 19.44 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-1) | 57 | 39 | 19622000 | 12227433 | 62.31 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-2) | 47 | 13 | 27557000 | 6812723 | 24.72 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ(സെക്ഷൻ-3) | 46 | 27 | 25211750 | 11767398 | 46.67 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ(എടക്കാട്)ചേലോറ | 158 | 47 | 82389927 | 20977745 | 25.46 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ എളയാവൂർ | 98 | 26 | 44106000 | 8478293 | 19.22 |
| 12 | മെമ്പർ സെക്രട്ടറി,കുടുംബശ്രീ | 11 | 4 | 2788490 | 886000 | 31.77 |
| 13 | സിഡിപിഒ അർബൻ(താളിക്കാവ്), | 7 | 6 | 33768670 | 29898150 | 88.53 |
| | സി.ഡി.പി.ഒ,റൂറൽ | 8 | 8 | 14326850 | 13455454 | 93.91 |
| 14 | ഡെപ്യൂട്ടി ഡയരക്ടർ അഗ്രിക്കൾച്ചർ പ്രിൻസിപ്പൽ, കൃഷി ഓഫീസ്, കണ്ണൂർ | 11 | 10 | 24784300 | 14711732 | 59.35 |

| | | | | | | |
|---|---|---|---|---|---|---|
| 15 | സീനിയർ വെറ്ററിനറി സർജൻ | 6 | 5 | 5300000 | 2993542 | 56.48 |
| 16 | ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഓഫീസ് ഓഫ് ദി ഡെപ്യൂട്ടി ഡയരക്ടർ ഓഫ് ഫിഷറീസ്, കണ്ണൂർ | 4 | 4 | 1092400 | 810984 | 74.23 |
| 17 | മെഡിക്കൽ ഓഫീസർ,ആയുർവേദം | 2 | 2 | 5100000 | 5099981 | 99.99 |
| 18 | മെഡിക്കൽ ഓഫീസർ(ഹോമിയോ | 5 | 5 | 1309500 | 1299665 | 99.24 |
| 19 | അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി (അലോപ്പതി) | 1 | 1 | 3910400 | 1955237 | 50.00 |
| 20 | ഹെൽത്ത് ഓഫീസർ,കണ്ണൂർ കോർപ്പറേഷൻ | 14 | 6 | 26682043 | 4762726 | 17.84 |
| 21 | പ്രിൻസിപ്പാൾ, ജി.വി.എച്ച്. എസ്.എസ്. കണ്ണൂർ | 4 | 4 | 1786120 | 1454041 | 81.40 |
| 22 | എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | 1 | 1 | 284000 | 80000 | 28.16 |
| 23 | ഹെഡ് മിസ്ട്രസ്, ജി.യു.പി.സ്കൂൾ, താവക്കര | 4 | 4 | 4346500 | 3329506 | 76.60 |
| 24 | ഹെഡ്മാസ്റ്റർ, ടൗൺ ജി.എച്ച്.എസ് | 9 | 9 | 12928851 | 11461270 | 88.64 |
| 25 | പ്രൊജക്ട് ഓഫീസർ, അർബൻ ദാരിദ്ര്യ നിർമ്മാർജന സെൽ | 54 | 12 | 44490706 | 13236211 | 29.75 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25877.75 | 980 | 26857.75 | - | 26857.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |
| ആകെ | 25877.75 | 980 | 26857.75 | - | 26857.75 |

## 1-7 തനത് വരുമാനം.

| ഇനം | വരവ് |
|---|---|

| | |
|---|---|
| നികുതി വരവുകൾ | 5,09,01,127 |
| നികുതിയേതര വരവുകൾ | 92,43,71,160 |
| മറ്റുവരവുകൾ | 8,469 |
| ആകെ | 97,52,80,756 |

1-8 ക്ഷേമപദ്ധതികൾ

01-04-2017 മുതൽ 31.03.2018 വരെ കണ്ണൂർ നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (സേവന സോഫ്റ്റ് വെയർ പ്രകാരം ലഭ്യമായത്)

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 143160 | 279 |
| കർഷക തൊഴിലാളി പെൻഷൻ | 10440600 | 736 |
| വിധവാ പെൻഷൻ | 89604000 | 3770 |
| വാർദ്ധക്യകാല പെൻഷൻ | 190048900 | 7338 |
| വികലാംഗ പെൻഷൻ | 22376900 | 980 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20920900 | 880 |
| വിധവകളുടെ പെൺമക്കൾക്കുളള വിവാഹത്തിന് ധനസഹായം | 4380000 | 146 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന09.12.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,47,926രൂപ (മേഖല ഓഫീസുകളുടെ വരവ് ഉൾപ്പെടെ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ആസ്തി സംരക്ഷണം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് മേൽനോട്ടം, ഫ്രണ്ട് ഓഫീസ് സംവിധാനം, ഓഫീസ് യോഗങ്ങൾ, ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര നിയന്ത്രണത്തിൽ അപാകതകളുണ്ട്.

ആസ്തി രജിസ്റ്റർ കാലാനുസൃതമായി എഴുതി തയ്യാറാക്കിയിട്ടില്ല. നഗരസഭയുടെ പരിധിയിലുള്ള മരക്കാർകണ്ടിയിലെ വനിതാ വ്യവസായ കേന്ദ്രത്തിലെ മുറികൾ വാടകക്ക് നൽകുന്നുണ്ടെങ്കിലും ഈ കെട്ടിടങ്ങളിലേക്ക് വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല വ്യവസായ കേന്ദ്രത്തിന്റെ ചുറ്റുപാടും നിലവിൽ കാട് മൂടിയ നിലയിലുമാണ്. ഇത് ആസ്തി സംരക്ഷണത്തിൽ നഗരസഭ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല എന്നതിന് ഉദാഹരണമാണ്.

വസ്തു നികുതി ഓൺലൈനിലൂടെ സ്വീകരിക്കുമ്പോൾ നഗരസഭയുടെ 5 സോണൽ പരിധിയിലുള്ള മുഴുവൻ കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതിയായി വസ്തുനികുതിയുടെ 10% പിരിച്ചെടുക്കണമെന്നിരിക്കെ എളയാവൂർ സോണൽ പരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി പിരിച്ചെടുക്കുന്നില്ല.അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തുമ്പോൾ പ്രസ്തുത കെട്ടിടം അനധികൃത നിർമ്മാണമായി നിന്നിരുന്ന കാലത്തേക്കുള്ള നിയമാനുസൃതമായ വസ്തുനികുതി ചുമത്താത്തതിനാൽ നഗരസഭക്ക് വർഷാവർഷം ഈ ഇനത്തിൽ നഷ്ടം സംഭവിക്കുന്നു.

തൊഴിൽ നികുതി രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും സംഗ്രഹം എഴുതി സെക്രട്ടറി ഒപ്പ് വെയ്ക്കുകയോ ആധികാരികമാക്കുകയോ ചെയ്തിട്ടില്ല എന്നത് സൂപ്പർവൈസറി നിയന്ത്രണത്തിന്റെ അഭാവമാണ് കാണിക്കുന്നത്. വളരെ പഴക്കം ചെന്ന ജോലി വിഭജന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കണ്ണൂർ നഗരസഭയിലെ വിവിധ സെക്ഷനുകൾ പ്രവർത്തിക്കുന്നത്. പ്രിന്റ് ചെയ്ത ഈ ഉത്തരവിന്റെ നമ്പർ/തീയ്യതി എന്നിവ ലഭ്യമല്ല.

2010-2011 വർഷത്തിൽ ആരംഭിച്ച അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ 13 പ്രവർത്തികൾ മാത്രമേ (2013-14 വർഷത്തിൽ) പൂർത്തിയാക്കിയിട്ടുള്ളൂ. 2010-11 മുതൽ 2017-18 വരെ ആകെ 44,324 തൊഴിൽ ദിനങ്ങൾ മാത്രമേ സൃഷ്ടിക്കപ്പെട്ടിട്ടുള്ളൂ. നേരിട്ട് കാണാവുന്നതും അളന്ന തിട്ടപ്പെടുത്താവുന്നതും ആവർത്തന സ്വഭാവം ഇല്ലാത്തതുമായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ വിവക്ഷിച്ചിട്ടുള്ള പ്രധാന ലക്ഷ്യം. കണ്ണൂർ നഗരസഭയിൽ 2010-11 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ 2017-18 വർഷം വരെ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തികളൊന്നും ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

മേൽ പറഞ്ഞ വിഷയങ്ങളിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ കണ്ണൂർ നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-09-2019 | 25-01-19-16-09-19 | 30.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-01-2020 | 2017-18 - 2018-19 | 29.05.2020 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1)2017-18 ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂളിലെ ജനറൽ ഫണ്ട് മുന്നിരിപ്പായി രേഖപ്പെടുത്തിയ തുക 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2) 2016-17 ലെ നീക്കിയിരിപ്പിനോട് RP-29 പ്രകാരമുള്ള തൻവർഷ വരവും കൂട്ടി ചെലവ് (RP-29 പ്രകാരം) കുറച്ചാൽ B-9-ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക ലഭിക്കേണ്ടതാണ്. എന്നാൽ B-9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ പെൻഷൻ ഗ്രാറ്റുവിറ്റി, കോൺട്രിബ്യൂഷൻ ടു സെൻട്രൽ പെൻഷൻ ഫണ്ട്, ലോൺ റിക്കവറി എന്നിവയിലെ നീക്കിയിരിപ്പ് തുക ഇപ്രകാരം പൊരുത്തപ്പെടുന്നില്ല.

3) B-11 ഷെഡ്യൂളിലെ ഫിക്സഡ് അസറ്റ് ഹെഡിലെ, ലാന്റ് ബ്ലാക്ക് ടോപ്ഡ് റോഡ്, പ്ലാന്റ് ആന്റ് മെഷിനറി, ഫർണ്ണിച്ചർ ആന്റ് ഫിക്ചേഴ്സ് ആന്റ് ഇലക്ട്രിക്കൽ അപ്ലയൻസസ്(ട്രാൻ സ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ) അദർ ഫിക്സഡ് അസറ്റ് എന്നിവയിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകകൾ, 2016-17-ലെ നീക്കിയിരിപ്പും 2017-18 ൽ കൂട്ടിച്ചേർക്കപ്പെട്ട ആസ്തികൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

4)വിവിധ നികുതി, നികുതിയേതര വരവുകളെ സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ല. വസ്തു നികുതിയുടെ വരവ്, കുടിശ്ശിക എന്നിവ അവ്യക്തമാണ്. വാടക, ബങ്കുകൾ, ഡി ആന്റ് ഒ, തൊഴിൽ നികുതി, മുൻകൂറുകൾ, എന്നിവയുടെ

രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല. പരസ്യ നികുതി, വിനോദ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) വികസന ഫണ്ട് (ജനറൽ), എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ്(റോഡ്) മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്), സി.എഫ്.സി.ഗ്രാന്റ്, എന്നിവയുടെ RP-6 , I-6 എന്നിവയിലെ തുകകൾ, പദ്ധതി ചെലവ് പത്രിക, എസി ആർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6)2016-17 ലെ ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കിലെ നീക്കിയിരിപ്പ് (29,36,48,568.75)2017-18 ലെ ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കിലെ മുന്നിരിപ്പുമായി(29,31,82,549.44) പൊരുത്തപ്പെടുന്നില്ല.ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(2016-17 ലെ ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുകയായ 29,36,48,568.75 തുകയാണ് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ നീക്കിയിരിപ്പ് തുകയായി ചേർത്തിട്ടുള്ളത്.)

7)ലോൺ രജിസ്റ്ററും വരവ് ചെലവു പത്രികയിലെ ബി-5 ഷഡ്യൂൾ പ്രകാരമുള്ള വായ്പ സംബന്ധിച്ച വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

## 1-13 മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ -തടസ്സവാദം തീർപ്പ് കൽപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള മുനിസിപ്പാലിറ്റി നിയമം 295(4) വകുപ്പ് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന ഓഡിറ്റിന്റെ റിപ്പോർട്ട് നഗരസഭക്ക് അയച്ചുകൊടുക്കുകയും 295(7) വകുപ്പ് പ്രകാരം പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പോരായ്മകളും ക്രമക്കേടുകളും മുനിസിപ്പാലിറ്റി ഉടൻ പരിഹരിക്കേണ്ടതും ആയതിന്മേൽ കൈക്കൊണ്ട നടപടി മൂന്ന് മാസത്തിനകം സർക്കാരിലേക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1) പ്രകാരം 2 മാസത്തിനകം ഓഡിറ്റർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം14(2) പ്രകാരം നഗരസഭക്ക് ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിന്മേൽ സെക്രട്ടറി തയ്യാറാക്കിയ കുറിപ്പോടുകൂടി ഇതിലേക്ക് പ്രത്യേകം വിളിച്ചു കൂട്ടിയ കൗൺസിൽ യോഗത്തിൽ പരിഗണനക്കായി വെക്കേണ്ടതുണ്ട്. റിപ്പോർട്ട് നഗരസഭക്ക് ലഭിച്ച് ഒരു മാസത്തിനകം ഇപ്രകാരമുള്ള കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചു ചേർക്കേണ്ടതും(ചട്ടം 14,ഉപചട്ടം3) ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്തമായ പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനം എടുക്കേണ്ടതുമാണ്.

ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭാ കൗൺസിൽ എടുത്ത തീരുമാനങ്ങളുടെയും പകർപ്പുകൾ നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്നും റിപ്പോർട്ട് വാർഡ് സഭകളിൽ ചർച്ച ചെയ്യണമെന്നും മേൽ ചട്ടങ്ങളിലെ 15ാം ചട്ടം വ്യക്തമാക്കുന്നു.

എന്നാൽ ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ നഗരസഭ തയ്യാറാകുന്നില്ല. 2016-17വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നഗരസഭ പ്രഥമ മറുപടിപോലും ലഭ്യമാക്കിയിട്ടില്ല. 1975-76 മുതൽ 2016-17 വരെയായി 43ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. ആയത് തീർപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ന്യൂനതകൾ കണ്ടെത്തുക എന്നതിനപ്പുറം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പാക്കുക എന്നതിലേക്ക് ആധുനിക കാലഘട്ടത്തിൽ ഓഡിറ്റിന്റെ കാഴ്ചപ്പാട് മാറിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രേഖകൾ പരിശോധിക്കുന്ന ഘട്ടത്തിൽ തന്നെ വാചികമായും രേഖാമൂലവുമുള്ള ഓഡിറ്റ് അന്വേഷണങ്ങളും വിശദീകരണങ്ങളും സ്ഥാപനത്തിൽ നിന്ന് ഓഡിറ്റ് തേടാറുണ്ട്. എന്നാൽ ഇക്കാര്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിനോ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനോ നഗരസഭ വേണ്ടത്ര ശ്രദ്ധ പുലർത്തി വരുന്നതായി കാണുന്നില്ല. ഇപ്രകാരം മറുപടി ലഭിക്കാത്ത കാര്യങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശങ്ങളായി വരുന്നത്.

റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികളുമായി മുന്നോട്ട് പോകാൻ ഈ വകുപ്പ് നിർബന്ധിതമാവുകയും ഉത്തരവാദികളാക്കപ്പെടുന്നവർ കോടതി വ്യവഹാരങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനത്തെ ഇപ്രകാരം നിരുത്തരവാദപരമായി സമീപിക്കുന്നത് ഒരു തരത്തിലും അംഗീകരിക്കാവുന്നതല്ല. ആവശ്യപ്പെടുന്ന രേഖകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കാനും, ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാസമയം മറുപടി നൽകാനും റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കാനും നഗരസഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. തീർപ്പാകാത്ത ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതും റിപ്പോർട്ടുകളിന്മേലുള്ള തടസ്സവാദം

തീർപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 1-14 കെട്ടിടങ്ങളുടെ വസ്തു നികുതി വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.5,75,043/- രൂപ വരുമാന നഷ്ടം

1)റിസോർട്ടുകളിൽ നിന്നും യഥാവിധി വസ്തുനികുതി ഈടാക്കുന്നില്ല- 4,64,422/ രൂപ നഷ്ടം

കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ കെട്ടിടങ്ങൾക്ക് 01.04.2016 മുതൽ പ്രാബല്യത്തിൽ വസ്തു നികുതി നിരക്ക് പരിഷ്കരിക്കുന്നതിന് 14.03.2017 ലെ 38-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം 2016-17 വർഷം മുതൽ കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് 24.04.2017 ലെ വിജ്ഞാപന പ്രകാരം പരിഷ്കരിച്ചിട്ടുമുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്ക് 1 ചതുരശ്രമീറ്ററിന് 85 രൂപ നിരക്കിലാണ് വസ്തു നികുതി നിശ്ചയിച്ചത്. എന്നാൽ നഗരസഭ പരിധിയിലെ 5 റിസോർട്ടുകളിൽ നിന്നും മേൽ നിശ്ചയിച്ച നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. 2017-18 വർഷത്തെ വസ്തു നികുതി ഈടാക്കിയതിന്റെയും സാംഖ്യ/സഞ്ചയ സോഫ്റ്റ് വെയറുകളിലെ അസസ്സ് മെന്റ് ഡിമാന്റ് വിവരങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ റിസോർട്ടുകളുടെ വസ്തു നികുതി യോഗ്യമായ നിരക്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാത്തതിനാൽ 4,64,422 രൂപ ഈടാക്കാൻ ബാക്കി വന്നതായി കാണുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട ത്തിന്റെ തരം | വാർഡ് നം(പുതി യത്/ പഴയത്) | വിജ്ഞാപന പ്രകാരം ഈടാ ക്കേണ്ട തുക | വിസ്തീർണ്ണം (ച.മീ) | അടി സ്ഥാന നികുതി | 20% വർദ്ധനവ് | ആകെ നികുതി | SC+ LC+ Cess | അടവാ ക്കേണ്ട വാർഷിക നികുതി | 2017-18 വർഷത്തെ നികുതി | അടവാ ക്കിയ നികുതി (തുക, രശീതി നമ്പർ/ തീയതി) | ബാക്കി/ കുറവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7(5x6) | 8 | 9(7+8) | 10 | 11(9+10) | 12 | 13 | 14 (12-13) |
| 1(എ) | സി.വി. രവീന്ദ്രനാഥ്, പ്രേമസുധ മുതൽ പേർ | റിസോ ർട്ട് | (1/1345 /17253) | 85 | 93.6 | 7956 | 1591 | 9547 | 1624 | 11171 | 11171 | 4418 5954- 02.05.17 | 6753 |
| (ബി) | -ടി- | -ടി- | (1/1347 /17255) | 85 | 167.64 | 14250 | 2850 | 17100 | 2907 | 20007 | 20007 | 7896 5956- 02.05.17 | 12111 |
| സി) | -ടി- | -ടി- | (1/1348/ 17/256) | 85 | 151.64 | 12889 | 2578 | 15467 | 2629 | 18096 | 18096 | 7144 5957- 02.05.17 | 10952 |
| ഡി) | -ടി- | -ടി- | (1/1349/ 17/257) | 85 | 151.64 | 12889 | 2578 | 15467 | 2629 | 18096 | 18096 | 7144 5958- 02.05.17 | 10952 |
| ഇ) | -ടി- | -ടി- | (1/1350/ 17/258) | 85 | 88.64 | 7534 | 1507 | 9041 | 1537 | 10578 | 10578 | 4183 5959- 02.05.17 | 6395 |
| എഫ്) | സി.വി. രവീന്ദ്രനാഥ് പ്രേമസുധ മുതൽ പേർ | റിസോ ർട്ട് | (1/357/ 17/226) | 85 | 124.86 | 10613 | 2122 | 12735 | 2165 | 14900 | 14900 | 8 5936- 02.05.17 | 14892 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ജി) | -ടി- | -ടി- | (1/1358/<br>17/227) | 85 | 85.2 | 7242 | 1448 | 8690 | 1477 | 10167 | 10167 | 4042<br>5937-<br>02.05.17 | 6125 |
| എച്ച്) | -ടി- | -ടി- | (1/1359/<br>17/228) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 407<br>2938-<br>02.05.17 | 9856 |
| ഐ) | -ടി- | -ടി- | 1/1360/<br>17/229) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 407<br>5939-<br>02.05.17 | 9856 |
| ജെ) | -ടി- | -ടി- | (1/1361/<br>17/230) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5940-<br>02.05.17 | 9247 |
| കെ) | -ടി- | -ടി- | (1/1362/<br>17/231) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5941-<br>02.05.17 | 9247 |
| എൽ) | -ടി- | -ടി- | (1/1363<br>/17/232 | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5942-<br>02.05.17 | 9247 |
| എം) | -ടി- | -ടി- | (1/1364/<br>17/233) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5943-<br>02.05.17 | 9247 |
| എൻ) | -ടി- | -ടി- | (1/<br>1365/<br>17/234) | 85 | 2083 | 177055 | *<br>61969 | 239024 | 40634 | 279658 | 279658 | 183564<br>5944-<br>02.05.17 | 96094 |
| ഒ) | സി.വി. രവീന്ദ്രനാഥ് പ്രേമസുധ മുതൽ പേർ | റിസോർട്ട് | (1/1366/<br>17/235) | 85 | 2083 | 177055 | 35411 | 212466 | 36119 | 248585 | 248585 | 183564<br>5945-<br>02.05.17 | 65021 |
| പി) | -ടി- | -ടി- | (1/1367/<br>17/236) | 85 | 2083 | 177055 | 35411 | 212466 | 36119 | 248585 | 248585 | 183564<br>5946-<br>02.05.17 | 65021 |
| ക്യൂ) | -ടി- | -ടി- | (1/1368/<br>17/237) | 85 | 740 | 62900 | 12580 | 75480 | 12832 | 88312 | 88312 | 34780<br>5947-<br>02.05.17 | 53532 |
| ആർ) | -ടി- | -ടി- | (1/1369/<br>17/238) | 85 | 97.92 | 8323 | 1665 | 9988 | 1698 | 11686 | 11686 | 4606<br>5948-<br>02.05.17 | 7080 |
| എസ്) | -ടി- | -ടി- | (1/1370/<br>17/239) | 85 | 307.98 | 26178 | 5236 | 31414 | 5340 | 36754 | 36754 | 14476<br>5949-<br>02.05.17 | 22278 |
| 2 | നവീൻ പവിത്രൻ | റിസോർട്ട് | (1/1301/ | 85 | 300 | 25500 | * | 34425 | 5852 | 40277 | 40277 | 39546 | 731 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | അശോകം ബീച്ച് റിസോർട്ട്, പയ്യാമ്പലം | | 17/173) | | | | 8925 | | | | | 11020-05.02.18 | |
| 3 | നവ്യ ജയപാൽ അറേബ്യൻ ബീച്ച് റിസോട്ട് | റിസോട്ട് | (1/1129/ 17/299) | 85 | 98 | 8330 | 1666 | 9996 | 1700 | 11696 | 11696 | 77 41671-15.02.18 | 11619 |
| 4 | ജിജു മൊട്ടമ്മൽ | -ടി- | (55/1329/ 17/39) | 85 | 36 | 3060 | 612 | 3672 | 624 | 4296 | 4296 | 11 31472 04.01.18 | 4285 |
| 5 | കണിയാങ്കണ്ടി സുകമാരൻ മർമര ബീച്ച് റിസോർട്ട് | -ടി- | (1/258/ 17/304) | 85 | 117 | 9945 | 1989 | 11934 | 2029 | 13963 | 13963 | 82 41423-15.02.18 | 13881 |
| | | | | | | | | | | ആകെ | 1148405 | 683983 | 464422 |

*വഴി സൗകര്യം – 20%

തറ നിർമ്മാണം – 15%

ആകെ 35%

കറവ് വന്ന 4,64,422 രൂപ പട്ടികയിൽ പറഞ്ഞ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റിസോർട്ടുകളുടെയും യഥാർത്ഥ അസസ്സ് മെന്റ് നടത്തി യോഗ്യമായ നിരക്കിൽ വസ്തു നികുതി ചുമത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) കെട്ടിടങ്ങളുടെ യഥാർത്ഥ തറവിസ്തീർണ്ണത്തിന്മേൽ നികുതി നിർണ്ണയിക്കാത്തതിനാൽ 1,10,621 രൂപ വരുമാന നഷ്ടം

2017 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കണ്ണൂർ കോർപ്പറേഷനിലെ കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി നിരക്ക് ഉൾ പ്പെടുത്തിക്കൊണ്ട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. യഥാർത്ഥ തറവിസ്തീർണ്ണം രേഖപ്പെടുത്തി അതിനനുസൃതമായ നിരക്ക് കണക്കാക്കി വസ്തു നികുതി നിർണ്ണയിക്കാത്തതിനാൽ നഗരസഭയ്ക്ക് ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ വിവരം | കെട്ടിടത്തിന്റെ തരം വാർഡ്/ കെട്ടിട നമ്പർ | യഥാർത്ഥ തറവിസ്തീർണ്ണം (ച.മീ) | ബാധകമായ നിരക്ക് | അടിസ്ഥാന വസ്തു നികുതി | 20 % വർദ്ധനവ് ഉൾ പ്പെടെ നികുതി | ഈടാക്കിയ ഉപനികുതികൾ | | | 2017-18 വർഷത്തിൽ ഈടാക്കേണ്ട നികുതി | 2017-18 വർഷത്തിൽ ഈടാക്കിയ വസ്തു നികുതി/ രസീതി നം. | .2017-18 ൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | സേവന നികുതി | ലൈബ്രറി സെസ്സ് | സെസ്സ് | | | |
| 1 | 2 | 3 | 4 | 5 | 6(4x 5) | 7(6+ 20/100) | 8(7 x 10/100) | 9(7 x 10) 5/100 | 10(7 x 2/100) | 11(7+8 +9+ 10) | 12 | 13 (11-12) |
| 1 | സി.രവീന്ദ്ര നാഥ്, പ്രേമസുധ, സുനിത, മറ്റുള്ളവർ, | പാർപ്പിടാവശ്യം (17/252 1/1344) | 559.3 | 12 | 6712 | *8054 | 805 | 403 | 161 | 9,423 | 457 5950-02.05.17 | 8966 |
| 2 | 'റെഡ് സൺ' പയ്യാമ്പലം | ശിവോഹം സെന്റർ | 248.25 | 70 | 17378 | 20854 | 2085 | 1043 | 417 | 24,399 | 305 | 24094 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ബീച്ച് റോഡ്, പള്ളിയാംമൂല | (17/220 1/1351) | | | | | | | | | 5930-02.05.17 | |
| 3 | -ടി- | കോർപറേറ്റ് ഓഫീസ് (17/221 1/1352) | 227.12 | 70 | 15898 | 19078 | 1908 | 954 | 382 | 22,322 | 51 5931-02.05.17 | 22271 |
| 4 | -ടി- | ഓഫീസ് (17/222 1/353) | 202.34 | 70 | 14164 | 16997 | 1700 | 850 | 340 | 19,887 | 72 5932-02.05.17 | 19815 |
| 5 | -ടി) | ശിവോഹം സെന്റർ (17/223 1/1354) | 30.8 | 70 | 2156 | 2587 | 259 | 129 | 52 | 3,027 | 18 5933-02.05.17 | 3009 |
| 6 | -ടി) | ശിവോഹം സെന്റർ (17/224 1/1355) | 85.56 | 70 | 5989 | 7187 | 719 | 359 | 144 | 8,409 | 11 5934-02.05.17 | 8398 |
| 7 | 'റെഡ് സൺ' പയ്യാമ്പലം ബീച്ച് റോഡ്, പള്ളിയാംമൂല | ശിവോഹം സെന്റർ (17/225 1/1355) | 245.16 | 70 | 17161 | 20593 | 2059 | 1030 | 412 | 24,094 | 26 5935-02.05.17 | 24068 |
| | | | | | | | | ആകെ | | 1,11,561 | 940 | 1,10621 |

*വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്.

വസ്തു നികുതി ഈടാക്കുന്നതിൽ കുറവ് വന്ന 1,10,621 രൂപ പട്ടികയിൽ രേഖപ്പെടുത്തിയ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ AE.33/2017-18/CM2/KNM-KSA തിയതി.02.11.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതി പരിഷ്കരണത്തിന് 01.04.2016 മുതൽ പ്രാബല്യമുള്ളതിനാൽ മേൽ പറഞ്ഞ റിസോർട്ടുകളുടെയും, കെട്ടിടങ്ങളുടെയും വസ്തുനികുതി 2016-17 വർഷത്തിൽ കൂടി കണക്കാക്കി കുടിശ്ശിക പിഴ പലിശയോടുകൂടി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളെയും കണ്ടെത്തി അവയുടെ വസ്തു നികുതി യഥാവിധി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

റിസോർട്ടുകളിൽ നിന്നും ഈടാക്കുന്നതിൽ കുറവ് വന്ന 4,64,422 രൂപയും കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം കണക്കാക്കി നികുതി ഈടാക്കിയതിൽ കുറവ് വന്ന 1,10,621 രൂപയും അടക്കം 5,75,043 രൂപ ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ - നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് 1,48,645/- രൂപ നഷ്ടം.

| ഫയൽ നമ്പർ | R4/27527/16 |
|---|---|

അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നികുതി ചുമത്തുമ്പോൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പനുസരിച്ച് നികുതി നിർണ്ണയത്തിൽ മാറ്റം വരുത്തുന്നതായി കാണുന്നില്ല. ഈ വകുപ്പ് പ്രകാരം അനധികൃത നിർമ്മാണങ്ങൾക്ക് അത് നിയമാനുസൃതം നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണ്.

കണ്ണൂർ നഗരസഭയിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പ്രസ്തുത കെട്ടിടം അനധികൃത നിർമ്മാണമായി നിന്നിരുന്ന കാലത്തേക്ക് മേൽ പറഞ്ഞ രീതിയിൽ നികുതി ചുമത്താതെ അത്തരം കെട്ടിടങ്ങൾ നിയമാനുസൃതം നിർമ്മിച്ചതായി കണക്കാക്കി സാധാരണ നികുതി മാത്രമാണ് ചുമത്തിവരുന്നത്. ഇപ്രകാരം നികുതി ചുമത്തുന്നതിനാൽ നിയമാനുസൃതമായി നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി നഷ്ടപ്പെടുന്നതായി കാണുന്നു.

കണ്ണൂർ നഗരസഭയിലെ 35-ാം വാർഡിലെ ശ്രീ.പ്രഫുൽ ധ്രുവ്, ചെയർമാൻ, ഗുജറാത്തി മഹാജൻ അസോസിയേഷൻ ബോർഡ് ഓഫ് ട്രസ്റ്റിയുടെ ഉടമസ്ഥതയിലുള്ള 35/3038 നമ്പർ കെട്ടിടം അനധികൃതമായി നിർമ്മിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടി കെട്ടിടത്തിന് അനധികൃത നിർമ്മാണ നമ്പർ നൽകി 31.10.2017 ന് ക്രമവൽക്കരിച്ചിട്ടുണ്ട്. എന്നാൽ 242-ാം വകുപ്പ് അനുസരിച്ച് ടി കെട്ടിടത്തിന് നിയമാനുസൃത ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് ഫയൽ നം. | വാർഡ് കെട്ടിട നമ്പർ (പഴയത്/ പുതിയത്) | | അനധികൃത നിർമ്മാണം പൂർത്തിയായ അർദ്ധ വർഷം | ക്രമവൽകരിച്ച തീയതി / വർഷം/അസസ്മെന്റ് രജിസ്റ്റർ പേജ്/ക്രമ നമ്പർ | ചുമത്തേണ്ട നികുതി തറവിസ്തീർണ്ണം - 110M2 നികുതി നിരക്ക് @ 100/m2 അടിസ്ഥാന വസ്തു നികുതി =11,000 (ഇളവുകൾക്കും വർദ്ധന വുകൾക്കും വിധേയ മായി) | സഞ്ചയ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് | അട വാക്കിയ തുക വിവരം- രശീതി നമ്പർ &തീയതി | ബാക്കി/ കുറവ് | ിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | വാർഡ് നം | കെട്ടിട നം. UAC | | | | | | | |
| 1 | 2 | 3 | | 4 | 5 | 6 | 7 | 8 | 9 | |
| 1 | ട്രസ്റ്റി, കണ്ണൂർ ഗുജറാത്തി മഹാജൻ R4/27527/16 | 35<br>40<br>52<br>(ഷോപ്പിംഗ് കെട്ടിടം) | 3038<br>3180<br>5517 | 2013-14 | 31.10.2017<br>2017-18<br>UAC രജിസ്റ്റർ 18/29 | 2013-14<br>*14157X3= 42471<br>2014-15<br>14157X 3= 42471<br>2015-16<br>14157X 3= 42471<br>2016-17<br>14157X 3= 42471<br>2017-18<br>14157X 3= 42471 | 12742<br>12742<br>12742<br>12742<br>12742 | 12742/-<br>24058<br>12.10.17<br>12742/-<br>24058<br>12.10.17<br>12742/-<br>24058<br>12.10.17<br>12742/-<br>24058<br>12.10.17<br>12742/-<br>54478<br>26.02.2018 | 29729<br>29729<br>29729<br>29729<br>29729 | *അടിസ്ഥാന വസ്തു നികുതി=<br>110 X 100 =11000<br>20% ഇളവ് = (-)2200<br>30% വർദ്ധനവ് =(+)3300<br>വാർഷിക വസ്തു നികുതി=<br>12100<br>LC5%= 605<br>SC10%= 1210<br>Cess2%=242<br>ആകെ വാർഷിക വസ്തുനികുതി=14157 |
| | | | | | ആകെ | 212355 | | 63710 | 148645 | |

മേൽ നിയമം പാലിക്കാതെ നികുതി ചുമത്തിയതിനാൽ നഗരസഭയ്ക്ക് ഈ ഇനത്തിൽ 1,48,645 രൂപ നഷ്ടം ഉണ്ടായതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ AE.35/2017-18/CM2/KNM-KSA.തിയതി.05.11.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

2016-17 വർഷത്തിൽ അനധികൃത നിർമ്മാണമായി അസസ്സ് ചെയ്തതും നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതുമായ ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി അവയിൽ നിന്നും നിയമാനുസൃതം ഫീസ് ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ

1)ആശുപത്രികളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല-

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447(1) പ്രകാരം കണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിൽ ലൈസൻസിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കായുള്ള ഉടമ്പടിയുടെ വ്യവസ്ഥകൾ ഉൾ പ്പെടുത്തിക്കൊണ്ട് 26.01.1999 ൽ ഉണ്ടാക്കിയ വിജ്ഞാപനത്തിലെ ഖണ്ഡിക 94(1) പ്രകാരം ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ എന്നിവയിലെ ആകെ കിടക്കകളുടെ അടിസ്ഥാനത്തിൽ കിടക്കയൊന്നിന് 25 രൂപ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. എന്നാൽ കണ്ണൂർ നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന ചില ആശുപത്രികളിൽ നിന്നും മേൽ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല.

ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് വിവരം | പ്രവർത്തിക്കുന്ന സ്ഥാപനം | വാർഡ് /കെട്ടിട നമ്പർ | ഡിമാൻഡ് രജിസ്റ്ററിലെ പേജ് നമ്പർ/ ക്രമ നമ്പർ |
|---|---|---|---|---|
| 1 | ഡോ.രാജൻ തോമസ്, താളിക്കാവ് | നഴ്സിംഗ് ഹോം | TV36/109 | 54/1 |
| 2 | ശ്രീമതി എസ് അമൃത അരവിന്ദ്, 'ഇന്ദീവരം', കണ്ണൂർ | ആയൂർവേദ ആശുപത്രി | 37/192A | 60/3 |
| 3 | ഡോ.ഒ.കെ.നാരായണൻ, പള്ളിപ്പൊയിൽ,മൗവ്വഞ്ചേരി | ആയുർവേദഹോസ്പിറ്റൽ, ചേലോറ സോണൽ | 7/454 A | 52/13 |

കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ ആശുപത്രികളിലേയും കിടക്കകളുടെ എണ്ണം കണക്കാക്കി മേൽ വിജ്ഞാപനത്തിൽ നിഷ്കർഷിച്ച നിരക്കിലുള്ള ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

2)ക്ലിനിക്കുകൾ, ലാബുകൾ, മറ്റു പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല.

നഗരസഭ പരിധിയിലെ അലോപ്പതി, ആയുർവേദ,ഹോമിയോ, യുനാനി, സിദ്ധ, തുടങ്ങിയ വിവിധ ആരോഗ്യ വിഭാഗങ്ങളിലെ ഡിസ്പെൻസറികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ, എക്സറേ യൂണിറ്റ്, ബ്ലഡ് ബാങ്ക് , സ്കാനിംഗ് സെന്റർ തുടങ്ങിയവയിൽ നിന്നും, കോർപ്പറേഷൻ പരിധിയിലെ ആശുപത്രികൾക്കുള്ളിൽ പ്രവർത്തിക്കുന്ന മേൽചൂണ്ടിക്കാണിച്ച ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വിജ്ഞാപനത്തിലെ ഖണ്ഡിക 94(2), 94(3),94(4),94(5),94(6) എന്നിവയിൽ പറഞ്ഞ പ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | സ്ഥാപനം | വാർഡ് നം./കെട്ടിട നമ്പർ |
|---|---|---|---|
| 1 | ഡോ.ശ്രീജിത്ത്,ചിറക്കൽ,കണ്ണൂർ | ക്ലിനിക്ക് | TK1/426 |
| 2 | ഡോ.സുരേഷ് ബാബു,പള്ളിക്കുന്ന് | ബോഡി സ്കാൻ | TPN/152,153,154 |
| 3 | ഡോ.ഹാരീസ് പ്രഭു , കണ്ണൂർ | ഡെന്റൽ ക്ലിനിക്ക് | TK1/453 A1,A2 |
| 4 | ഡോ.എസ്.വി.അൻസാരി,താവക്കര | എക്സറെ ,ക്ലിനിക്ക് | 37/947 A |
| 5 | ഡോ.സി.എം. ധനഞ്ജയൻ കക്കാട്, ധനലക്ഷ്മി ആശുപത്രി | ലാബ്, എക്സറേ , സ്കാനിംഗ് | KK6 , 383, 385B, 459 |
| 6 | ഭാസ്കരൻ.കെ, മാനേജിംഗ് പാർട്ട് ണർ കൊയിലിഹോസ്പിറ്റൽ,കണ്ണൂർ | ലാബ്, എക്സറേ,സ്കാനിംഗ് | VIII/425 |

മേൽ സ്ഥാപനങ്ങൾ(ആശുപത്രികളിലെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഒഴികെ) 1997 ലെ കേരള മുനിസിപ്പാലിറ്റി

(സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെങ്കിലും ഇത്തരം സ്ഥാപനങ്ങൾ വിജ്ഞാപന പ്രകാരമുള്ള ലൈസൻസ് ഫീ ഒടുക്കുന്നില്ല.

3)അപേക്ഷകളിൽ അന്വേഷണം നടത്തുന്നില്ല.

10.01.2013 ലെ 66562/RC3/12 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് പുതുക്കുന്നതിലേക്കായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി അതു സംബന്ധിച്ച വിവരം പേഴ്സണൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അതേ തുടർന്ന് സാനിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്നും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭയിൽ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളിന്മേൽ ഇത്തരത്തിൽ അന്വേഷണം നടത്തിയതായി അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഉദാഹരണം ചുവടെകൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് വിവരം | സ്ഥാപനത്തിന്റെ തരം | അപേക്ഷ നമ്പർ/ തീയതി |
|---|---|---|---|
| 1 | വത്സരാജ്.എൻ, കാഞ്ഞിലേരി,കണ്ണൂർ | ഡയഗ്നോസ്റ്റിക് സെന്റർ | എച്ച്2/8676 /10.03.2017 |
| 2 | സി.കെ.ആശാലത,പയ്യാമ്പലം | ഹോട്ടൽ | എച്ച്2/17194 /06.06.2017 |

4)ട്രേഡേഴ്സ് ലിസ്റ്റ്/ സ്ഥാപന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല .

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ, കോളേജുകൾ, ലോഡ്ജുകൾ, റസ്റ്റാറന്റുകൾ മുതലായവയുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ്/സ്ഥാപന രജിസ്റ്ററുകൾ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഇത്തരം ലിസ്റ്റിന്റെയും രജിസ്റ്ററിന്റെയും അടിസ്ഥാനത്തിൽ ലൈസൻസ് ഇനത്തിൽ തൻവർഷം ലഭിക്കേണ്ട ആകെ തുകയുടെ ഡിമാന്റ് വിവരം അടങ്ങിയ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. മേൽ പറഞ്ഞ വിവിധ സ്ഥാപനങ്ങളുടെ ലിസ്റ്റ്/രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ എണ്ണം ലഭ്യമല്ലെന്ന് മാത്രമല്ല ഇവ ലൈസൻസ് ഇല്ലാതെയാണോ പ്രവർത്തിക്കുന്നതെന്ന വിവരവും പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ലൈസൻസിനായി അപേക്ഷിക്കുന്നവരിൽ നിന്നും ഈടാക്കിയ തുകയുടെ വിവരം ചേർക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. വരവ് തന്നെ ഡിമാന്റായി കാണിക്കുന്ന രീതിയാണ് ഇവിടെ അവലംബിച്ചുവരുന്നത്. 2016-17 വർഷത്തിൽ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളും 2017-18 വർഷത്തിൽ ലൈസൻസ് പുതുക്കുന്നുണ്ടെന്നും, ലൈസൻസില്ലാതെ യാതൊരു സ്ഥാപനങ്ങളും നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്നും നഗരസഭാ അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.
ഇതു സംബന്ധിച്ച് 20-2-2020 ന് നൽകിയ AE-26/2017-18/CM2/KNM/KSA നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 നഗരസഭ കംഫർട്ട് സ്റ്റേഷൻ ലേലം-ലേല /ടെണ്ടർ നിബന്ധനകൾ പാലിക്കുന്നില്ല – അടവാക്കാൻ ബാക്കിവന്ന 1,01,764/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്.

കണ്ണൂർ നഗരസഭയുടെ ലേല/ടെണ്ടർ നിബന്ധനകളിലെ ഖണ്ഡിക.10 പ്രകാരം ലേല/ടെണ്ടർ താൽക്കാലികമായി സ്ഥിരപ്പെടുത്തിയ ഉടനെ കൂടുതൽ സംഖ്യ വിളിച്ച/ക്വാട്ട് ചെയ്ത വ്യക്തി ലേല/ടെണ്ടർ സംഖ്യയുടെ പകുതി തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതും ബാക്കി തുക മെയ് മാസം മുതൽ 6 തുല്യ ഗഡുക്കളായി അടക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലേല തുകയുടെ പകുതി കഴിച്ച് ബാക്കി വരുന്ന സംഖ്യ ഗഡുക്കളായി ഓരോ മാസത്തിലും 15-ാം തീയതിക്കുമുമ്പായി മുനിസിപ്പാലിറ്റിയിൽ അടച്ച് രശീതി വാങ്ങേണ്ടതാണെന്ന് ഖണ്ഡിക 14-ലും വ്യക്തമാക്കുന്നുണ്ട്. അവധി തെറ്റിക്കുന്ന ഗഡുക്കൾക്ക് വീഴ്ച വരുത്തിയ തീയതി മുതൽ പണമടക്കുന്ന തീയതിവരെയുള്ള കാലത്തേക്ക് പ്രതിമാസം മുനിസിപ്പൽ ആക്ടിലെ ബന്ധപ്പെട്ട വകുപ്പ് പ്രകാരമുള്ള പിഴ വസൂൽ ചെയ്യേണ്ടതാണെന്നും ഖണ്ഡിക-15 ൽ നിഷ്കർഷിക്കുന്നുണ്ട്.

04.03.2017 നം തുടർന്ന് 18.03.2017 & 24.03.2017 എന്നീ തീയ്യതികളിൽ നടത്തിയ പുനർ ലേലത്തിലും നഗരസഭ കംഫർട്ട് സ്റ്റേഷന്റെ ലേലത്തിന്റെ ഏറ്റവും ഉയർന്ന തുക വിളിച്ച ശ്രീ.എൻ.അഷറഫിന് (`2,46,000) CR.No.25 തീയതി.29.03.2017 നമ്പർ തീരുമാനം പ്രകാരം ടിയാന് കരാർ നൽകുകയും തുടർന്ന് ടിയാൻ 95,000 രൂപ ഇതിലേക്ക്

അടവാക്കുകയുമുണ്ടായി. (10000 നിരതദ്രവ്യം + 85000)-ലേലംകൊണ്ട തുകയിൽ നിന്നും അടച്ച തുക കിഴിച്ചാൽ ബാക്കിവരുന്ന 1,51,000 രൂപ, 25,167 രൂപ വീതം 6 തുല്യ ഗഡുക്കളായി അടവാക്കേണ്ടതുണ്ട്. അടവാക്കാൻ ബാക്കിവന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ലേലം ചെയ്ത വസ്തു | ലേലം കൊണ്ട വ്യക്തിയുടെ പേര് വിവരം | 2017-18 ൽ ലേലം കൊണ്ട തുക | നാളിതുവരെ അടവാക്കിയത് (ലേലംരജിസ്റ്റർ പ്രകാരം പേജ് 120) | | 31.03.2018 ൽ അടവാക്കാൻ ബാക്കി (ലേലംരജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|
| നഗരസഭ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | എൻ.അഷറഫ് സഹാന മൻസിൽ, കോഴിക്കോട് | 2,46,000 | 10000 | EMD തീയതി. 06.03.2017 | 101764 |
| | | | 85000 | 390104712 തീയതി.6.3.2017 | |
| | | | 49236 | 390105185 തീയതി. 15.02.2018 | |
| | ആകെ | 2,46,000 | 1,44,236 | | 1,01,764 |

2017-18 വർഷത്തിൽ ലേലംകൊണ്ട തുക മുഴുവനായും ആയത് വർഷത്തിൽത്തന്നെ ലേല/ടെണ്ടർ നിബന്ധനകൾക്കനുസൃതമായി അടവാക്കിയിട്ടില്ലെന്ന് ബന്ധപ്പെട്ട ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. വിശദവിവരം ലഭ്യമാക്കുന്നതിനായി നൽകിയ AE.27/2017-18/CM2/KNM-KSA തിയതി.25.09.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും പ്രതികരണമുണ്ടായില്ല.

ഇതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ മറ്റ് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)ലേലംകൊണ്ട വ്യക്തിയിൽ നിന്നും ലേലംകൊണ്ട തുകയുടെ പകുതി തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്ന് ഇരിക്കെ ആയതിന് സമാനമായ തുക ടിയാനിൽ നിന്നും ഈടാക്കിയിട്ടില്ല.

2)മെയ് മുതൽ 6 തുല്യ ഗഡുക്കളായി അടവാക്കണമെന്ന് നിബന്ധനയുള്ളപ്പോൾ ടിയാനിൽ നിന്നും അത്തരത്തിൽ മാസ ഗഡുക്കൾ ഈടാക്കുന്നില്ല, ഇതുമായി ബന്ധപ്പെട്ട് ടിയാന് നോട്ടീസ് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

അടവാക്കാൻ ബാക്കിവന്ന 1,01,764/- രൂപ പലിശ സഹിതം ലേലംകൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. ഇല്ലാത്തപക്ഷം ഉത്തരവാദിയായ നഗരസഭ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ലൈബ്രറി സെസ്സ് - പിരിച്ചെടുത്ത തുക ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് യഥാസമയം അടവാക്കിയിട്ടില്ല.

ഫയൽ നമ്പർ-എ1-2250/88

ലൈബ്രറി സെസ്സ്

The Kerala Decentralisation of powers act 2000 (Act 16 of 2000) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക മൂന്ന മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിന് ഒടുക്കേണ്ടതാണ്. (സർക്കുലർ നമ്പർ.15477/സി3/95/തസ്വഭവ സർക്കുലർ കാണുക) ഇതിൽ വീഴ്ചവരുത്തുന്നപക്ഷം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സെക്രട്ടറി അത്തരത്തിലുള്ള വൈകലിന് ഉത്തരവാദിയായിരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കണ്ണൂർ കോർപ്പറേഷനിൽ ലൈബ്രറി സെസ്സ് ഇനത്തിൽ 2017-18 ൽ പിരിച്ചെടുത്ത 54.09 ലക്ഷം രൂപ യഥാസമയം അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| മുൻവർഷം ലൈബ്രറി കൗൺസിൽ അടവാക്കാൻ ബാക്കിയുള്ള തുക | 2017-18 വർഷത്തിൽ പിരിച്ചെടുത്തത് | ആകെ തുക | 2017-18 വർഷത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അടവാക്കിയത് | 31.03.2018 ന് അടവാക്കാൻ ബാക്കിയുള്ള ലൈബ്രറി സെസ്സ് |
|---|---|---|---|---|
| 1,43,09,664.40 | 87,45,092 | 2,30,54,756 | 1)50,00,000<br>(Rt.16657/27.11.12)<br>2)1,26,45,000<br>(Rt20185/13.03.15)<br>ആകെ 1,76,45,000 | 54,09,756.40 |

പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിന് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-19 സേവന ഉപനികുതി നിഷ്കർഷിച്ച നിരക്കിൽ ഈടാക്കുന്നില്ല. നഗരസഭയ്ക്ക് വരുമാന നഷ്ടം

കണ്ണൂർ നഗരസഭയും സമീപസ്ഥലങ്ങളായ 5 ഗ്രാമപഞ്ചായത്തുകളും സംയോജിപ്പിച്ച് 01.11.2015 നാണ് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ നിലവിൽ വന്നത്. കോർപ്പറേഷൻ പരിധിയിലെ മുഴുവൻ പ്രദേശത്തും ഏകീകൃത നികുതി നിരക്ക് ബാധകമാകുംവിധം 01.04.2016 മുതൽ മുൻകാല പ്രാബല്യത്തോടെ 14.03.2017-ലെ 35-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിക്കുകയും 27.04.2017 ന് ഡെപ്യൂട്ടി സെക്രട്ടറി വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ (അദ്ധ്യായം XIV നികുതി ചുമത്തലും ധനകാര്യവും)വകുപ്പ് 230(4) പ്രകാരം മുനിസിപ്പാലിറ്റിക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക്, ഡ്രെയിനേജ് എന്നിവയ്ക്ക് പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെട്ട നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ചുമത്താവുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കണ്ണൂർ കോർപ്പറേഷനിൽ വസ്തു നികുതിയിന്മേൽ 10 ശതമാനം (ശുചിത്വ പരിപാലനം 4%, ജലവിതരണം3%, തെരുവ് വിളക്ക് 2% , ഡ്രെയിനേജ് 1% ആകെ 10% ) സേവന ഉപനികുതി ചുമത്തിവരുന്നുണ്ട്.

മറ്റു സോണൽ ഓഫീസുകളുടെ പരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്നും യഥാവിധി സേവന ഉപനികുതി പിരിച്ചെടുക്കുന്നുണ്ടെങ്കിലും എളയാവൂർ സോണൽ പരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്നും (വകുപ്പ് 235 പ്രകാരം ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ ഒഴികെയുള്ളവ)പിരിച്ചെടുക്കുന്ന വസ്തുനികുതിയുടെ മേൽ നിഷ്കർഷിച്ച പ്രകാരം സേവന ഉപനികുതി പിരിച്ചെടുക്കുന്നില്ല. 2017-18 വർഷത്തിൽ എളയാവൂർ സോണൽ ഓഫീസ് മുഖേന 53,65,926 രൂപയാണ് തൻവർഷത്തേതായി പിരിച്ചെടുത്തത്. ആയതിന്റെ 10 ശതമാനമായ 5,36,593 രൂപയാണ് സേവന ഉപനികുതിയായി

പിരിച്ചെടുക്കേണ്ടിയിരുന്നത്. എന്നാൽ സർവ്വീസ് സെസ്സ് ഇനത്തിൽ 1,65,528 രൂപയാണ് പിരിച്ചെടുത്തത്. ആയതു പ്രകാരം 3,71,065 രൂപയുടെ കുറവ് ഈ ഇനത്തിൽ വന്നതായി കാണുന്നു. (5,36,593- 1,65,528) സേവന ഉപനികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ AE.34/2017-18/CM2/KNM-KSA തിയതി.02.11.2020 ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-20 പൂവർ ഹോംസെസ്സ് ഇനത്തിൽ ജില്ലാ അഭയനികേതന് കൈമാറിയ 51,87,000 രൂപയുടെ ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടില്ല.-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ.എ1/937/88

കണ്ണൂർ കോർപ്പറേഷനിൽ എടക്കാട് സോണൽ പരിധിയിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലാ അഭയനികേതന് പൂവർ ഹോം സെസ്സ് ഇനത്തിൽ താഴെ പറയുന്ന തുകകൾ 2017-18 ൽ നൽകിയിട്ടുണ്ട്.

കണ്ണൂർ കോർപ്പറേഷന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ജില്ല അഭയനികേതൻ എന്ന സ്ഥാപനത്തെ GO(MS)537/Home/ Dated.23-10-1962 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വർക്ക് ഹൗസ് ആന്റ് സ്പെഷ്യൽ ഹോം എന്ന ഇനത്തിൽ ഉൾപ്പെടുത്തിയുള്ളതിനാൽ കണ്ണൂർ നഗരസഭ വസ്തു നികുതിയോടൊന്നിച്ച് നികുതിദായകരിൽ നിന്നും പിരിച്ചെടുക്കുന്ന പൂവർഹോം സെസ്സ് (ഇത് വസ്തു നികുതിയുടെ 2 ശതമാനമാണ്) പ്രസ്തുത സ്ഥാപനത്തിന് നൽകുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മുൻവർഷം ഒടുക്കുവാൻ ബാക്കി | 2017-18 വർഷത്തിൽ പിരിച്ചെടുത്ത തുക | ആകെ തുക | 2017-18 വർഷത്തിൽ നൽകിയ തുക | 31.03.2018 വരെ അഭയ നികേതന് അടവാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 56,82968.29 | 33,07,764 | 89,90,732.29 | 1)1000000 (വൗച്ചർ നം.1453/8/17) 2)2000000 (വൗച്ചർ നം.2546/12/17) 3)21,87,000 (വൗച്ചർ നം.3309/3/18) ആകെ - 51,87,000 | 38,03,732.29 |

ഈ തുക കൈപ്പറ്റിയതായി വ്യക്തമാക്കുന്ന അഭയനികേതൻ അധികൃതരുടെ ഔദ്യോഗിക രശീതി പരിശോധനയ്ക്ക് ലഭ്യമാക്കാൻ AE-30/2017-18/CM4/KNM/KSA തീയതി. 05.10.2020. നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും അത് ലഭ്യമാക്കിയില്ല. അതിനാൽ ചെലവഴിച്ച 51,87,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 കണ്ണൂർ നഗരസഭ വനിത ഹോസ്റ്റൽ നടത്തിപ്പ് അപാകങ്ങൾ

| ഫയൽ നമ്പർ | 28976/18 |
|---|---|

നഗരസഭയുടെ അധീനതയിൽ താവക്കരയിൽ പ്രവർത്തിക്കുന്ന വനിത ഹോസ്റ്റൽ 2014 മുതൽ നടത്തിപ്പിനായി അന്നിസാഹ് ചാരിറ്റബിൾ ട്രസ്റ്റ് (സി.എച്ച്.മുഹമ്മദ് കോയ സ്മാരകം) (രജിസ്റ്റർ നം.81/09( എന്ന സ്ഥാപനത്തിന് ടെണ്ടർ/ലേല പ്രകാരം പ്രതിമാസം 50001രൂപ + 15% സേവന നികുതി ചുമത്തി നൽകിയിട്ടുണ്ട്. മൂന്നു വർഷത്തേക്കാണ് ഇപ്രകാരം നൽകിയിരുന്നത്. ലൈസൻസ് കാലാവധി കഴിഞ്ഞതിനെ തുടർന്ന് 2017 ൽ ട്രസ്റ്റ് ലൈസൻസ് പുതുക്കാൻ നഗരസഭയ്ക്ക് അപേക്ഷ നൽകിയിരുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1)2014 ൽ ലേല നിബന്ധനകൾ പാലിച്ച് ലൈസൻസ് നൽകിയത് സി.എച്ച്.മുഹമ്മദ് കോയ അന്നിസാഹ് ചാരിറ്റബിൾ സൊസൈറ്റി പൊഇവാച്ചേരി എന്ന സ്ഥാപനത്തിനാണ്. എന്നാൽ 2017 ൽ അപേക്ഷ നൽകിയിരിക്കുന്നത് സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ അന്നിസാഹ് ചാരിറ്റബിൾ സൊസൈറ്റി കണ്ണൂർ എന്ന സ്ഥാപനമാണ്. ട്രസ്റ്റിന്റെ പ്രവർത്തന ഓഫീസ് മാറിയതിന്റെയും ടി വിവരം നഗരസഭയെ അറിയിച്ചതിന്റെയും വിവരം ലഭ്യമല്ല.

2)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29/22.04.17 തീരുമാന പ്രകാരം ലൈസൻസ് ഫീസിൽ 15% വർധനവ് വരുത്തി 3 വർഷത്തേക്ക് ലൈസൻസ് നൽകാൻ കൗൺസിലിലേക്ക് ശുപാർശ ചെയ്തിരുന്നു. എന്നാൽ കൗൺസിലിന്റെ 3/03.08.17 ലെ തീരുമാന പ്രകാരം ലൈസൻസ് ഫീ വർദ്ധനവ് 15ശതമാനം എന്നത് 10ശതമാനമായി ചുരുക്കിയതായി കാണുന്നു. നഗരസഭക്ക് ഈയിനത്തിൽ ലഭിക്കേണ്ട വരുമാന വർധന കൗൺസിൽ തീരുമാന പ്രകാരം കുറഞ്ഞതായി കാണുന്നു. അപേക്ഷകയുടെ പരാതിപോലുംമില്ലാതെ കൗൺസിൽ ലൈസൻസ് ഫീ വർധന നിരക്ക് കുറക്കാനിടയായത് വഴി 01.06.14 to 31.05.17, 3 വർഷം 36 മാസം = 36 x 2500 = 90,000 രൂപ കുറയാൻ കാരണമായി.

3)മെസ് ചാർജ് 800/1000 എന്നത് വർധിപ്പിക്കാനുള്ള അപേക്ഷകൾക്ക് കൗൺസിൽ അനുമതി നൽകിയതിന്റെയും സ്ഥാപനത്തിന്റെ പ്രതിമാസ വരുമാന കണക്കുകൾ നഗരസഭ പരിശോധിച്ചതിന്റെയും റിപ്പോർട്ട് ലഭ്യമല്ല.

4)നഗരസഭ ഈ സ്ഥാപനത്തിന്റെ ഫർണിച്ചർ, റിപ്പയർ, പരിപാലനം തുടങ്ങിയവയ്ക്കായി ഓഡിറ്റ് കാലയളവിൽ തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമല്ല. ഇതു സംബന്ധിച്ച് 07.10.2020 ന് AE-31/2017-18/AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും മറുപടിയൊന്നുംതന്നെ ലഭ്യമാക്കുകയുണ്ടായില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു.

1-22 സെൻട്രൽ മാർക്കറ്റ് കെട്ടിടം - വിശദവിവരം ഹാജരാക്കിയില്ല.

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | R9 14292/17 |
| 2 | ഫയൽ നമ്പർ | R9 16924/08 |

സൂചന (2) ഫയൽ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ സെൻട്രൽ മാർക്കറ്റ് കെട്ടിടം ലേലം/ടെണ്ടർ നടപടികൾ സൂചന (1) പ്രകാരം നടത്തിവരികയുണ്ടായി.

ഫയൽ നോട്ട് പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 34 മുറികളും ഫസ്റ്റ് ഫ്ലോറിൽ 51 മുറികളുമായി ആകെ 85 മുറികളാണുള്ളത്. ഇതിൽ നിശ്ചിത ശതമാനം നിലവിൽ കാമ്പസാറിലെ പഴയ മാർക്കറ്റിൽ ജോലി ചെയ്യുന്നവർക്കും പട്ടികജാതി/വർഗത്തിൽപ്പെട്ടവർക്കുമായി നീക്കിവച്ചിട്ടുണ്ട്. പഴയ മാർക്കറ്റിൽ 50 കൈവശക്കാരും 11 ബങ്കുകളും ഉണ്ടെന്ന് ഫയലിൽ കാണുന്നു.

ബൈലോ അടക്കമുള്ള നടപടിക്രമങ്ങൾ പാലിച്ചും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 215-ാം വകുപ്പ് പ്രകാരമുള്ള നിയമങ്ങൾ അനുസരിച്ചും കടകൾ ലേലത്തിനു/ ടെണ്ടറിനു വയ്ക്കുകയുണ്ടായി.

28.12.2017 ന് നടന്ന ലേലത്തിൽ 35 മുറികളാണ് ലേലത്തിനു വച്ചത് . ഗ്രൗണ്ട് ഫ്ലോറിലുള്ള കേവലം 6 എണ്ണം മാത്രമാണ് ലേലത്തിൽ താൽക്കാലികമായി അംഗീകരിച്ചത്. പുനർ ലേലം 16.01.2018 ന് നടന്നതിൽ 3 എണ്ണം കൂടി താൽക്കാലികമായി ലേലം കൊടുക്കുകയുണ്ടായി. ഒരു തവണ കൂടി അവസരം നൽകുക എന്ന ഉദ്ദേശ്യത്തോടെ പത്രക്കുറിപ്പ് പ്രകാരം നോട്ടീസ് നൽകി 29.02.18 ൽ പുനർ ലേലം നടത്തിയെങ്കിലും ഒരാൾ പോലും ലേലത്തിൽ ഹാജരാകുകയുണ്ടായില്ല എന്ന് കാണുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ ഫയലിൽ ലഭ്യമായില്ല.

1. സെൻട്രൽ മാർക്കറ്റ് കെട്ടിടം പണി പൂർത്തിയാക്കാൻ എടുത്ത കാലയളവ്.
2. കെട്ടിടത്തിന്റെ നിലകളുടെ എണ്ണം, ഓരോ നിലയിലും വാടകക്ക് കൊടുക്കാവുന്ന മുറികളുടെ എണ്ണം
3. കെട്ടിട നിർമാണത്തിന് ആകെ ചെലവഴിച്ച തുക, തുക സമാഹരിച്ച മാർഗ്ഗം, ലോൺ തുക, ഏജൻസി, തിരിച്ചടച്ച തുക വിവരം.
4. 2017-18 അവസാനിക്കുമ്പോൾ കേവലം 9 പേരാണ് ലേലം കൊണ്ടത്. അവർ അന്തിമമായി കരാർ ഒപ്പിട്ട് സ്ഥാപനം പ്രവർത്തിക്കുന്നതിന്റെ വിവരം.
5. പഴയ മാർക്കറ്റിൽ 50 കൈവശക്കാർ ഉണ്ടെന്ന് ഫയലിൽ പറയുകയും അതിൽ നിന്ന് മഹാഭൂരിപക്ഷവും ലേലത്തിൽ പങ്കെടുത്തില്ല എന്ന് വ്യക്തമാവുകയും ചെയ്തിരിക്കെ, പുതിയ സെൻട്രൽ മാർക്കറ്റ് ഉദ്ഘാടനം ചെയ്തിട്ടും പഴയ ലൈസൻസികൾക്ക് ഉദ്ഘാടനത്തിന് മുമ്പുള്ള അവരുടെ അവസരം തുടരാൻ അനധികൃതമായി സാധിക്കുന്നുണ്ടോ എന്നതിന്റ വിവരം.

മേൽ കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണത്തിനായി 01.12.2020 ന് AE-40/17--18/AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും യാതൊരുവിധ പ്രതികരണവും ഉണ്ടായിട്ടില്ല. കോടികൾ ചെലവഴിച്ച് പണിത കെട്ടിടം കൊണ്ട് നഗരസഭക്ക് വാടകയിനത്തിൽ നല്ല തുക ലഭിച്ച് തനതു വരുമാനത്തിൽ ഗണ്യമായ നേട്ടം ഉണ്ടാക്കാമെന്നിരിക്കെ സെൻട്രൽ മാർക്കറ്റ് കെട്ടിടം ഓഡിറ്റ് കാലയളവിൽ ലേലത്തിന് നൽകാത്തതിലേക്ക് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 നഗരസഭയുടെ അനുമതിയില്ലാതെ പയ്യാമ്പലം പാർക്കിൽ അമ്യൂസ് മെന്റ് പാർക്ക് – തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| ഫയൽ നമ്പർ | R10-22429/16 |

നഗരസഭ പരിധിയിലുള്ള പയ്യാമ്പലം പാർക്കിൽ നഗരസഭയുടെ അനുമതിയില്ലാതെ ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിൽ (DTPC) അമ്യൂസ് മെന്റ് പാർക്ക് പ്രവർത്തിക്കുന്നതിനെതിരെ നഗരസഭ സെക്രട്ടറി നോട്ടീസ് നൽകിയതിന്റെ മുറക്ക് 10.02.2017 മുതൽ പാർക്ക് പ്രവർത്തനം നിർത്തിവെക്കുകയുണ്ടായി.

സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, നഗരസഭയിൽ നിന്ന് വാങ്ങാതെയും, വിനോദ നികുതി നഗരസഭക്ക് ഒടുക്കാതെയും പാർക്ക് പ്രവർത്തിപ്പിച്ചതു കൂടാതെ ഡീ ആന്റ് ഒ ലൈസൻസ് ഇല്ലാതെ ഭക്ഷ്യ വിതരണ സ്റ്റാളുകൾ പ്രവർത്തിപ്പിക്കുക കൂടി ഡി.ടി.പി.സി ചെയ്തതായി 02.03.2017 ന്റെ നഗരസഭയുടെ അടിയന്തിര യോഗം കുറ്റപ്പെടുത്തിയതായി കാണുന്നു.

ഇത് സംബന്ധിച്ച് താഴെ പറയുന്ന പരാമർശങ്ങൾ വിശദീകരിക്കേണ്ടതിലേക്കായി നഗരസഭക്ക് 02.12.2020 ന് AE-44/17--18/AO/KNM/KSA നമ്പർ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.

1)പയ്യാമ്പലം ബീച്ച് നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭയും ഡി.ടി.പി.സിയും തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടായതിന്റെയും പ്രസ്തുത കരാർ ലംഘിക്കപ്പെടുന്നുവെങ്കിൽ ആയതിന്റെ വിശദീകരണവും ഡി.ടി.പി.സി ക്ക് പയ്യാമ്പലം പാർക്ക് നവീകരണത്തിനല്ലാതെ തുടർ നടത്തിപ്പിന് അനുമതി നൽകിയതിന്റെയും. മുനിസിപ്പാലിറ്റി ചട്ടങ്ങൾ ലംഘിച്ച് സ്റ്റാളുകൾ നടത്തിയതിനെതിരെ നഗരസഭ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നതിന്റെയും ഡി.ടി.പി.സി യുമായുള്ള പ്രശ്നങ്ങൾ പരിഹരിച്ചതിന്റെയും നഷ്ടപരിഹാരതുകയും ഫൈനും എങ്ങിനെ ഈടാക്കി എന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ 30.11.2020 ന് AE-43/17--18/AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി നൽകുകയോ ബന്ധപ്പെട്ട ഫയൽ ഹാജരാക്കുകയോ ചെയ്യുകയുണ്ടായില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 നഗരസഭയുടെ വരവ്-ചെലവുകൾ കൂട്ടിമുട്ടുന്നില്ല. കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കുന്നില്ല -കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധിയിൽ

2017-18 വാർഷിക ധനകാര്യപത്രിക പ്രകാരം തനത് ഫണ്ട് ഇനത്തിലെ വരവ് ചെലവ് വിവരം ചുവടെ കൊടുക്കും പ്രകാരമാണ്. (ഇൻകം ആന്റ് എക്സ്പെന്റീച്ചർ പ്രകാരമുള്ള വരുമാനം)

| | |
|---|---:|
| നികുതി വരുമാനം | 19,39,43,088 |
| നഷ്ട പരിഹാരം | 21,569 |
| വാടക | 2,51,60,603 |
| ഫീസ് ഫൈൻ | 4,29,54,972 |
| വിൽപ്പന ലേലം | 2,14,45,466 |
| നിക്ഷേപത്തിൽ നിന്നുള്ള വരുമാനം | 71,70,885 |
| പലിശ | 44,55,621 |
| മറ്റ് വരുമാനം | 9,80,591 |
| ആകെ | 29,61,32,795 |

| ചെലവ് | |
|---|---|
| എസ്റ്റാബ്ളിഷ് മെന്റ് ചെലവ് | 25,47,02,276 |
| ഭരണപരമായ ചെലവ് | 4,69,23,912 |
| കണ്ടിജന്റ് | 5,22,91,992 |
| ബാങ്ക് ചാർജ് | 3,01,012 |
| പദ്ധതി ചെലവ്(സുലേഖ സോഫ്റ്റ് വെയർ പ്രകാരം) | 2,69,13,504 |
| ആകെ | 38,11,32,696 |

മേൽ പട്ടിക പ്രകാരം 2017-18 വർഷത്തിൽ കോർപ്പറേഷൻ തനത് ഫണ്ട് വരുമാനത്തിൽ 29.6 കോടി വരവുണ്ടായപ്പോൾ 38.1 കോടി ചെലവ് വന്നതായി കാണാവുന്നതാണ്. ജനറൽ പർപ്പസ് ഗ്രാന്റിൽ വരവ് വന്ന 8,52,95,000 രൂപ വരവുള്ളതിനാൽ മാത്രമാണ് നഗരസഭയുടെ ദൈനംദിന ഭരണം മുന്നോട്ട് പോകുന്നത് എന്ന് കാണാവുന്നതാണ്. ഇത് അതിഗുരുതമായ വികസന പ്രതിസന്ധിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

തനത് വരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ നികുതി വികസിപ്പിക്കേണ്ടതും അതുവഴി നഗരസഭ സ്വയം പര്യാപ്തമാകേണ്ടതുമായ കാര്യങ്ങളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ചുവടെ കൊടുക്കുന്നു.

നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ :-

1)വസ്തു നികുതി -

നഗരസഭ പ്രദേശത്തുള്ള വാണിജ്യ വ്യവസായങ്ങൾക്കുള്ള കെട്ടിടങ്ങൾ, റിസോർട്ടുകൾ, അമ്യൂസ് മെന്റ് പാർക്ക്, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ, ആശുപത്രികൾ, അസംബ്ലി കെട്ടിടങ്ങൾ, കൺവെൻഷൻ സെന്ററുകൾ, ആഡിറ്റോറിയം, സിനിമാ തീയറ്റ് കല്യാണമണ്ഡപം , ലോഡ്ജുകൾ തുടങ്ങിയവയുടെ 10% മെങ്കിലും പ്രതിവർഷം നേരിട്ട് പരിശോധന നടത്തുകയും അത്തരം കെട്ടിടങ്ങളിൽ പെർമിറ്റ് സമയംഉണ്ടായതിൽ നിന്നും ഘടനാപരമായ മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല എന്ന് ബോധ്യംവരുത്തി പെർമിറ്റ് സമയത്തെ വിസ്തൃതി തന്നെയാണ് അസസ് മെന്റ് രജിസ്റ്ററിൽ നികുതി നിർണ്ണയിക്കുന്നതിനായി രേഖപ്പെടുത്തുന്നതെന്ന് ഉറപ്പുവരുത്തുക. അനുമതിയില്ലാതെ വിസ്തൃതിയിൽ വരുത്തി എന്ന് പരിശോധനയിൽ കാണുന്നമുറയ്ക്ക് അവയ്ക്ക് വിജ്ഞാപനപ്രകാരമുള്ള നിരക്കുകൾ നൽകുകയും ഉപയോഗക്രമമനുസരിച്ച് പട്ടികയിലെ യോഗ്യമായ കെട്ടിട വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുക, നഗരസഭയുടെ 5 സോണൽ ഓഫീസ് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളെ അവ നിർമ്മാണം പൂർത്തിയാക്കിയ തീയതി മുതൽ ക്രമവൽക്കരണ തീയതിവരെയുള്ള കാലയളവ് അനധികൃത കെട്ടിടങ്ങളായി മാത്രം കണക്കാക്കി ആ കാലയളവിലെ വസ്തു നികുതിയായി 1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 242 പ്രകാരം വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിവരുന്ന തുകയും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2)തൊഴിൽ നികുതി :-

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 നിഷ്കർഷിച്ച പ്രകാരം നഗരസഭ പ്രദേശത്ത് 60 ദിവസമോ, അതിൽ കൂടുതലോ തൊഴിലെടുക്കുകയോ, ബിസിനസ് നടത്തുകയോ, പൊതുവായോ, സ്വകാര്യമായോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ അത്തരം ആളുകളുടെ മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഇത്തരം ആളുകളോ സ്ഥാപനങ്ങളോ നഗരസഭാ പരിധിയിൽ താമസിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നത് പരിശോധിക്കുകയും ആരും തന്നെ നികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. വ്യാപാര സ്ഥാപനങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും മറ്റു വാണിജ്യ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം മുഴുവൻ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നുണ്ടെന്നും ആ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക. ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നവേളയിൽ വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെയും അത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്തുവരുന്നതും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരുമായ ജീവനക്കാരുടെയും തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

3)ഡി ആന്റ് ഒ ലൈസൻസ് :-

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര/വാണിജ്യ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയും അതിൻ പ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുതായി എടുക്കുകയോ

കൃത്യമായി ലൈസൻസ് പുതുക്കുകയോ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ലൈസൻസ് ഇല്ലാതെ നഗരസഭ പ്രദേശത്ത് യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനായി ഫലപ്രദമായ നടപടി സ്വീകരിക്കുക. യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ വാർഷിക പരിശോധന നടത്തി അത്തരം യന്ത്രങ്ങൾക്ക് ഫീസ് ഈടാക്കുന്നുണ്ടെന്നും പുതിയ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവയ്ക്കും ലൈസൻസ് ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിന് മുമ്പ് അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ വാണിജ്യ നിരക്കിൽ വസ്തു നികുതി കണക്കാക്കി ഈടാക്കിവരുന്ന ഗണത്തിൽവരുന്നവയാണെന്ന് ഉറപ്പുവരുത്തുക. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ , തൊഴിൽ നികുതി, കെട്ടിടത്തിന്റെ വാണിജ്യ നിരക്കിലുള്ള വസ്തു നികുതി, ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങളാണെങ്കിൽ രജിസ്ട്രേഷൻ/പുതുക്കൽ ഫീസ് എന്നിവ ഒടുക്കിയെന്ന് പരിശോധിച്ചതിന് ശേഷം മാത്രം ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുകയാണെങ്കിൽ മേൽ പറഞ്ഞ മറ്റു തനത് വരുമാനങ്ങളുടെ ഒടുക്കു കൂടി ഉറപ്പുവരുത്താവുന്നതാണ്. വ്യാപാര/വാണിജ്യ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പാർപ്പിടാവശ്യങ്ങൾക്കുള്ള നിരക്കിൽ മാത്രമാണോ ഈടാക്കിവരുന്നത് എന്നു പരിശോധിക്കേണ്ടതും അങ്ങിനെയാണെങ്കിൽ അത്തരം പ്രവണത ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതുമാണ്. ഡി ആന്റ് ഒ ലൈസൻസ് പിരിവ് സംബന്ധിച്ച് നഗരസഭ പ്രസിദ്ധീകരിച്ച ബൈലോ/വിജ്ഞാപനം പ്രകാരമുള്ള നിരക്കിൽ തന്നെ അതത് സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. വാടക കരാർ പുതുക്കി നൽകാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

4)വാടക :-

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക യഥാസമയം പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കണ്ണൂർ മാർക്കറ്റിൽ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നൽകി അതിൽ നിന്ന് തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക. നഗരസഭയുടെ അധീനതയിലുള്ള മുഴുവൻ കെട്ടിടങ്ങളിലും വൈദ്യുതി ലഭ്യമാക്കി ആ കെട്ടിടങ്ങളിലെ മുഴുവൻ മുറികളും വാടകയ്ക്ക് നൽകി അതിൽ നിന്നും തനത് വരുമാനം വർദ്ധിപ്പേക്കണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ലേലം മുഖേനയുള്ള വരവ് :-

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ/സ്ഥാപനങ്ങൾ, ഫലവൃക്ഷങ്ങളിൽനിന്നുള്ള ആദായം എന്നിവയിൽ നിന്നും ലഭ്യമാകുന്ന ലേല തുക ലേലംകൊണ്ടയാൾ ലേല നിബന്ധനകൾ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. അടിസ്ഥാന ലേലതുക വർഷാവർഷം വർദ്ധിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, ലേലം സ്ഥിരപ്പെടുത്തിയ ഉടനെ ലേല സംഖ്യയുടെ പകുതി തുക ഡെപ്പോസിറ്റായും ബാക്കിവരുന്ന തുക 6 തുല്യഗഡുക്കളായി അടവാക്കുന്നുണ്ടന്നും ഉറപ്പുവരുത്തുക. ഈ ഇനത്തിൽ പ്രതിവർഷം എത്ര വരവുണ്ടെന്ന് വ്യക്തമാക്കുന്നതിന് സാംഖ്യയിൽ പ്രത്യേക ഹെഡ്ഡ് നൽകി വരവ് രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

6)സ്വകാര്യ ആശുപത്രികളുടെയും / പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ /ലൈസൻസ് പുതുക്കൽ -

നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക. 1997 ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ മുനിസിപ്പൽ പ്രദേശത്ത് യാതൊരു സ്വകാര്യ ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക. തുടർവർഷങ്ങളിൽ എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്നും ലൈസൻസില്ലാതെ ഇത്തരം സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ ലൈസൻസ് ഫീ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ബൈലോ/വിജ്ഞാഹനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്ന് ഫീസ് ഈടാക്കുന്നതെന്ന് ഉറപ്പുവരുത്തുക. ആശുപത്രികളിലെ കിടക്കകൾക്ക്, പാരാമെഡിക്കൽ സ്ഥാപനങ്ങളായ , ലാബ്, എക്സ്റേ യൂണിറ്റ്, സ്കാൻ, ബ്ലഡ് ബാങ്ക് തുടങ്ങിയവയ്ക്ക് അനുസൃതമായ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

7)നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂളിൽ തനത് വരുമാനത്തിൽ കുടിശ്ശികയായി കിടക്കുന്ന 26,34,44,168.75 രൂപ പിരിച്ചെടുക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുക.

1-25 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 13,10,075/- രൂപ തടസ്സപ്പെടുത്തുന്നു.

| 2017-18 വർഷ ശുചീകരണ പ്രവർത്തന ചെലവ് | | | |
|---|---|---|---|
| വാർഡ് | ചെലവ് തുക | ഫണ്ട് | ചെക്ക് നമ്പർ/ തീയതി |
| ആയിക്കര വാർഡ് | 19,941 | തനത്ഫണ്ട് | 881389/31.05.2017 |
| അറക്കൽ വാർഡ് | 22,957 | | |
| ബാക്കി 53 വാർഡുകൾ | 12,67,177(23909x53) | | |
| ആകെ | 13,10,075 | | |

(1)കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ 2017-18 വർഷത്തിലെ മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 23,909 രൂപ പ്രകാരം 55 വാർഡുകൾക്കായി മേൽ കൊടുത്തളു പ്രകാരം വാർഡ് ശുചിത്വ കമ്മിറ്റികൾക്ക് 13,10,075 നൽകിയിരുന്നു.(ഇതിൽ 2 വാർഡുകളായ ആയിക്കര, അറക്കൽ എന്നിവയ്ക്ക് യഥാക്രമം 3,968 രൂപയും 952 രൂപയും മുൻകൂർ നൽകിയതിനാൽ അത് കിഴിച്ച് ബാക്കി വരുന്ന തുകയായ 19,941 രൂപയും, 22,957 രൂപയുമാണ് നൽകിയത്). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.03.2017 ലെ 127/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള മഴക്കാലപൂർവ്വ ശുചിത്വ ക്യാമ്പയിൻ 2017 മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 9 ലെ ഫണ്ട് വരവ് ചെലവ് സംബന്ധിച്ച പൊതുനിർ ദ്ദേശങ്ങൾ എന്ന ഭാഗത്ത് മഴക്കാല പൂർവ്വ ശുചീകരണത്തിന് കോർപ്പറേഷനിലെ ഒരു വാർഡിന് ശുചിത്വമിഷൻ വിഹിതം 20,000/- രൂപയും, എൻ.ആർ.എച്ച്.എം വിഹിതമായി 10,000 രൂപയും തനത് ഫണ്ട് വിഹിതം 5,000/- രൂപയും അടക്കം ആകെ 35,000 രൂപയ്ക്ക് അർഹതയുണ്ടായിരിക്കും എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം കോർപ്പറേഷനിലെ ഒരു വാർഡിന് 35,000 രൂപ വകയിരുത്താമെന്നിരിക്കെ 23,909 രൂപ മാത്രം വകയിരുത്താനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

(2)2017-18 വർഷത്തെ വാർഡ്തല ശുചിത്വ കമ്മിറ്റിയുടെ പ്രവർത്തന ചെലവുകൾക്കായുള്ള 13,10,075 രൂപ വാർഡ്തല ശുചിത്വ കമ്മിറ്റികളുടെ അക്കൌണ്ടുകളിലേക്ക് ശുചിത്വമിഷന്റെ ഐസിഐസി ബാങ്കിലെ 0181050024 നമ്പർ അക്കൌണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്നതിനായി 25.05.2017-ലെ എ3-25436/17 നമ്പർ കത്ത് പ്രകാരം നഗരസഭ സെക്രട്ടറി ഐ.സി.ഐ.സി ബാങ്ക് മാനേജർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് അക്കൌണ്ടിൽ ലഭ്യമല്ലാത്തതിനാൽ ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 08.05.2017 ലെ സ.ഉ(സാധാ) നം.1485/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് 2017-18 വർഷത്തെ ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കുവാൻ കാലതാമസം വരുന്നമുറയ്ക്ക് കോർപ്പറേഷന് അവരുടെ പദ്ധതിവിഹിതത്തിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ തുക ചെലവഴിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ അതാത് ഫണ്ടുകളിൽ വകയിരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ (പഞ്ചാബ് നാഷണൽ ബാങ്കിലെ 527441 നമ്പർ അക്കൗണ്ട്)നിന്ന് 31,05.2017 ന് ശുചീകരണ പ്രവർത്തനങ്ങൾക്കായി നഗരസഭ വാർഡ് ശുചീകരണ കമ്മിറ്റികൾക്ക് അനുവദിച്ച 13,10,075/- രൂപ വാർഡ് ശുചീകരണ കമ്മിറ്റി വിനിയോഗിച്ചതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

3)എൻ.ആർ.എച്ച്.എം വിഹിതമായി ഒരു വാർഡിന് 10,000/- രൂപ പ്രകാരം 55 വാർഡിന് 5,50,000/- രൂപ ലഭ്യമാക്കാമെന്നിരിക്കെ 2017-18 വർഷത്തിൽ എൻ.ആർ.എച്ച്.എം വിഹിതം ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് ലഭിക്കാതിരുന്നതിന്റെ കാരണം ഫയലിൽ(എച്ച്4/12273/16) വ്യക്തമല്ല.വിഹിതം ലഭ്യമാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടാണ്.

4)നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള ഐ.സി.ഐ.സി.ഐ ബാങ്കിലെ 0181050024 നമ്പർ അക്കൗണ്ടിൽ 2017-18 സാമ്പത്തിക വർഷത്തിൽ ശുചിത്വമിഷനിൽ നിന്ന് 10,00,000/- രൂപ ട്രാൻസ്ഫർ ചെയ്ത് വരവ് വെച്ചതായും (10.04.2017 ലെ 5,00,000/- രൂപയും 19.08.2017 ന് 5,00,000/- രൂപയും അടക്കം ആകെ 10,00,000/- രൂപ) ടി തുകയിൽ നിന്ന് 4,11,320/- രൂപ പല ഘട്ടങ്ങളിലായി (2017-18 വർഷത്തിൽ) പിൻവലിച്ചതായും കാണുന്നു. എന്നാൽ പ്രസ്തുത തുകയുടെ ചെലവ് വിവരം

ലഭ്യമാക്കിയിട്ടില്ല.ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

5)08.05.2017 ലെ സ.ഉ(സാധാ)നം.1485/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തനതു ഫണ്ടിൽ നിന്ന് ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക ശുചിത്വമിഷൻ ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് തനതു ഫണ്ടിലേക്ക് തിരികെ വകയിരുത്തേണ്ടതാണ്. എന്നാൽ ശുചിത്വമിഷനിൽ നിന്നും 10,00,000/- രൂപ ലഭ്യമായതിനു ശേഷം തനത് ഫണ്ടിലേക്ക് ചെലവു തുക തിരികെ വകയിരുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ടി തുക തനതു ഫണ്ടിൽ തിരികെ വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി ഈ പദ്ധതി വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 04.12.2019 ന് AE1/2017-18/CM2/KNM-KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾ (ക്രമ നം.1 മുതൽ 6 വരെ ) വന്ന സാഹചര്യത്തിൽ, 2017-18 വർഷം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചെലവഴിച്ച 13,10,075/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-26 പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകൽ- മതിയായ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 28,496/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ് ഒ 964/18 (സ്പിൽ ഓവർ പദ്ധതി) |
| പ്രൊജക്റ്റിന്റെ പേര് | ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റ് ഓഫീസർ,യു.പി.എ.സി |
| അടങ്കൽ | 25,158/-വികസന ഫണ്ട് (ടിഎസ് പി)<br>4,842/- തനത് ഫണ്ട്<br>30,000<br>==== |
| ചെലവ് | 25,158/ - + 3,338/- = 28,496 |
| ചെക്ക് നമ്പർ & തീയതി | 825214/ തീയതി.18.01.2018 |

സേവന മേഖലയിൽപെടുത്തി പട്ടിക വർഗ്ഗ വിഭാഗത്തിനായി ആവിഷ്കരിച്ച "ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ" എന്ന മേൽ പദ്ധതി പ്രകാരം ഏയ് സോൾ പവർ സൊല്യൂഷൻ , ന്യൂ തവക്കൽ കോംപ്ലക്സ്, മട്ടന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ മുഖേന 28,496/- രൂപയ്ക്ക് ലാപ് ടോപ്പ് വാങ്ങി മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി അഞ്ചരക്കണ്ടി എന്ന സ്ഥാപനത്തിൽ സിവിൽ എഞ്ചിനീയറിംഗിന് മൂന്നാം സെമസ്റ്ററിനു പഠിക്കുന്ന ബിൽഷ ബാബു.കെ D/o ബാബു.പി.പി എന്ന വിദ്യാർത്ഥിക്ക് വിതരണം ചെയ്തിട്ടുണ്ട്.

സ.ഉ(എംഎസ്)നം.80/2017/തസ്വഭവ തീയതി.03.04.2017 പ്രകാരമുള്ള നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ ഖണ്ഡിക.11.8.6 പ്രകാരം ഒരാൾക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നും പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുമ്പോൾ വകുപ്പിൽ നിന്ന് ഇതിനുമുമ്പ് ആനുകൂല്യം നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്നു നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആനുകൂല്യം നൽകിയ വിദ്യാർത്ഥി പട്ടികവർഗ്ഗ വികസന ഓഫീസറിൽ നിന്നുമുള്ള പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അർഹതാ പരിശോധന റിപ്പോർട്ടിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 10.12.2019 ന് നൽകിയ AE-6/2017-18/CM.3/ KNM/KSA ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടിയുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവ് ചെയ്ത 28,496/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 റീ സൈക്കിൾ ചെയ്യാവുന്ന മാലിന്യങ്ങളുടെ ശേഖരണം-ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക 13,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0013/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 13,20,000(വികസന ഫണ്ട്) |
| ചെലവ് | 13,20,000-ബിൽ നം.13/2017-18 തീയതി. 31.03.2018 |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിലുള്ള വീട്ടുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പ്ലാസ്റ്റിക് പോലുള്ള റീ സൈക്കിൾ ചെയ്യാവുന്ന മാലിന്യങ്ങൾ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് ശേഖരണം നടത്തുകയും കുടുംബശ്രീ ഒരാൾക്ക് പ്രതിമാസം 6,000/- രൂപ വീതം വയബിലിറ്റി ഫണ്ടിൽ നിന്ന് വേതനം നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി S0013/18 നമ്പറായി നടപ്പിലാക്കിയതാണ് ഈ പദ്ധതി. ഇതിൽ 13,20,000/- രൂപ(വികസന ഫണ്ട്(ജനറൽ) അടങ്കലായി വെക്കുകയും ബിൽ നമ്പർ 13/17-18 ആയി കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്നും 31.03.2018 ന് പിൻവലിച്ച ഹരിതകർമ്മസേനയുടെ കണ്ണൂർ കാനറ ബാങ്ക് ശാഖയിലെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.5015101001132) കൈമാറുകയുമുണ്ടായിട്ടുണ്ട്.

03.03.2018 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ) നം.596/201/ തസ്വഭവ നമ്പർ ഉത്തരവു പ്രകാരം മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി ഹരിത കർമ്മസേനകളുടെ പ്രവർത്തനങ്ങൾക്ക് യൂസർ ഫീ സംവിധാനം ഉറപ്പാക്കുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിന് വകമാറ്റി വെച്ചിട്ടുള്ള പത്ത് ശതമാനം തുകയിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുവാൻ അനുമതി നൽകി ഉത്തരവായിരുന്നു.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സിഡിഎസ് ന് കീഴിൽ രൂപീകരിക്കപ്പെട്ട ഹരിതകർമ്മസേന എല്ലാ മാസവും 10ാം തീയ്യതിക്കകം തൊട്ടുമുന്നേയുള്ള മാസത്തെ വരവ് ചെലവ് സ്റ്റേറ്റ് മെന്റ് തദ്ദേശ സ്ഥാപനത്തിന് (കോർപ്പറേഷന്) കൈമാറുകയും ആയത് പരിശോധിച്ച് പ്രവർത്തനത്തിനായി ശേഷിക്കുന്ന തുക വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നും കോർപ്പറേഷൻ അനുവദിക്കുകയും ചെയ്യണമെന്ന നിബന്ധന കുടുംബശ്രീ പ്രസിഡണ്ട്, മെമ്പർ സെക്രട്ടറി എന്നിവർ കോർപ്പറേഷൻ സെക്രട്ടറിയുമായി ചമച്ച കരാർ ഉടമ്പടിയിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്.

വയബിലിറ്റി ഫണ്ട് ഓരോ പ്രദേശത്തിന്റെയും മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ഓരോ വാർഡിലെയും വയബിലിറ്റി ഗ്യാപ് ഫണ്ട് നിജപ്പെടുത്തിയെടുക്കുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.ഹരിതകർമ്മസേന സമർപ്പിക്കുന്ന വരവ് ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് 55 വാർഡുകളിലെയും തുടർപ്രവർത്തനത്തിന് ആവശ്യമായി വരുന്ന തുകയായ 13,20,000/- രൂപ കണക്കാക്കിയതിന്റെ വിശദവിവരം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.നഗരസഭ ഒരു വർഷത്തെ മുഴുവൻ തുകയും ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ ക്രഡിറ്റു ചെയ്യുന്നതിന് പകരം ഹരിതകർമ്മസേന വരവ് ചെലവ് പത്രിക,വിനിയോഗ വിവരം എന്നിവ ഹാജരാക്കുന്ന മുറക്ക് ഗഡുക്കളായി തുക നൽകാവുന്നതാണ്.

2017-18 കാലയളവിൽ കാനറാ ബാങ്കിലെ ഈ അക്കൗണ്ടിൽ നിന്ന് തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങളും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ AE-4/2017-18/CM4/KNM-KSA തീയതി. 06.12.2019 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച മൊത്തം തുക 13,20,000/- രൂപ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 1-28 9, 10 ക്ലാസ് വിദ്യാർത്ഥികളിൽ പഠനത്തിൽ പിന്നോക്കമുള്ളവർക്ക് പ്രത്യേക പരിശീലനം-പ്രോജക്ട് നടത്തിപ്പ് സൂക്ഷ്മവിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 31/2018 |
| പ്രൊജക്ട് പേര് | 9,10 ക്ലാസ് വിദ്യാർത്ഥികളിൽ പഠനത്തിൽ പിന്നോക്കമുള്ളവർക്ക് പ്രത്യേക പരിശീലനം |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവണ്മെന്റ് ടൗൺ ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ |
| അടങ്കൽ | 12,00,000 |
| ചെലവ് | 11,76,465 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.04.2017 ലെ സ.ഉ(കൈ) 79/2017 ഖ.12.9(7) പ്രകാരം ഈ പദ്ധതി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

ഇതിൻ പ്രകാരം മേൽ പ്രോജക്ട് കോർപ്പറേഷൻ പരിധിയിലെ 8 ഗവണ്മന്റ് ഹൈസ്കൂളുകളിലും 5 എയ്ഡഡ് ഹൈസ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

വൈകുന്നേരങ്ങളിൽ സ്കൂൾ സമയത്തിന് ശേഷം 40 ദിവസം പ്രത്യേക കോച്ചിങ്ങ് നടത്താനാണ് പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ലഘു ഭക്ഷണം നൽകുന്നതിന് ഒരു കുട്ടിക്ക് ഒരു ദിവസം 15/- രൂപ വച്ച് ചെലവഴിക്കാൻ തുക വകയിരുത്തിയിട്ടുണ്ട്.

സർക്കാർ/എയിഡഡ് ഉൾപ്പെടെ 13 സ്കൂളുകൾക്ക് അനുവദിച്ച തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ |
|---|---|---|
| 1 | ഗവണ്മെന്റ് ടൗൺ ഹയർ സെക്കന്ററി സ്കൂൾ | 48 + 60 |
| 2 | ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ(ഗേൾസ്) | 53 +60 |
| 3 | ഗവണ്മന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ (സ്പോർട്സ്) | 60 +60 |
| 4 | ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, ചേലോറ | 60 +60 |
| 5 | ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, തോട്ടട | 60 +60 |
| 6 | ഗവണ്മെന്റ് സിറ്റി ഹയർ സെക്കന്ററി സ്കൂൾ, സിറ്റി | 60 +60 |
| 7 | ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, പുഴാതി | 60 +60 |
| 8 | ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, പള്ളിക്കുന്ന് | 95 +95 |
| 9 | സി.എച്ച്.എം, ഹയർ സെക്കന്ററി സ്കൂൾ , എളയാവൂർ | 95 +95 |

| | | |
|---|---|---|
| 10 | എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ , തോട്ടട | 95 +95 |
| 11 | ചൊവ്വ ഹയർ സെക്കന്ററി സ്കൂൾ | 95 +95 |
| 12 | ദീനൽ ഇസ്ലാം സഭ ഹയർ സെക്കന്ററി സ്കൂൾ,സിറ്റി | 95 +95 |
| 13 | സെന്റ് മൈക്കിൾസ് ആഗ്ലോ ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂൾ | 95 +95 |
| | ആകെ | 971 + 990 =1961 |
| ചെലവ് തുക | 1961 x15 x40 = | 11,76,600 |

11,76,600 രൂപ ചെലവ് വരാമെങ്കിലും ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ചെലവ് തുക 135 രൂപ കുറവായതിനാൽ 11,76,465 രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

പ്രോജക്ട് നടത്തിപ്പ് ഓഡിറ്റിൽ വിലയിരുത്തിയപ്പോൾ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകങ്ങൾ താഴെ കൊടുക്കുന്നു

I)മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല

12 ലക്ഷം രൂപയോളം ചെലവഴിച്ച് നടത്തിയ പ്രോജക്ടിലൂടെ പരിശീലനം ലഭിച്ച ഈ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ നിലവാരത്തിന് എന്തു മാറ്റം വന്നു എന്ന ക്രിയാത്മകമായ ഒരു പുരോഗതി റിപ്പോർട്ട് ലഭ്യമല്ലാത്തത് പദ്ധതി നടത്തിപ്പ് വിജയകരമാണോ എന്ന കാര്യത്തിൽ സംശയമുളവാക്കുന്നു.

II)പദ്ധതിയ്ക്ക് ഏകീകൃത സ്വഭാവം ഇല്ല

തദ്ദേശ ഭരണ സ്ഥാപനം നടപ്പിലാക്കുന്ന ഈ പരിപാടി ഒരേ ദിവസം തുടങ്ങി ഒരേ ദിവസം അവസാനിക്കുന്നവിധം ഏകീകൃതസ്വഭാവം വേണമെന്നിരിക്കെ ഇവിടെ പല സ്കൂളുകളിലും വ്യത്യസ്ത തീയ്യതികളിൽ തുടങ്ങി വ്യത്യസ്ത ദിവസങ്ങളിൽ അവസാനിപ്പിച്ചതായി കാണുന്നു. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| സെന്റ് മൈക്കിൾസ് ആംഗ്ലോ ഇന്ത്യൻ ഹയർ സെക്കന്ററി സ്കൂൾ | ഒക്ടോബർ 3 മുതൽ ജനുവരി 31വരെ | 69 ദിവസം |
| സിറ്റി ഹൈസ്കൂൾ | ഡിസംബർ 4 മുതൽ ഫെബ്രുവരി 2വരെ | 40 ദിവസം |
| ടൗൺ ഹയർ സെക്കന്ററി സ്കൂൾ | നവംബർ 20 മുതൽ ജനുവരി 31 വരെ | 40 ദിവസം |
| ചൊവ്വ ഹയർ സെക്കന്ററി സ്കൂൾ | നവംബർ 1 മുതൽ ജനുവരി 31 വരെ | 42 ദിവസം |

വ്യത്യസ്ത സ്കൂളുകളിൽ പരിശീലനം നൽകാനെടുത്ത ദിവസങ്ങളുടെ എണ്ണവും വ്യത്യാസപ്പെട്ടത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഈ രീതി ഒഴിവാക്കി പരിശീലന പരിപാടി എല്ലാ വിദ്യാലയങ്ങളിലും ഒരേ ദിവസം തുടങ്ങി ഒരേ ദിവസം അവസാനിക്കുന്ന ഏകീകൃത രീതിയിൽ നടത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

III)ഭക്ഷണ വിതരണത്തിലെ പൊരുത്തക്കേടുകൾ

പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും 40 ദിവസവും ചായയും കടിയും നൽകാനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ക്വട്ടേഷൻ വിളിച്ച പ്രകാരം 15 രൂപക്ക് ഒരു കുട്ടിക്ക് ചായയും കടിയും വിതരണം ചെയ്യാമെന്ന് കരാറുകാരൻ സമ്മതിക്കുകയും അപ്രകാരം തന്നെ തുക കൈപ്പറ്റുകയും ചെയ്തതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

പല സ്കൂളുകളിലും പറഞ്ഞതിൽ കൂടുതൽ ദിവസം പരിശീലന ക്ലാസ് നടത്തിയതായും അനുവദിച്ചതിൽ കൂടുതൽ കുട്ടികൾക്ക് പരിശീലനം നൽകിയതായും എന്നാൽ 40 ദിവസത്തെ തുക മാത്രം നൽകിയതായും അനുവദിച്ച കുട്ടികൾക്ക് മാത്രമായി ചായയും കടിയും നൽകിയതായും കാണുന്നു. ഇതിൽ നിന്നും ഒന്നുകിൽ കൃത്യമായി പരിശീലനം നടന്നില്ല

അല്ലെങ്കിൽ കുട്ടികൾക്ക് അർഹമായ രിതീയിലുള്ള ചായയും കടിയും ലഭ്യമാക്കിയില്ല എന്നാണ് വ്യക്തമാകുന്നത്.

ഉദാഹരണം താഴെ കൊടുക്കുന്നു.

1)സെന്റ് മൈക്കിൾസ് സ്കൂൾ , കണ്ണൂർ

| | |
|---|---|
| കോർപ്പറേഷൻ അനുവദിച്ച കുട്ടികൾ | 95 +95 = 190 |
| ഒരു കുട്ടിയുടെ പ്രതിദിന ചെലവ് | 15/- രൂപ |
| ആകെ ചെലവ് (40 ദിവസം) | 190 x 40 x 15= 1,14,000 |
| ഇംപ്ലിമെന്റിങ്ങ് ഓഫീസർ അനുവദിച്ച തുക | 1,14,000 |
| വൗച്ചർ പ്രകാരം കുട്ടികളുടെ എണ്ണം | 95 +102 = 197 കുട്ടികൾ |
| 9ാം ക്ലാസ്സിൽ പരിശീലനം നൽകിയതിന്റെ ചെലവ് ( 69 ദിവസം) | 69 x 15 x 95= 98,325 |
| 10ാം ക്ലാസ്സിൽ പരിശീലനം നൽകിയതിന്റെ ചെലവ് ( 70 ദിവസം) | 70 x 15 x 102= 1,07,100 |
| ആകെ | 2,05,425 |

സ്കൂൾ കാന്റീൻ വഴി തന്നെയാണ് പദ്ധതി നടപ്പാക്കിയത്. കാന്റീൻ വൗച്ചർ പ്രകാരം 2,05,425/- രൂപയുടെഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 1,14,000 രൂപമാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ളത്. 91,425/- രൂപ കുറവ് വാങ്ങി കാന്റീൻ അധികൃതർ ഈ പദ്ധതി നടപ്പാക്കിയെന്ന് പറഞ്ഞത് വിശ്വസനീയമല്ല. ഒന്നുകിൽ പല കുട്ടികൾക്കും കൃത്യമായി ലഘുഭക്ഷണം വിതരണം ചെയ്തില്ല, അല്ലെങ്കിൽ ഹാജർ പട്ടിക അയഥാർത്ഥമാണ്, അതുമല്ലെങ്കിൽ തികച്ചും ഗുണം കുറഞ്ഞ ഭക്ഷണസാധനങ്ങളാണ് വിതരണം ചെയ്തത്.

2 സി.എച്ച്.എം.ഹൈസ്കൂൾ,എളയാവൂർ

| | |
|---|---|
| കോച്ചിങ്ങ് ക്ലാസിൽ പങ്കെടുത്ത കുട്ടികൾ | 280 പേർ(10ാം ക്ലാസ് ) +112 പേർ(9ാം ക്ലാസ് ) = 392 പേർ |
| ചെലവ് തുക | 392 x40 x 15= 2,35,200 |

ഒരു കുട്ടിക്ക് ഒരു ദിവസം 15 രൂപ എന്ന നിരക്കിൽ ക്വട്ടേഷൻ ഏറ്റെടുത്ത സി.എച്ച്.എം ഹയർ സെക്കന്ററി സ്കൂൾ കഫ്റ്റീരിയ എന്ന സ്ഥാപനം നൽകിയ ഭക്ഷണ സാധനത്തിന് അവർ ആവശ്യപ്പെട്ട തുക 2,35,200/- രൂപയാണെങ്കിലും എന്നാൽ സ്കൂൾ അധികൃതർ നൽകിയത് 1,14,000/- രൂപയാണ് (1,21,200/- രൂപ കുറവ്) . ആവശ്യപ്പെട്ടതിന്റെ പകുതി തുക പോലും കൊടുത്തില്ല. മേൽ ഖണ്ഡികയിൽ ഉന്നയിച്ച സെന്റ് മൈക്കിൾസ് സ്കൂൾ സംബന്ധിച്ച പരാമർശങ്ങൾ ഇവിടെയും ആവർത്തിക്കപ്പെടുന്നു.

ഹാജരാക്കിയ ഹാജർ പട്ടികയിലാവട്ടെ മാസമോ, തീയതിയോ ഒന്നും കാണിക്കാതെ കുട്ടികളുടെ പേരിനു നേരെ ഒരു പേജിൽ 40 “x” രേഖപ്പെടുത്തലുകൾ ആയാണ് ചെയ്തിട്ടുള്ളത്. ഇത് വിശ്വസനീയമല്ല.

3)ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ,ഗേൾസ്

ആകെ കുട്ടികളുടെ എണ്ണം = 53 +60 = 113 കുട്ടികൾ

ഹെഡ് മിസ്ട്രസ് തയ്യാറാക്കിയ അവലോകന രേഖയിൽ 2017 ഡിസംബർ 4 മുതൽ ജനുവരി 31 വരെ 31 ദിവസമായിട്ടാണ് പ്രത്യേക പരിശീലനം നടന്നതെന്ന് രേഖപ്പെടുത്തി കാണുന്നു. ഡിസംബറിൽ 9 ദിവസം ജനുവരിയിൽ 22 ദിവസം ആകെ 113 x 31 x 15 = 52,545 രൂപക്ക് മാത്രമാണ് അർഹത. എന്നാൽ ഹാജരാക്കിയ വൗച്ചറിൽ 67,665/- രൂപയുടെ ചെലവ് കാണുന്നു. 67,665 – 52,545 = 15,120 രൂപ അധികം ഹാജർ പട്ടികയിൽ 31 ദിവസം മാത്രം കാണിക്കുകയും അവലോകനത്തിൽ 31 ദിവസം മാത്രം നടന്നു എന്ന് പറയുകയും ചെയ്ത ശേഷം നവംബർ 20 മുതൽ 24 വരെയും, 27 മുതൽ 30 വരെയും 9 ദിവസത്തെ ഹാജർ പട്ടിക പ്രത്യേകമായി കാണിച്ച് 15,120/- രൂപ അധികം കൈപ്പറ്റിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി പരിശീലനം നടത്താതെയാണ് തുക നൽകിയത് എന്ന് കാണുകയാണെങ്കിൽ തുക തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4)എസ്.എൻ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ, തോട്ടട

പരമാവധി അനുവദിച്ച 1,14,000 രൂപ (190 x 15x 40) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 47 ദിവസം ക്ലാസ്സുകൾ നടന്നിട്ടുണ്ട്. (നവംബർ 9 ദിവസം + ഡിസംബർ 15ദിവസം + ജനുവരി 23 ദിവസം) 40 ദിവസം മാത്രമേ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തുള്ളൂ എന്ന് കരാറുകാരൻ പറയുകയും 47 ദിവസം ക്ലാസ്സ് എടുത്തു എന്ന് ഹാജർ പട്ടികയിൽ ഉണ്ടാവുകയും ചെയ്തതിനാൽ 7 ദിവസം കുട്ടികൾക്ക് ചായയും കടിയും നൽകാതെയാണ് ക്ലാസ്സ് എടുത്തത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. കരാറുകാരൻ 40 ദിവസത്തെ തുക മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ.

IV)മോട്ടോർ വാഹന പണിമുടക്ക് ദിവസവും പരിശീലനം സജീവം- ഹാജർ പട്ടിക കൃത്യമല്ല.

ജനുവരി 24 ന് കേരളത്തിൽ മോട്ടോർ വാഹന പണിമുടക്ക് കാരണം ഒട്ടുമിക്ക വിദ്യാലയങ്ങളും പ്രവർത്തിച്ചിരുന്നില്ല. സെന്റ് മൈക്കിൾസ്, ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്), ജി.എച്ച്.എസ്.എസ്. തോട്ടട, ദീനുൽ ഇസ്ലാം സഭ (9-ാം ക്ലാസ്) എന്നിവ അവരുടെ ഹാജർ പട്ടികയിൽ പരിശീലനത്തിൽ നിന്നും ഈ ദിവസം ഒഴിവാക്കിയിട്ടുമുണ്ട്. എന്നാൽ ഹാജർ പട്ടിക യാന്ത്രികമായാണ് തയ്യാറാക്കിയത് എന്ന് പറയുന്നതിന് തെളിവായി

ബാക്കിയുള്ള മുഴുവൻ വിദ്യാലയങ്ങളിലും ഈ ദിവസവും ഒരു കുട്ടിപോലും ഒഴിവില്ലാതെ പരിശീലനം നടന്നതായി കാണുന്നു. ഇതിൽ നിന്നു തന്നെ അറ്റൻഡൻസ് രജിസ്റ്റർ തികച്ചും കൃത്രിമമായി തയ്യാറാക്കിയ ഒന്നാണെന്ന് അനുമാനിക്കാവുന്നതാണ്. ഖണ്ഡികയിൽ പരാമർശിച്ചവിധം പദ്ധതിയുടെ സൂക്ഷ്മമായ അവലോകന റിപ്പോർട്ടും ഈ പരിശീലനം കൊണ്ട് വിദ്യാർത്ഥികൾക്കുണ്ടായ നേട്ടങ്ങൾ പ്രതിപാദിക്കുന്ന വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഹാജരാക്കുവാനും എത് വിധത്തിലുള്ള അപാകമാണ് പ്രൊജക്റ്റ് നടത്തിപ്പിൽ ഉണ്ടായതെന്ന് അന്വേഷിച്ച് കൃത്യമായ മറുപടി ഹാജരാക്കേണ്ടതാണെന്നും കാണിച്ച് 14.01.2020 ന് AE-11/2017-18/AO(HG)/KNM-KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ പരിഹരിക്കാം എന്ന മറുപടിയാണ് (മറുപടി തീയതി.10.02.2020) നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ ലഭ്യമാക്കിയത്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-29 സർവ്വശിക്ഷാ അഭിയാൻ(എസ്എസ്എ)-എസ്..എസ്.എ വിഹിതം നൽകൽ- പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതായി രേഖയില്ല- 66,16,851/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 22/2018, എസ്.എസ്.എ വിഹിതം നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ,ഗവണ്മെന്റ് ടൗൺ ഹയർ സെക്കന്ററി സ്കൂൾ |
| അടങ്കൽ | 66,16,851/- |
| ചെലവ് തുക/ബിൽ നമ്പർ/തീയതി | 66,16,851/- 3/17-18/.03.11.2017 |

മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിന് എസ്.എസ്.എ ഹാജരാക്കിയ പദ്ധതി പ്രകാരം കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ 1,65,42,128/- രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ 40 ശതമാനം തുകയായ 66,16,851/- രൂപയാണ് നഗരസഭാ വിഹിതമായി എസ്.എസ്.എ പ്രോജക്റ്റ് ഓഫീസർക്ക് നൽകേണ്ടത്. മേൽ ബിൽ

പ്രകാരം തുക എസ്.എസ്.എയ്ക്ക് നൽകുകയും പ്രോജക്ട് ഓഫീസർ 16.04.2018 ലെ (നമ്പർ ഇല്ല) കത്ത് പ്രകാരം പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും, തുക കോർപ്പറേഷനിലെ വിദ്യാലയങ്ങളുടെ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ച വിവരവും ഹാജരാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യം 1,65,42,128 രൂപയാണ്. ഇതിൽ 40 ശതമാനം ചെലവ് തദ്ദേശ ഭരണ സ്ഥാപനം വഹിക്കുമ്പോൾ ബാക്കി 60 ശതമാനം എസ്.എസ്.എ വഹിക്കണം എന്നാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇവിടെ തദ്ദേശ ഭരണ സ്ഥാപനം നൽകിയ തുക മാത്രമാണ് വിനിയോഗിച്ചത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം വ്യക്തമാക്കുന്നത്. എസ്.എസ്.എ നഗരസഭ ഫണ്ടിൽ നിന്നും തുക കൈപ്പറ്റി, പ്രസ്തുത തുക മാത്രം, നഗരസഭയിലെ വിദ്യാലയങ്ങൾക്ക് വിതരണം ചെയ്ത ഒരു വിതരണ ഏജൻസി മാത്രമായി പ്രവർത്തിക്കുകയായിരുന്നോ എന്നു വ്യക്തമാക്കേണ്ടതാണ്.

പ്രോജക്ട് വിജയകരമായി പൂർത്തീകരിച്ചതായി എസ്.എസ്.എ പദ്ധതിക്ക് നീക്കിവെച്ച മൊത്തം തുക 1,65,42,128 രൂപ കണ്ണൂർ നഗരസഭയിൽ വിനിയോഗിച്ചതായി തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആകെ ചെലവാക്കിയ 66,16,851 രൂപയുടെ 40 ശതമാനം അതായത് 26,46,740 രൂപ കഴിച്ച് ബാക്കി 39,70,111 രൂപ നഗരസഭ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മിറ്റി ഇക്കാര്യത്തിൽ കൃത്യമായി പരിശോധന നടത്തേണ്ടതും കരാർ ലംഘനം നടന്നിട്ടുണ്ട് എന്ന് കാണുകയാണെങ്കിൽ അധികം ചെലവ് ചെയ്ത തുക നഗരസഭ ഫണ്ടിലേക്ക് തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷ മാർഗരേഖയായ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.04.2017ലെ ജി.ഒ(എംഎസ്)79/2017 ഖ.12(9)(3) പ്രകാരം എസ്.എസ്.എ പ്രോജക്ടിനാവശ്യമായ തുക വകയിരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ വിഭാവനം തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്ന് കൃത്യമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കണ്ണൂർ കോർപ്പറേഷൻ അപ്രകാരമുള്ള പങ്ക് നിർവഹിച്ചതായി തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. രേഖകൾ /മറുപടി ഹാജരാക്കുന്നതിനായി നൽകിയ AE-12/2017-18/CM4/KNM-KSA തീയതി.14.01.2020 ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ 10.02.2020 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

ഈ സാഹചര്യത്തിൽ ചെലവ് തുക 66,16,851 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 പദ്ധതി നിർവഹണം - മാർഗരേഖ നിബന്ധന പാലിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. ടൗൺ ഹൈസ്കൂൾ,കണ്ണൂർ |
| പ്രോജക്ടുകൾ | 9 |
| ആകെ വിനിയോഗിച്ച തുക | വികസന ഫണ്ട്- 10924926 |
| തനത് ഫണ്ട് | 3,36,622 |
| റോഡിതരം | 1,99,722 |
| ബിൽ ബുക്ക പ്രകാരമുള്ള ചെലവ് | 1,11,24,648 (വികസന + ഫണ്ട് റോഡിതരം) |
| 1/18 ലെ ചെലവ് | ഇല്ല |
| 2/18 ലെ ചെലവ് | 10,99,722 |
| 3/18 ലെ ചെലവ് | 29,96,375 |
| | 40,96,097 |

| | |
|---|---|
| ആവസാന മൂന്ന് മാസങ്ങളിലെ ആകെ ചെലവ് | 40,96,097 |
| അവസാന മൂന്ന് മാസങ്ങലിലെ ശതമാനം | 4096097 = 36.82<br>11124468 |
| അനുവദനീയം | 33,37,340 |
| അധികം | 7,58,757 |
| 3/18 ലെ ശതമാനം | 29,96,375 = 26.93<br>11124468 |
| അനുവദനീയമായ 15% | 16,68,670 |
| അധികം | 13,27,705 |

ജി.ഒ(എംഎസ്)79/2017 തസ്വഭവ തീയതി.03.04.2017 പ്രകാരമുള്ള 2017-18 വർഷത്തെ പദ്ധതി മാർഗരേഖ ഖ.9(9) ൽ സാമ്പത്തിക വിനിയോഗം സംബന്ധിച്ച് കർശന നിയന്ത്രണം നിർദ്ദേശിച്ചിരുന്നു.ഇതിന്റെ ഭാഗമായി കാലാകാലങ്ങളായി 11 മാസവും ഉച്ഛമായ തുകകൾ ചെലവഴിച്ച് മാർച്ച് മാസം വൻതുക വിനിയോഗിക്കുന്ന രീതി ഒഴിവാക്കണമെന്നും അവസാനത്തെ മൂന്ന് മാസം പദ്ധതി തുകയും 30 ശതമാനം മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്നും മാർച്ച് മാസത്തിൽ 15 ശതമാനത്തിൽ കൂടുതൽ ചെലവഴിക്കാൻ പാടില്ല എന്നും കർശനമായി നിർ ദ്ദേശിച്ചിരുന്നു. എന്നാൽ നിർ ദ്ദേശങ്ങൾ ഒന്നും തന്നെ പ്രാവർത്തികമാക്കാതെ കാലാകാലങ്ങളിൽ എന്താണ് ചെയ്തിരുന്നത് അത് തന്നെ ഓഡിറ്റ് വർഷവും ആവർത്തിക്കുന്നതായാണ് കാണുകയുണ്ടായത്.

സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി മേൽ പട്ടിക വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ മതിയായ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ AE-13/2017-18/AO(HG)/KNM/KSA തീയതി.14.01.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ ഇതാവർത്തിക്കില്ലെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 ശാദുലിപ്പള്ളി അങ്കണവാടിക്ക് സർക്കാർ സ്ഥലം ഏറ്റെടുക്കൽ. നാല് വർഷംകഴിഞ്ഞിട്ടും ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1297/18 |
| ഫയൽ നമ്പർ | 504/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ |

കണ്ണൂർ കോർപ്പറേഷൻ രൂപീകരിച്ചതിന് ശേഷം ആദ്യമായി എടുത്ത തീരുമാനങ്ങളിൽ ഒന്നായിരുന്നു പുഴാതി സോണലിൽപെട്ടതും വളരേ ദയനീയമായ പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്നതും പത്രമാധ്യമങ്ങളിലും ഓഡിറ്റ് റിപ്പോർട്ടുകളിലും ചർച്ചാവിഷയമായതുമായ ശാദുലിപ്പള്ളി അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം നിർമിക്കാൻ സ്ഥലം കണ്ടെത്തുക എന്നത്.

ഇതിൻ പ്രകാരം നഗരസഭ പഴശ്ശി പദ്ധതിയുടെ റീ. സ 174/20 ൽ പെട്ട 2.75 സെന്റ് സ്ഥലം ഈ ആവശ്യത്തിന് നഗരസഭക്ക് കമ്പോളവിലക്ക് കൈമാറാൻ നടപടികൾ സ്വീകരിച്ചുതരണമെന്നാവശ്യപ്പെട്ട് സംസ്ഥാന ജലവിഭവ മന്ത്രിക്ക്

15.12.2015 ൽ നിവേദനം നൽകുകയും ജലവിഭവ വകുപ്പ് ഒരു വർഷത്തിന് ശേഷം 21.12.2016 ന് No IR1 /4/2016 കത്ത് പ്രകാരം ആയതിന് 22.12.2000 ലെ ജി ഒ (എം എസ്) 87/2000 പ്രകാരം റവന്യൂ വകുപ്പ് മുഖാന്തിരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നും അറിയിക്കുകയുണ്ടായി.

ഇതിൻ പ്രകാരം നഗരസഭ കലക്ടർക്ക് നിവേദനം നൽകുകയും കലക്ടർ 11/03/17 ലെ DCKNR 709/2017/C1ഉത്തരവ് പ്രകാരം ആവശ്യമായ രേഖകൾ ഭൂവില നിർണയ റിപ്പോർട്ട് സഹിതം അഞ്ച് ദിവസത്തിനകം കൈമാറാൻ തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായ വിവരം നഗരസഭയെ അറിയിക്കുകയുണ്ടായി.

തുടർന്ന് തഹസിൽദാർ സ്ഥലത്തിന്റെ പ്രമാണം നഗരസഭയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 23.03.2017 ന് നഗരസഭ പഴശ്ശി ഇറിഗേഷൻ അധികൃതരോട് പ്രമാണം ആവശ്യപ്പെടുകയും എന്നാൽ പ്രമാണം ലഭിക്കാൻ വൈകിയതിനാൽ തഹസിൽദാർ ഓഫീസുമായി ബന്ധപ്പെട്ട പ്രമാണം വേണ്ടെന്നും/ നഗരസഭാ തീരുമാനത്തിന്റെ പകർപ്പ് മതിയെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 11/05/17 ന് തീരുമാനത്തിന്റെ പകർപ്പ് തഹസിൽദാർക്ക് കൈമാറുകയുണ്ടായി.

കലക്ടർ മുൻകൈയ്യെടുത്ത് അഞ്ച് ദിവസത്തിനകം കൈമാറാൻ 11/03/17 ന് തഹസിൽദാരെ ചുമതലപ്പെടുത്തിയ കാര്യത്തിന് 05.07.17 ന് തഹസിൽദാർ നഗരസഭക്ക് അയച്ച കത്തിൽ സർക്കാർ സ്ഥലം കൈമാറാൻ ആവശ്യപ്പെടാൻ കോർപ്പറേഷൻ സെക്രട്ടറിക്ക് അധികാരം ഇല്ലെന്നും നഗരകാര്യ വകുപ്പ് മേധാവിക്ക് മാത്രമേ കലക്ടറോട് അഭ്യർഥിക്കാൻ അവകാശമുള്ളൂ എന്നും അറിയിക്കുകയുണ്ടായി. വകുപ്പ് മേധാവി എന്ന് പറഞ്ഞത് ഉൾക്കൊള്ളാതെ ജില്ലാ കലക്ടർക്ക് ഇതിന് മുന്നേ തന്നേ (8/2/17 ന്)അപേക്ഷ നൽകിയിട്ടുണ്ട് എന്ന് നഗരസഭ 01.08.2017 ന് തഹസിൽദാർക്ക് മറുപടി നൽകുകയുണ്ടായി.

ഇതിനിടെ ജില്ലാ കലക്ടർ 25.08.2017 ലെ No C1 DC/KNR/6669/17 കത്ത് പ്രകാരം ശാദുലിപ്പള്ളി അങ്കണവാടിക്ക് പുഴാതി വില്ലേജിൽപെട്ട റീ സ 174/20 ൽ പെട്ട സ്ഥലത്തിന് ഒരു ആറിന് 226957 രൂപ (91885/cent) ഭൂമിവില നിശ്ചയിച്ച് ഉത്തരവിറക്കുന്നു.

തുടർന്ന് കാലതാമസമില്ലാതെ സ്ഥലം വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കാൻ നഗരസഭ 26/9/17 ലെ 24 നമ്പർ തീരുമാന പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിനായി നഗരസഭ ഫണ്ടിൽനിന്ന് തുക മുൻകൂറായി ചെലവഴിക്കാൻ മേയർ മുൻകൂർ അനുമതി നൽകുകയും ചെയ്യുകയുണ്ടായി.

അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പുഴാതി സോണൽ അസിസ്റ്റന്റ് എൻജിനീയർ രമിലാ രഘുനാഥിനെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 17/11/17ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 20/11/17ന് പഴശ്ശി ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക ഒടുക്കാൻ ആവശ്യമായ അക്കൗണ്ട് നമ്പർ അയച്ച് തരാൻ ആവശ്യപ്പെട്ട കത്തിന് പഴശ്ശി ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 17/1/18ന് A343/14 നമ്പർ കത്ത് പ്രകാരം നൽകിയ മറുപടിയിൽ ജലവിഭവവകുപ്പ് ആദ്യം തന്ന കത്തിൽ സ്ഥലം കൈമാറുന്നതിന് എതിർപ്പില്ല എന്നറിയിക്കുക മാത്രമാണ് ചെയ്തതെന്നും സ്ഥലം കൈമാറാൻ ജലവിഭവ വകുപ്പിന് അധികാരമില്ലെന്നും ജില്ലാ കലക്ടർ മുഖാന്തിരം റവന്യൂ വകുപ്പിന് മാത്രമേ സാധിക്കുകയുള്ളൂ എന്നും അറിയിക്കുകയുണ്ടായി.

തുടർന്ന് 22/1/18ന് E4/504/17 നമ്പർ കത്ത് പ്രകാരം നഗരസഭ ജില്ലാ കലക്ടറെ വിവരം അറിയിക്കുകയും അഞ്ച് മാസം കഴിഞ്ഞിട്ടും മറുപടി ഒന്നും ഇല്ലാത്തതിനാൽ കെട്ടിട നിർമാണത്തിന് എംപി ഫണ്ടിൽനിന്നും പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് എന്ന വിവരം കൂടി ചേർത്ത് ഒരു കത്ത് കൂടി 28/5/18 ന് നൽകുകയുണ്ടായി. തുടർന്ന് ജില്ലാ കലക്ടർ 23/10/18 ലെ DC/KNR/2019/2018 കത്ത് പ്രകാരം ഭൂമി പതിവ് നിയമപ്രകാരം വകുപ്പ് മേധാവിക്ക് മാത്രമേ ജില്ലാ കലക്ടറോട് സ്ഥലം കൈമാറുന്നതിന് ആവശ്യപ്പെടാവൂ എന്നറിയിക്കുകയുണ്ടായി. ഇതിൻ പ്രകാരം 26/9/18, 6/10/18 എന്നീ തീയ്യതികളിൽ നഗരസഭ വകുപ്പ് മേധാവിയായ നഗരകാര്യ ഡയരക്ടർക്ക് ഈ വിഷയം സംബന്ധിച്ച് കത്തയക്കുകയും ഭൂമി പതിവ് നിയമപ്രകാരം വകുപ്പ് മേധാവിക്ക് മാത്രമേ ജില്ലാ കലക്ടറോട് സ്ഥലം കൈമാറുന്നതിന് ആവശ്യപ്പെടാവൂ എന്നതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിച്ച് തരണമെന്ന് അഭ്യർഥിക്കുകയുമുണ്ടായി. മേൽ സൂചിത കത്തിൽ ജില്ലാ കലക്ടർ സ്ഥലം കൈമാറുന്നതിന് വേണ്ടി നഗരകാര്യ ഡയരക്ടറുടെ അപേക്ഷയുടെ നാല് പ്രതി ഉടനടി ലാൻഡ് റവന്യൂ കമ്മീഷണർക്ക് സർപ്പിക്കണമെന്ന ആവശ്യപ്പെടുകയുണ്ടായി. വസ്തു കൈമാറ്റ നിയമ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകൾ നടത്തുന്നതിനായാണ് സ്ഥലം കൈമാറുന്നതെങ്കിൽ ഭൂമി വില ഈടാക്കാതെ സ്ഥലം കൈമാറാമെന്ന റവന്യൂ വകുപ്പിന്റെ 3/7/2001 ലെ 16579/ P3/ 2001നമ്പർ സർക്കുലറും ജില്ലാ കലക്ടർ ചൂണ്ടിക്കാണിക്കുകയുണ്ടായി. (2001 ലെ ഈ ഉത്തരവ് നിലനിൽക്കേയാണ് 2015- 16 കാലയളവിൽ ഭൂവില നിർണയ റിപ്പോർട്ട് തയ്യാറാക്കാൻ സമയം ചെലവഴിച്ചത് എന്ന ഈ റിപ്പോർട്ടിന്റെ ആദ്യഭാഗം കൂടി കാണുക)

തുടർന്ന് ജില്ലാ കലക്ടർ നഗരസഭക്ക് അയച്ച 10/1/19ലെ LR J10 – 41961/18 കത്ത് പ്രകാരം സ്ഥലം കൈമാറുന്നതിന്

വേണ്ടി നഗരകാര്യ ഡയരക്ടർ നാളിതുവരെ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന് കൂടി അറിയിക്കുകയുണ്ടായി.

ഇതിൻ പ്രകാരം നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയരക്ടർക്ക് മേൽ വിവരം സംബന്ധിച്ച് വീണ്ടും കത്തയക്കുകയും നഗരകാര്യ ഡയരക്ടർ മേൽ കത്ത് 19/2/19 ലെ G3 21155/18 നമ്പർ കത്ത് പ്രകാരം തിരിച്ചയക്കുകയും തദ്ദേശ ഭരണ സ്ഥാപനം ഒരു സ്വയം ഭരണ സ്ഥാപനം ആയതിനാൽ നഗരകാര്യ ഡയരക്ടറുടെ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമില്ലെന്നും നഗരസഭാ സെക്രട്ടറിക്ക് കാര്യ നിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നേരിട്ട് ഒപ്പിട്ട് നൽകാമെന്നും അറിയിക്കുകയുണ്ടായി.

നഗരസഭാ സെക്രട്ടറി ഇക്കാര്യം കാണിച്ച കൊണ്ട് 18/3/19 ന് ജില്ലാ കലക്ടർക്ക് വീണ്ടും കത്തയക്കുകയുണ്ടായി.

2015 ൽ തുടങ്ങിയ ഈ പ്രോജക്ട് 2019 ആയിട്ടും നിരവധി കത്തിടപാടുകൾ നടന്ന എന്നല്ലാതെ തുടങ്ങിയ സ്ഥലത്ത് നിന്നും ഒട്ടും തന്നെ പ്രർത്തനപുരോഗതി ഉണ്ടായതായി കാണുകയുണ്ടായില്ല. ഇത് സംബന്ധിച്ച് വിശദീകരിക്കുന്നതിനായി നൽകിയ AE.No.14/2017-18/AO(HG)/KNM-KSA തീയതി.15.01.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരണത്തിനായി നഗരസഭ സ്വീകരിച്ച തുടർ നടപടികളും നിലവിലുള്ള അവസ്ഥയും ഓഡിറ്റിനെ അറിയിക്കേണ്ടതും പദ്ധതി ഉടൽ പ്രാബല്യത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ടെമ്പിൾ വാർഡിൽ ഡ്രെയിനേജ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല – ചെലവ് തുകയായ 18,41,465/- രൂപ തടസ്സപ്പെടുത്തുന്നു.

20 വർഷമാവാറായിട്ടും പണി പോലും തുടങ്ങാത്ത അടിയന്തിര പ്രോജക്ട് .

| | |
|---|---|
| ഫയൽ | ഇ4-13220/02 |
| പ്രോജക്ട് നമ്പർ | 1316/18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അഡീഷണൽ സെക്രട്ടറി |
| പ്രോജക്ട് | ടെമ്പിൾ വാർഡിൽ ഡ്രെയിനേജ് നിർമ്മാണത്തിന് സ്ഥലം എറ്റെടുക്കൽ |
| വകയിരുത്തിയത് | 1841465(വികസന ഫണ്ട്) |
| ചെലവ് | 1841465 (ബിൽ.673/08.02.2018) |

കണ്ണൂർ നഗരത്തിൽ നിന്നും വരുന്ന മാലിന്യങ്ങൾ അടങ്ങിയ വെള്ളം ജനജീവിതത്തെ ദുസ്സഹമാക്കുന്നുവെന്നും പകർച്ചവ്യാധികൾ പടരുന്നു എന്നും കാണുന്നതിനാൽ മലിനജലം ഒഴുക്കുന്നതിന് ടെമ്പിൾ വാർഡിൽ ഓവുചാൽ സ്ഥാപിക്കുക എന്നത് അടിയന്തിര ആവശ്യമായി കണ്ട് നഗരസഭ വളരെയധികം പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പിലാക്കണം എന്ന് പറഞ്ഞുകൊണ്ട്, കണ്ണൂർ നഗരസഭയിൽ ടെമ്പിൾ വാർഡിൽ ഓവുചാൽ നിർമ്മിക്കുന്നതിനു വേണ്ടി വാർഡ് 4, ബ്ലോക്ക് 7 ടിഎസ് നമ്പർ 325, 967,32411,32412 സർവേ നമ്പറുകളിൽ പ്പെട്ടിട്ടുള്ള 606.44 സ്ക്വയർമീറ്റർ സ്ഥലം അക്വയർ ചെയ്യുന്നതിന് നഗരസഭാ കൗൺസിലിന്റെ 13.08.02 ലെ 40ാം നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു.

സ്ഥലം അക്വയർ ചെയ്യുന്നതിന് 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും, കൈ ഒഴിയലും) ചട്ടങ്ങൾ 5സി, തദ്ദേശ സ്വയംഭരണവകുപ്പിന്റെ 01.10.2001 ലെ 39890/ഡി3/01 നമ്പർ സർക്കുലർ എന്നിവ പ്രകാരം സ്ഥലവിലയുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്ന് ലഭ്യമാക്കേണ്ടതുണ്ട്. ഇതിൻ പ്രകാരം 04.10.02, ഇ4 13220/02 നമ്പർ കത്ത് പ്രകാരം കണ്ണൂർ തഹസിൽദാറോട് വാല്വേഷൻ സർട്ടിഫിക്കറ്റിനായി അഭ്യർത്ഥിക്കുകയുണ്ടായി. തഹസിൽദാറിൽ നിന്ന് മറുപടി കിട്ടാത്തതിനാൽ 30.01.2003 ന് തഹസിൽദാർക്ക് ഓർമ്മക്കുറിപ്പ് അയച്ചു.

തുടർന്ന് തഹസിൽദാർ 29.05.03 ന് 22107/42 ന് ലാന്റ് വാല്യൂഷേൻ സർട്ടിഫിക്കറ്റ് (2,09,720/- രൂപ) അനുവദിക്കുകയുണ്ടായി.

29.05.03 ന് വാല്വേഷൻ ലഭിച്ചതിനെ തുടർന്ന് 31.07.03 ന് ഇ4-13220/02 നമ്പർ കത്തായി സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി മുൻകൂർ അനുമതി തേടി തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് കത്തയക്കുകയുണ്ടായി.

28.08.2003 ലെ 40805/ഡി3/2003 കത്ത് പ്രകാരം തദ്ദേശ ഭരണ സെക്രട്ടറി നിശ്ചിത ഫോർമാറ്റിൽ നഗരകാര്യ ഡയരക്ടർ

മുഖാന്തിരം സർക്കാരിലേക്ക് അപേക്ഷ നൽകാൻ മറുപടി നൽകുകയുണ്ടായി.

6 മാസമായിട്ടും നഗരസഭ മറുപടി നൽകാത്തതിൽ അതൃപ്തി അറിയിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മേൽ നമ്പറിൽ 13.02.2004 ന് നഗരസഭാ സെക്രട്ടറിക്ക് ഡി.ഒ ലെറ്റർ അയച്ചു.

അടിയന്തിര പ്രാധാന്യം നൽകി ചെയ്തു തീർക്കാൻ തീരുമാനിച്ച പദ്ധതി 2 വർഷത്തിലേറെ (2006 വരെ) ഒരനക്കവുമില്ലാതെ കിടക്കുന്നതായിട്ടാണ് പിന്നീട് കാണുന്നത്. മുനിസിപ്പൽ കൗൺസിലർ ടി ലക്ഷ്മണൻ 03.03.06 ന് വാർഡ്സഭയിൽ വിഷയം ഉന്നയിക്കുകയും തുടർന്ന് നഗരസഭാ ചെയർമാന് രേഖാ മൂലം പരാതി നൽകുകയും ചെയ്തപ്പോളാണ്, ഫയലിന് വീണ്ടും ജീവൻവക്കുകയുണ്ടായത്.

12.05.06 നഗരസഭ വാല്യേഷൻ സർട്ടിഫിക്കറ്റിനായി വീണ്ടും കലക്ടർക്കും തഹസിൽദാർക്ക് കത്തയച്ചുവെങ്കിലും രേഖകൾ തൃപ്തികരമല്ല എന്നും ഭൂമിയുടെ അസൈൻ മെന്റ് സ്കെച്ച് കൂടി ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് രണ്ട് വർഷത്തിനുശേഷം (12.05.08 ന് )മാത്രമാണ് കലക്ടറേറ്റിൽ നിന്ന് മറുപടി ഉണ്ടായത്.

28.08.08 ന് കലക്ടേറ്റിൽ നിന്ന് രണ്ട് ദിവസത്തിനകം സ്കെച്ച് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ മൂന്ന് മാസത്തിന് ശേഷം 12.11.08 ന് ആണ് മറുപടി നൽകിയിട്ടുള്ളത്.

16.03.2010 ലെ-നം.ജി/20364/06 നമ്പർ കത്ത് പ്രകാരം കലക്ടർ സ്ഥലത്തിന് ഒരു സെന്റിന് 15,004 രൂപ വില നിശ്ചയിച്ച് വാല്യേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

നഗരസഭ കൗൺസിൽ 14/21.5.10 ാം തീരുമാന പ്രകാരം ലാന്റ് അക്വിസിഷൻ സംബന്ധിച്ച് സർക്കാരിന് നഗരകാര്യ ഡയറക്ടർ മുഖേന വീണ്ടും കത്തയച്ചു. (22.12.10 ലെ ഇ4-13220/08 നമ്പർ കത്ത്)

നഗരകാര്യ ഡയറക്ടർ 19.03.2011 ലെ ജി3 77/11 പ്രകാരം പ്രപ്പോസലിന്റെ കൂടെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല എന്ന് പറഞ്ഞ് പ്രപ്പോസൽ മടക്കുകയും ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് കിട്ടാൻ ഏറെകാലതാമസം വരുമെന്നതിനാൽ ആയതിന് കാത്തു നിൽക്കാതെ അനുമതി നൽകണമെന്നാവശ്യപ്പെട്ട് 16.05.2011 ന് ഇ4-13220/02 പ്രകാരം വീണ്ടും നഗരകാര്യ ഡയറക്ടർക്ക് കത്തയക്കുകയും ചെയ്തു.

തുടർന്ന് സ.ഉ(സാ)1962/2011 തസ്വഭവ തീയതി.19.08.11 പ്രകാരം 606.44 ച.മീ സ്ഥലം അക്വയർ ചെയ്യുന്നതിന് നഗരസഭക്ക് സർക്കാർ മുൻകൂർ അനുമതി നൽകുകയുണ്ടായി.

സർക്കാർ ഉത്തരവ് കലക്ടറേറ്റിൽ ലഭിച്ചതിനെ തുടർന്ന് 07.09.11 ന് സി1/40916/11 നമ്പർ കത്ത് പ്രകാരം സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കാൻ ജില്ലാ കലക്ടർ നഗരസഭാ സെക്രട്ടറിക്ക് കത്തു നൽകി. നഗരസഭ ഈ വിഷയത്തിൽ കലക്ടർക്ക് മറുപടി നൽകിയത് 13.09.12 ന് അതായത് ഒരു വർഷത്തിന് ശേഷം.

രേഖകളുടെ കൂടെ അടങ്കൽ പകർപ്പ് ഇല്ലെന്ന് കാണിച്ച് 27.09.12 ന് സി1/46017/12/24.09.12 നമ്പർ കത്ത് കലക്ടറിൽ നിന്നും നഗരസഭക്ക് ലഭിക്കുന്നു. 05.10.12 ന് തലശ്ശേരി L.A സ്പെഷ്യൽ തഹസിൽദാർ 2712/12(1) 05.10.12 കത്ത് പ്രകാരം അലൈൻ മെന്റ് സ്കെച്ചിലെ അപാകത പരിഹരിക്കാൻ വീണ്ടും നഗരസഭയ്ക്ക് കത്ത് നൽകുന്നു.

ജില്ലാകലക്ടർ 20.04.13 ലെ സി.46017/12 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് രേഖകൾ എല്ലാം ശരിയാക്കി അന്തിമ അനുമതിക്കായി കത്തയക്കുന്നു.

05.03.2013 ന് ചേർന്ന ഹൈലെവൽ കമ്മിറ്റി യോഗം കണ്ണൂർ നഗരസഭയിലെ 6.064 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ (ജി.ഒ(ആർടി)5418/13 RD, 07.10.13) പ്രകാരം അനുമതി നൽകിയതിന് നെഗോസിയേഷൻ നടത്തി മാത്രം തീരുമാനമെടുക്കാൻ സർക്കാർ ഉത്തരവായി.

സ്പെഷ്യൽ തഹസിൽദാറുടെ 17.09.15 ലെ എ2727/12 കത്ത് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സർ വേ പ്രസിദ്ധീകരണ ചെലവ് (പത്ര പരസ്യം)75,000/- രൂപ ചെക്ക് നം.842599/24.03.15 പ്രകാരം സ്പെഷ്യൽ തഹസിൽദാർക്ക് അയച്ചുകൊടുത്തു. ആയതിന്റെ ചെലവ് വിവരമോ വിനിയോഗ വിവരമോ ഫയലിൽ ലഭ്യമല്ല.

സ്റ്റേറ്റ് ലെവൽ എംപവേഡ് വാർഡ് കമ്മിറ്റി 28.05.2015 ന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ജി.ഒ(ആർടി)3164/15 തീയതി.19.06.15 പ്രകാരം സ്ഥലം എടുത്തതിന് അന്തിമമായി അനുമതി നൽകുകയുണ്ടായി.

1.8 ആർ 1 ആർ ന് -10,23,036 രൂപ

ആകെ തുക -18,41,465/- രൂപ

വീണ്ടും അനാസ്ഥ

അന്തിമ അനുമതി കിട്ടിയിട്ടും നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് 29.10.2015 ന് ജില്ലാ കലക്ടറുടെ ഓർമ്മക്കുറിപ്പ് നഗരസഭയ്ക്ക് ലഭിക്കുകയുണ്ടായി. 02.07.16 ലെ 2727/12 കത്ത് പ്രകാരം എൽ.എ തഹസിൽദാർ തലശ്ശേരി 18,41,465/- രൂപ അടിയന്തിരമായി അനുവദിക്കാൻ ആവശ്യപ്പെടുന്നു.

ഒരു വർഷമായിട്ടും ഒരു നടപടിയും സ്വീകരിക്കാത്തതിനാൽ അതൃപ്തി രേഖപ്പെടുത്തി 19.10.16 ന് കലക്ടറുടെ മുന്നറിയിപ്പ് വീണ്ടും നഗരസഭയ്ക്ക് ലഭിക്കുകയുണ്ടായി. 10 ദിവസത്തിനകം തുടർനടപടി അറിയിച്ചിട്ടില്ലെങ്കിൽ ഭൂമി ഏറ്റെടുക്കേണ്ടതില്ല എന്ന നിഗമനത്തിൽ കാര്യങ്ങൾ മുന്നോട്ട് പോകുമെന്ന് അറിയിച്ചതിനെ തുടർന്ന് 2017-18 ൽ പ്രോജക്ട് 1316/18 വികസന ഫണ്ടിൽ നിന്നും 18,41,465 രൂപ വകയിരുത്തി അഡീഷണൽ സെക്രട്ടറി ഇ4-13220/02, തീയതി.08.02.2018 പ്രകാരം 18,41,465/- രൂപ 0.0180 ഹെക്ടർ സ്ഥലം (1.8ആർ) അക്വയർ ചെയ്യുന്നതിന് സ്പെഷ്യൽ തഹസിൽദാർ(LA)ക്ക് അനുവദിക്കുകയുണ്ടായി.

02.07.16 ന് അനുവദിച്ചുവെങ്കിലും തുക നൽകുന്നത് 08.02.2018 ന് മാത്രമാണ്. ബിൽ നം.673/08.02.2018- 18,41,465, അക്കൌണ്ട് നം.722031400000349, ട്രഷറി.

നഗരത്തിൽ നിന്നും മലിനജലവും മറ്റും കാരണം ജനജീവിതം ബുദ്ധിമുട്ടിലായതിനാൽ അടിയന്തിര നടപടിക്കായി തുടങ്ങിയ പദ്ധതിക്ക് സ്ഥലം അക്വയർ ചെയ്യാൻ നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ ഉദാസീനത കാരണം വിലപ്പെട്ട 16 വർഷങ്ങൾ ആണ് കടന്നു പോയത്.

ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)അടിയന്തിര പ്രാധാന്യം എന്ന് പറഞ്ഞ് തുടങ്ങിയ പദ്ധതിക്ക് അടിയന്തിര പ്രാധാന്യം നഷ്ടപ്പെട്ടു.

2)സ്ഥലം ഏറ്റെടുക്കാൻ തന്നെ 16 വർഷം കാത്തിരിക്കേണ്ടി വന്നു.

3)18,41,465 രൂപ നഗരസഭ സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയെങ്കിലും സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികളും നഗരസഭയുടെ പേരിൽ രജിസ്റ്റർ ചെയ്യാനുള്ള നടപടിയും പൂർത്തീകരിച്ചതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

4)ലാന്റ് വാല്യൂ വർധന ആവശ്യപ്പെട്ട് നിലവിൽ കോടതി വ്യവഹാരത്തിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5)ഓവുചാൽ നിർമാണ പ്രവർത്തനത്തിന്റെ നിലവിലെ അവസ്ഥ , നിർമാണ പ്രവർത്തനം തുടങ്ങിയവിവരം നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതി വിവരം എന്നിവ ലഭ്യമാക്കിയില്ല.

6)അക്വയർ ചെയ്ത 1.8 ആർ സ്ഥലം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നൽകിയ AE-No.15/2017-18/AO(HG)/KNM-KSA തീയതി.15.01.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ ചെലവു തുകയായ 18,41,465/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 മരക്കാർകണ്ടി എസ്.സി/ എസ് ടി ഫ്ലാറ്റ് നിർമ്മാണം-. വിനിയോഗ വിവരം ഹാജരാക്കാത്തതിനാൽ തഹസിൽദാർക്ക് മുൻകൂറായി നൽകിയ 44,80,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| ഫയൽ നമ്പർ | 24141/16 | |
|---|---|---|
| പ്രോജക്ട് | 1096/18 സ്പിൽ ഓവർ | 1076/18 (പുതിയത്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | അഡീഷണൽ സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ |

| പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | | ചെലവ് | ബിൽ നമ്പർ /തീയ്യതി |
|---|---|---|---|---|---|---|
| 1096/18 (സ്പിൽ ഓവർ) | മരക്കാർകണ്ടി എസ്.സി ഫ്ളാറ്റ് നിർമ്മാണം | സെക്രട്ടറി | വികസന ഫണ്ട് | 51110 | 51110 | 171901470018<br>00183728<br>/22.06.2017 |
| | | | തനത് ഫണ്ട് | 2509439 | 2509439 | 171901470018<br>00183971/<br>22.06.2017 |
| | | ആകെ | | 2560549 | 2560549 | |
| 1076/18 (പുതിയത്) | | അഡീഷണൽ സെക്രട്ടറി | വികസന ഫണ്ട് | 23190537 | 23190537 | 1)171901470036<br>00346911/<br>10.08.2017<br>2)171901470036<br>00512355/<br>03.10.2017<br>3)171901470036<br>01107151/<br>05.03.2018 |
| | | ആകെ | | 23190537 | 23190537 | |

1)എസ്. സി ഫ്ലാറ്റിന് സ്ഥലം ഏറ്റെടുക്കൽ. നടപടിക്രമങ്ങളിലെ കാലതാമസം

1)പലിശയിനത്തിൽ നഗരസഭക്ക് ദിനം പ്രതി ആയിരങ്ങളുടെ ബാധ്യത

മരക്കാർ കണ്ടിയിൽ എസ് സി ഫ്ലാറ്റിന് സ്ഥലം ഏറ്റെടുക്കൽ പദ്ധതിയിൽ സ്ഥലത്തിന് നഷ്ടപരിഹാരം ൽകുന്നതിന് നിയമനടപടികൾ അനന്തമായി നീളുന്നതിനാൽ നഗരസഭക്ക് പ്രതിദിനം തന്നെ ആയിരക്കണക്കിന് രൂപ പലിശയിനത്തിൽ വർഷങ്ങളായി നൽകേണ്ടിവരുന്ന അവസ്ഥയിലാണ്. ഇതുമായി ബന്ധപ്പെട്ട് അഞ്ച് കേസുകൾ തലശ്ശേരി സബ് കോടതിയിൽ നിലവിലുണ്ട്. 2008 ൽ സ്ഥലമെടുപ്പ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും കോടതി വ്യവഹാരം കഴിഞ്ഞ് തീർപ്പ് വരുന്നത് 2015,2017 കാലയളവിൽ മാത്രമാണ്. 404,405,406,407എന്നിങ്ങനെ LAR കേസുകൾ ഉള്ളതിൽ വിവിധകേസുകളിലെ വിശദവിവരം താഴെ കൊടുക്കുന്നു

| | | | | | |
|---|---|---|---|---|---|
| 1 | LARNo &EP No | 404/11 | 405/11 | 406/11 | 407/11 |
| 2 | നോട്ടിഫിക്കേഷൻ തീയ്യതി | 29/7/2008 | 29/7/2008 | 29/7/2008 | 29/7/2008 |
| 3 | തുക നൽകിയ ദിവസം | 8/10/2010 | 8/10/2010 | 8/10/2010 | 8/10/2010 |
| 4 | സ്ഥലം ഏറ്റെടുത്തദിവസം | 3/11/2010 | 3/11/2010 | 3/11/2010 | 3/11/2010 |
| 5 | കോടതി വിധി വന്ന തീയ്യതി | 21/11/15 | 18/1/2017 | 21/11/2015 | 21/11/2015 |
| 6 | ഏറ്റെടുത്ത സ്ഥലം(ഹെക്ടറിൽ) | .3157 | .5200 | .0611 | .1836 |
| 7 | കോടതി വിധി പ്രകാരംഅധികം നൽകേണ്ട തുക (49500- 3582 )/ സെന്റ് | 3580613 | 5897747 | 692985 | 2082357 |

| | | | | | |
|---|---|---|---|---|---|
| 8 | 30% സൊളേഷ്യം | 1074184 | 1769324 | 207895 | 624707 |
| 9 | നോട്ടിഫിക്കേഷൻ മുതൽ തുക നൽകിയദിവസം വരെ 12% അധിക സ്ഥലവില | 944105 | 1553127 | 189099 | 568226 |
| 10 | (7+8+9)ന്റെ 9%ഒരു വർഷ പലിശ (സ്ഥലം ഏറ്റെടുത്തദിവസം മുതൽ ഒരു വർഷം) | 503901 | 829818 | 98098 | 294776 |
| | (7+8+9)ന്റെ 15% (10 ന് ശേഷം 19/7/2017 വരെ) (1825 ദിവസം) | | | 817484 | 2456467 |
| 11 | (7+8+9)ന്റെ 15% (10 ന് ശേഷം 31/10/2016 വരെ) (2085 ദിവസം) | 4799716 | -------- | | |
| | (7+8+9)ന്റെ 15% (10 ന് ശേഷം 26/03/2018 വരെ) (2336 ദിവസം) | | 8851390 | | |
| | ആകെ | 10902519 | 18901406 | 2005561 | 6026533 |
| 12 | കോടതിയിൽനിക്ഷേപിച്ച തുക | 2560549<br>(19/7/17) | 14810537<br>(26/3/18) | 2005561 DD 916994/ 6.1.17 | 6026533 DD 916993 /6.1.17 |
| 13 | ബാക്കി | 8341970 | 4090869 | | |
| 14 | 13ന്റെ 15% പലിശ | (20/7/17 to 10/08/17)<br>75416 | (27/3/18 to 30/6/18) 161393 | | |
| 15 | ആകെ | 8417386 | 4252262 | | |
| 16 | 407/11 ലെ അധികം തുക വരവ് വച്ചത് | 103875 | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 17 | ബാക്കി | 8313511 +66489=<br>8380000 | | | |
| 18 | ബാക്കി 8313511 ഒടുക്ക് വിവരം | bill no 1719047003600346911 11/8/17 | | | |

LAR404/11കേസിൽ തലശ്ശേരി സ്പെഷ്യൽ തഹസിൽദാർ (എൽ എ) യുടെ 31/7/17 ലെ ഇ- 3327/11 കത്ത് പ്രകാരം തയ്യാറാക്കിയ സ്റ്റേറ്റ്മെന്റിൽ ഈ കേസ് തീർപ്പാക്കുന്നതിന് 31/8/17 വരേയുള്ള പലിശ സഹിതം 8313511രൂപ കോടതിയിൽ കെട്ടി വക്കണമെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക 11/8/17 ന് തഹസിൽദാർക്ക് കൈമാറുന്നുണ്ട്.

എന്നാൽ LAR404/11കേസ് 28/8/17 ലെ അദാലത്ത് പ്രകാരം 8380000 രൂപക്ക് തീർപ്പായതായി തലശ്ശേരി സ്പെഷ്യൽ തഹസിൽദാർ (എൽ എ) യുടെ 14/9/17 ലെ ഇ- 3327/11അറിയിക്കുകയുണ്ടായിട്ടുണ്ട്. അദാലത്ത് തീയ്യതിക്ക് മൂന്ന് മാസത്തിനകം ഈ തുക കോടതിയിൽ കെട്ടിവെക്കണമെന്നും അല്ലാത്ത പക്ഷം 15% പലിശ അധികമായി ഒടുക്കണമെന്നും വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. വ്യത്യാസം വരുന്ന തുകയായ 66,489 രൂപ ഒടുക്കുവാൻ ബാക്കിയുണ്ട്. 66,489 രൂപ അഡീ സെക്രട്ടറിയുടെ 28/9/27 ലെ E4 24141/16 പ്രകാരം ഒടുക്കിയിട്ടുണ്ട്.

2) പലിശ ഒടുക്കി ചോരുന്ന നഗരസഭാ ഫണ്ട്

നാല് LAR കേസുകളിൽ എല്ലാത്തിന്നും കോടതി നിശ്ചയിച്ചത് ഒരേ നഷ്ടപരിഹാരമാണ്. എന്നാൽ മൂന്നെണ്ണത്തിന് വിധി വന്നത് ഒരു ദിവസവും നാലാമത്തേതിന് രണ്ടു വർഷം കഴിഞ്ഞുമാണ്. പലിശയിനത്തിൽ നഗരസഭാ ഫണ്ടിൽ നിന്ന് വൻ തുകയാണ് ഈ ഇനത്തിൽ ചെലവ് വരുന്നത്.

ഓഡിറ്റ് കാലയളവ് വരെ നഗരസഭ പലിശ ഇനത്തിൽ ചെലവഴിച്ചതുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | LAR നം | സ്ഥലം ഏറ്റെടുത്ത തീയ്യതി | കോടതി വിധി വന്ന തീയ്യതി | ആകെ ദിവസങ്ങൾ | വിധി ദിവസം വരെ ഒടുക്കേണ്ട പലിശ<br>തുക | ഒടുക്കിയ തുക | അധികം ഒടുക്കേണ്ടി വന്ന പലിശ | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | 404/11 | 3/11/2010 | 21/11/2015 | 1844 | 503901+ 3405389 = 3909290 | 2560549 +<br>103875+<br>8380000 = 11044424 | 7135134 | 11/8/17 നാണ് തുക ഒടുക്കി തീർത്തത് |
| 2 | 405/11 | 3/11/2010 | 18/01/2017 | 2269 | 7214489 + 829818 = 8044307 | 14810537<br>* | 6766230<br>(31/3/18 വരെ) | ഒടുക്ക് കഴിഞ്ഞിട്ടില്ല. 4252262 രൂപയും പലിശയും ബാക്കി |
| 3 | 406/11 | 3/11/2010 | 21/11/2015 | 1844 | 98098 + 662946 = 761044 | 2005561+ 163307<br>35630 = 2204561 | 1244517 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 407/11 | 3/11/2010 | 21/11/2015 | 1844 | 294776 + 1992094 = 2286870 | 6026533 + 200661 = 6227194 | 3940324 | |

കോടതി വിധി വന്നിട്ടും തുക കെട്ടിവെക്കുന്നതിലെ കാലതാമസം മൂലം ഓഡിറ്റ് കാലയളവ് അവസാനിക്കുമ്പോൾ മേൽ പട്ടിക പ്രകാരം 19086205 രൂപ പലിശയിനത്തിൽ മാത്രം നഗരസഭ ഒടുക്കേണ്ടി വന്നിട്ടുണ്ട് .

ഒന്നിച്ച് ഫയൽ ചെയ്ത കേസിൽ മൂന്നെണ്ണത്തിന് ഒരേദിവസം നഷ്ടപരിഹാരം സംബന്ധിച്ച കോടതി വിധി വന്നിട്ടും കൂടുതൽ അക്വയർ ചെയ്ത സ്ഥലത്തിന് അതേ തുക തന്നെ നഷ്ടപരിഹാരം ലഭിക്കാൻ 425 ദിവസം കൂടി കാത്തുനിൽക്കേണ്ടി വന്നപ്പോൾ വികസന പ്രവർത്തനത്തിന് ചെലവഴിക്കേണ്ട തുക പലിശയായി കൊടുത്തു തീർക്കേണ്ട അവസ്ഥയാണ് നഗരസഭക്ക് ഉണ്ടായത്. ഇത് നഗരസഭയുടെ ഭാഗത്ത് നിന്ന് കേസിന്റെ കൃത്യമായ പിന്തുടരൽ ഉണ്ടാകുന്നതിൽ ഉണ്ടായ ജാഗ്രതക്കുറവാണ് കാരണമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഈ രൂപത്തിൽ താങ്ങാനാവുന്നതിലുമധികം തുക പലിശയിനത്തിൽ തന്നെ കൊടുക്കേണ്ടിവരുന്നകാര്യം ഗവ പ്ലീഡർ മുഖാന്തിരം കോടതിയെ ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ മുൻകരുതൽ നഗരസഭാ അധികൃതരിൽ നിന്നുണ്ടായിരുന്നെങ്കിൽ ഇത്രയും ഭീമമായ പലിശ നഷ്ടം നഗരസഭക്ക് ഒഴിവാക്കാനാവുമായിരുന്നു.

3)തഹസിൽദാർക്ക് മുൻകൂർ നൽകിയ 44,80,000 രൂപയുടെ വിനിയോഗവിവരം ഹാജരാക്കിയില്ല .

ഫയൽ- E4 24141/16

മേൽ ഫയലിൽ 05/04/18ലെ E4/196/07 കത്ത് പ്രകാരം കോർപ്പറേഷനിലെ എസ്.സി ഫ്ലാറ്റ് സ്ഥലമെട്ടപ്പുമായി ബന്ധപ്പെട്ട് ഒടുക്കിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കും വിധമാണ്.

| ക്രമനം | LAR കേസ് നം | റീ. സ നം | ഹെക്ടർ | സെന്റ് | ഒടുക്കിയ തുക | ഒടുക്കിന്റെ വിവരം | ഒടുക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| 1 | ലാന്റ് അക്വിസിഷന്റെ ഭാഗമായി സ്പെഷ്യൽ തഹസിൽദാർക്ക് മുൻകൂറായി നൽകിയതുക | | | | 4480000 | | |
| 2 | 404/11 | 733 | .3157 | 77.98 | 11044424 | 2560549+<br>838000<br>103875 | |
| 3 | 405/11 | 734/2 | .52 | 128.4 | 14810537 | 14810537 | 4149710 |
| 4 | 406/11 | 732/1 | .0611 | 15.09 | 2204561 | 2005561+<br>163370<br>35630 | |
| 5 | 407/11 | 730/1 | .1836 | 45.349 | 6227194 | 6331069 -<br>103875 | |

ഫയൽ പ്രകാരം ഒടുക്കിയ തുകകൾ

2017-18 ൽ അഡീഷണൽ സെക്രട്ടറി ഒടുക്കിയത്

പ്രോജക്റ്റ് 1076/18

| | |
|---|---|
| 404/11 | 8380000 + |
| 405/11 | 14810537 |

| | |
|---|---|
| | 23190537 (എസ് സി പി) |

2017-18 ൽ സെക്രട്ടറി ഒടുക്കിയത്

പ്രോജക്ട് 1096/18 (സ്പിൽ ഓവർ)

| | |
|---|---|
| 404/110 | 51110+(തനത് ഫണ്ട്) |
| | 2509439(എസ്.സി.പി) |
| | 2560549 |

2016-17 ൽ സെക്രട്ടറി ഒടുക്കിയത്

| | |
|---|---|
| 406/110 | 2005561+ |
| | 163370 |
| | 2168931. |
| 407/11 | 6026533 |
| | 304536 |
| | 6331069 |

(ഇതിൽ അധികമായ 103875രൂപ 404/11ൽ അഡ്ജസ്റ്റ്ചെയ്തു)

ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് 44,80,000 രൂപ മുൻകൂറായി നൽകിയതായി കാണുന്നുണ്ട്. ഇതിന്റെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന്ഹാജരാക്കാത്തതിനാൽ മുൻകൂർ തുക 44,80,000/- രൂപ തടസ്സത്തിൽവെക്കുന്നു. ഈ വിഷയത്തിൽ വ്യക്തതവരുത്തുന്നതിനായി നൽകിയ AE-No.16/2017-18AO(HG)/KNM-KSA തീയതി 15.01.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ തഹസിൽദാർക്ക് മുൻകൂറായി നൽകിയ 44,80,000/- രൂപ തടസ്സത്തിൽവയ്ക്കുന്നു.

## 1-34 വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ-വിതരണ രേഖകൾ ഹാജരാക്കിയില്ല-4,73,677 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ് ഒ.1188/18 |
| പ്രൊജക്ടിന്റെ പേര് | വയോജന വിശ്രമ കേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ, കണ്ണൂർ |
| അടങ്കൽ | 4,75,000/-(വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 4,73,677/- |
| ബിൽ നമ്പർ/തീയതി. | 33/17-18 തീയതി.21.03.2018 |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള എളയാവൂർ, പള്ളിക്കുന്ന്, എടക്കാട് എന്നീ സോണലുകളിലെ

വയോജന വിശ്രമ കേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി 2 Semi executive table, 3 Shelf (big), Oval table glass top, 6 Wooden Chair without arm, 130 എണ്ണം wooden chair with arm എന്നിവ സ്റ്റോർ പർ ച്ചേസ് (എ) വകുപ്പിന്റെ 07.07.2017 ലെ G.O(Rt) No.40/2017/SPD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് റബ് കോയിൽ നിന്ന് നേരിട്ട് വാങ്ങിയിട്ടുണ്ട്. 24.02.2018 ലെ RHW/17-18/464 നമ്പർ ഇൻ വോയിസ് പ്രകാരം 4,73,677/- രൂപയുടെ കൺ സോളിഡേറ്റഡ് ബിൽ റബ് കോയിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്.(Semi executive table 19,476 രൂപ, Shelf big- 59,604/-രൂപ, Oval table glass top-13,866 രൂപ/- ,Wooden Chair With arm-2,78,590/- രൂപ, Wooden Chair Without arm 11,538/- രൂപ) [CGST-34,476/- രൂപ,SGST-34477, Transportation Charges-21,650 രൂപ ] ഇത് പ്രകാരം 4,73,677/- രൂപ 21.03.2018 ന് റബ്കോ കൈപ്പറ്റിയതിന്റെ രശീതി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ എളയാവൂർ, എടക്കാട്, പള്ളിക്കുന്ന് സോണലുകളിലെ വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചറുകൾ ലഭ്യമാക്കിയതിന്റെ വിതരണ രേഖകളും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിൽ ലഭ്യമാക്കാൻ നൽകിയ AENo. 17/2017-18/ CM4/ KNM-KSA തീയതി.15.01.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ വിതരണ രേഖകളുടെ അഭാവത്തിൽ 4,73,677/- രൂപ ഓഡിറ്റിൽ താത്കാലികമായി തടസ്സപ്പെടുത്തുന്നു.വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണ്ണിച്ചറുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1054/18(സ്പിൽ ഓവർ) |
| പ്രോജക്റ്റിന്റെ പേര് | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| നിർവഹണ ഉദ്യോഗസ്ഥ | മെമ്പർ സെക്രട്ടറി ( സി.ഡി.എസ്.) |
| പദ്ധതി അടങ്കൽ | 5,00,000/- വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ബിൽ നമ്പർ, തീയ്യതി, തുക | 1 തീയ്യതി 30-06-2017 തുക 5,00,000 |
| ചെക്ക് നമ്പർ, തീയ്യതി | 76799/31-03-2017 |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ മെമ്പർ സെക്രട്ടറി ( സി.ഡി.എസ്.) നിർവഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം നടപ്പിലാക്കിയ മേൽ പ്രോജക്റ്റിന്റെ നിർവഹണത്തിന്റെ ഭാഗമായി വികസന ഫണ്ടിൽ നിന്ന് 5,00,000/ രൂപ കേരള ജല അതോറിറ്റി വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർക്ക് കൈമാറിയിട്ടുണ്ട്. 2016-17 വർഷം തനത് ഫണ്ടിൽ നിന്ന് 5,00,000/- രൂപ (മേൽ പരാമർശിച്ച നമ്പർ ചെക്ക് പ്രകാരം) ഈ പദ്ധതിക്ക് വേണ്ടി നൽകിയിരുന്നു. ഇതു പ്രകാരം ആകെ 10,00,000/- രൂപ ജല അതോറിറ്റിക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. (എസ്റ്റിമേറ്റ് തുക 10,00,000/-)2017 ജൂലൈ 17ാം തീയതി സി.ഡി.എസ് മെമ്പർ സെക്രട്ടറിയും കണ്ണൂർ ജല അതോറിറ്റി വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടിയിലെ ഖണ്ഡിക 6 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള പദ്ധതി കഴിയുന്നത്ര വേഗത്തിൽ ആരംഭിക്കേണ്ടതും പണി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ടതുമാണ്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം , കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഇതേ വരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ AE-20/17-18/CM1/KNM-KSA തീയതി.16.01.2020 ഓഡിറ്റ് എൻക്വയറിക്ക് 24-01-2020ന് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് ജല അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നുമാണ്. ഇതേവരെ പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 2017-18 വർഷത്തെ ചെലവ് തുകയായ 5,00,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-36 ഭവന നിർമ്മാണം എസ്.സി-രേഖകൾ ലഭ്യമാക്കിയില്ല. 1,20,000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1029/18 |
| പ്രോജക്റ്റിന്റെ പേര് | ഭവന നിർമ്മാണം (എസ്.സി) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി ( സി.ഡി.എസ്.) |
| പദ്ധതി അടങ്കൽ | 7,70,000/-വികസന ഫണ്ട് എസ്.സി.പി. |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ മെമ്പർ സെക്രട്ടറി ( സി.ഡി.എസ്.) നിർവഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി വികസന ഫണ്ടിൽ (എസ്.സി.പി.) നിന്നും 1,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ( ബില്ലുകൾ, വൗച്ചറുകൾ, സ്റ്റേജ് സർട്ടിഫിക്കറ്റ് മറ്റ് ചെലവ് രേഖകൾ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബിൽ ബുക്ക് പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | ആകെ തുക |
|---|---|---|
| 1 | 2 തീയതി.24-07-2017 | 90,000 |
| 2 | 4 തീയതി. 28-08-2017 | 30,000 |
| ആകെ | | 1,20,000/- |

കൂടാതെ ക്യാഷ് ബുക്ക് , സബ്സിഡിയറി രജിസ്റ്റർ , പ്രോജക്ട് രജിസ്റ്റർ എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ AE-21/17-18/CM1/KNM-KSA തീയതി.16.01.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 24-01-202ന് ഹാജരാക്കിയ മറുപടിയിൽ പഞ്ചായത്തിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്ന ഒരു ക്ലർക്കാണ് പ്രസ്തുത ഫയലുകൾ കൈകാര്യം ചെയ്തിരുന്നതെന്നും ടിയാൻ പഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയപ്പോൾ മേൽ ഫയലുകകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറിയിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത ഫയൽ തെരച്ചിൽ നടത്തി കണ്ടെത്തുന്നതിന് സമയം അനുവദിക്കണമെന്നുമാണ് അറിയിച്ചത് എന്നാൽ ഇതേ വരെ രേഖകൾ ഹാജരാക്കുകയോ എന്തെങ്കിലും വിശദീകരണം ലഭ്യമാക്കുകയൊ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 1,20,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി – 2017-18- വർഷത്തിൽ നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല.

| | |
|---|---|
| ഫയൽ നമ്പർ | C1-23042/12 |
| കൗൺസിൽ തീരുമാനം | നമ്പർ.-1 തീയതി.26.09.2017 |

കണ്ണൂർ കോർപ്പറേഷൻ കൗൺസിലർ കെ.പ്രകാശൻ ഉന്നയിച്ച ചോദ്യത്തിന് ബഹു.മേയർ നൽകിയ മറുപടി പ്രകാരം 2015-16, 2016-17 വർഷങ്ങളിൽ കണ്ണൂർ കോർപ്പറേഷനിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയിട്ടില്ലായെന്ന് മേൽ തീരുമാന പ്രകാരം കാണുകയുണ്ടായി. 2017-18 വർഷത്തിൽ ടി പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു എന്നും മറുപടിയിൽ പറയുന്നു.

2017-18 വർഷത്തിൽ കണ്ണൂർ കോർപ്പറേഷനിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയിതിന്റെ വിവരം,നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം,ചെലവഴിച്ച തുക വിവരം,100 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിന്റെ വിവരം,കരാർ ജീവനക്കാർക്ക് നൽകുന്ന വേതനത്തിന്റെ വിവരം എന്നിവ ഹാജരാക്കാൻ നൽകിയ AE-25/2017-18 /AO/KNM/KSA തീയതി.25.09.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-38 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,00,000/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.ഒ 744/18 |
| പ്രൊജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |

| | |
|---|---|
| | |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ,യു.പി.എ.സി |
| അടങ്കൽ | 95,000/-വികസന ഫണ്ട് (ടിഎസ് പി)<br>5,000/- തനത് ഫണ്ട്<br>1,00,000/-<br>==== |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ & തീയതി | 3201274692/ തീയതി.26.03.2018- 95,000/- |
| ചെക്ക് നമ്പർ & തീയതി | 340971 തീയതി.27.03.2018 - 5,000/- |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിഭാവനം ചെയ്തതാണ് മേൽ പദ്ധതി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.05.2017 ലെ സ.ഉ(സാധാ) നം.1683/17/തസ്വഭവ പ്രകാരം യോഗ്യരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള 800 ചതുരശ്രഅടിവരെ വിസ്തീർണ്ണമുള്ള വീടിനോട് ചേർന്ന് 100 ചതുരശ്ര അടി വരെ വിസ്തീർണത്തിൽ പഠന മുറി നിർമിക്കാൻ സഹായധനം അനുവദിക്കാവുന്നതാണ്. പഠനമുറി നിർമിച്ചാലുള്ള പരമാവധി വിസ്തീർണ്ണം 900 ചതുരശ്രഅടി മാത്രം ആണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വാലേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് 1,00,000/- രൂപ സഹായധനം നൽകാൻ പദ്ധതി വ്യവസ്ഥ ചെയ്യുന്നു.

ശ്രീ ബാബു.പി.പി (F/o ബിൽഷ ബാബു.കെ) സൌപർണ്ണിക,തോട്ടട,കണ്ണൂർ എന്നവർക്ക് മേൽ പറഞ്ഞ പ്രകാരം ഈ പ്രോജക്ടിൽ 1,00,000/- രൂപ നൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ച അപേക്ഷയിൽ നിലവിലുള്ള വീടിന് 815.05 ചതുരശ്ര അടി (75.72 ച.മീ) വിസ്തീർണ്ണം കാണുന്നു. ഒന്നാം നിലയിൽ കൂട്ടിച്ചേർത്ത മുറിയുടെ വിസ്തീർണ്ണം 316.57 ചതുരശ്ര അടി(29.41 ച.മീ)യും ചെലവ് 1,20,938/- രൂപയുമാണെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ വാലേഷൻ സർട്ടിഫിക്കറ്റ് വ്യക്തമാക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ തന്നെയാണോ വാലേഷൻ റിപ്പോർട്ടിൽ ഒപ്പുവെച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ചാണ് മേൽപ്പറഞ്ഞ ഗുണഭോക്താവിന് 1,00,000/- രൂപ അനുവദിച്ചിട്ടുള്ളത്. 800 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ള വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള പഠന മുറി നിർമിക്കാൻ സഹായധനം നൽകിയത് സ.ഉ.(എംഎസ്)നം.80/ 2017/തസ്വഭവ,തീയതി.03.04.2017 പ്രകാരം പുറപ്പെടുവിച്ച സബ്സിഡിയും, അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയുടെ ഭേദഗതിയും,കൂട്ടിചേർക്കലും ഖ.11.8.11 പ്രകാരമുള്ള സബ്സിഡി മാർഗ്ഗനിർ ദ്ദേശങ്ങളുടെ ലംഘനമാണ്. പുതുതായി നിർമിച്ച പഠനമുറിയുടെ സ്കെച്ച് ഹാജരാക്കിയിട്ടില്ല. സർക്കാർ നിർ ദ്ദേശത്തിനനുസൃതമായി പദ്ധതി പൂർത്തീകരണം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ലാതെയാണ് ഗുണഭോക്താവിന്റെ അപേക്ഷ പാസ്സാക്കി നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് 11.12.2019 ന് AE-7/2017-18/CM.3/ KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ചെലവഴിച്ച 1,00,000/- രൂപ നിരാകരിക്കുന്നു. തുക തിരിച്ചടക്കേണ്ടതാണ്.

## 1-39 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകൽ- രേഖകൾ ഹാജരാക്കാത്തതിനാൽ 35,30,295 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്. ഒ 921/18 |
| പ്രൊജക്ടിന്റെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ,നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| അടങ്കൽ | 1,15,00,000/-വികസന ഫണ്ട്<br>35,00,000/- തനത് ഫണ്ട് |
| ആകെ | 1,50,00,000/-<br>======= |
| ചെലവ് | 35,30,295 |
| ബിൽ നമ്പർ & തീയതി,തുക | 1)003201003524/ 13.02.2018 – 24,60,000/- |
| | 2)003201228600/22.03.2018 – 2,00,295/- |
| | 3)003201274688/26.03.2018 - 4,90,000/- |
| | 4)003201328529/28.03.2018 - 2,90,000/- |
| | 5)003201332926/28.03.2018 30,000/- |
| | 6)003201347322/28.03.2018 - 60,000/-<br>35,30,295/- |

കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ പൊതു വിഭാഗത്തിൽ പ്പെട്ട ബി.പി.എൽ ലിസ്റ്റിൽ പ്പെട്ടവരും അല്ലാത്തവരുമായ (1,00,000/- രൂപയിൽ കുറവു വരുമാനമുള്ള) 150 പേർക്ക് 1 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 98 പേർക്ക് ഒന്നാം ഗഡുവായി 30,000/- രൂപ വീതവും (29,40,000/-) ഇതിൽ 8 പേർക്ക് രണ്ടാം ഗഡുവായി 70,000/- രൂപ വീതവും (5,60,000/-) , ഒരാൾക്ക് രണ്ടാം ഗഡു 30,295/- രൂപയുമടക്കം മൊത്തം 35,30,295//- രൂപ സഹായധനം നൽകിയിട്ടുണ്ട്. സ.ഉ(എംഎസ്)നം.80/2017/തസ്വഭവ , തീയതി.03.04.2017 പ്രകാരമുള്ള നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും, അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖയിൽ (ഖ.8.6.2) ഇപ്രകാരം ധനസഹായം നൽകണമെങ്കിൽ, വാർഷിക വരുമാനം 1,00,000/- രൂപയിൽ കുറവായിരിക്കണമെന്നും നിലവിലുള്ള വീട് നിർമ്മിച്ച് 8 വർഷമെങ്കിലും കഴിഞ്ഞിരി ക്കണമെന്നും തറവിസ്തീർണ്ണം 60 ചതുരശ്ര മീറ്ററിൽ കുറവായിരിക്കണമെന്നും, എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ചശേഷം മാത്രമേ സബ് സിഡി നിരക്ക് നിർണയിക്കാവൂ എന്നും പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണയം നടത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം അവസാന ഗഡു സബ്സിഡി നിർണയിക്കേണ്ടതെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ധനസഹായം അനുവദിച്ച 98 പേരുടെയും അർഹത തെളിയിക്കുന്ന താഴെ കൊടുത്ത രേഖകളും അവസാന ഗഡു ലഭിച്ച 9 പേരുടെ വീട് എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണയം നടത്തിയതിന്റെ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥന്റെ ചെലവു രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകളായ എസ്റ്റിമേറ്റ്,വരുമാന സർട്ടിഫിക്കറ്റ്,ഗുണഭോക്തൃ ലിസ്റ്റ്,വീടിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിനായി 11.12.2019 ന് നല്കിയ AE-8/2017-18/CM.3/ KNM/KSA ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 35,30,295/- രൂപ തടസ്സപ്പെടുത്തുന്നു.നിർവ്വഹണോദ്യോഗസ്ഥന്റെ ചെലവു രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകളായ എസ്റ്റിമേറ്റ്,വരുമാന സർട്ടിഫിക്കറ്റ്,ഗുണഭോക്തൃ ലിസ്റ്റ്,വീടിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-40 പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വിവാഹ ധനസഹായം-ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്ഒ 955/18 |
| പ്രൊജക്ടിന്റെ പേര് | വിവാഹധനസഹായം (പട്ടികജാതി) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റ് ഓഫീസർ ,നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പദ്ധതി അടങ്കൽ | 10,00,000/-രൂപ (വികസന ഫണ്ട്,എസ്.സി.പി) |
| ചെലവ് | 2,00,000/- രൂപ |
| ബിൽ നമ്പർ/തീയതി | 222371/17.07.2017 |

നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ, പ്രൊജക്റ്റ് ഓഫീസർ നടപ്പിലാക്കിയ, പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം എന്ന പ്രൊജക്റ്റിന് മേൽ ബിൽ പ്രകാരം 2,00,000/- രൂപ ട്രഷറിയിൽനിന്ന് പിൻവലിച്ചതായി കാണുന്നു. എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ [ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷകൾ, തുക കൈപ്പറ്റിയ രശീതി(രജിസ്റ്റർ),മോണിറ്ററിംഗ് റിപ്പോർട്ട്, ഫയൽ എന്നിവ] ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 16.01.2020 ന് AE-18/2017-18/CM3/KNM /KSAനമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-41 പൈപ്പ് ലൈൻ സ്ഥാപിച്ച വകയിൽ വാട്ടർ അതോറിറ്റിക്ക് തുക നൽകൽ-രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക 5,00,463/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ്ഒ 1179/18 |
| പ്രൊജക്റ്റിന്റെ പേര് | അരയാൽത്തറ മുതൽ പുല്ലപ്പി എസ്.സി. കോളനി വരെ നിലവിലുള്ള ചെറിയ പൈപ്പ് ലൈൻ മാറ്റി വലിയ പൈപ്പ് ലൈൻ സ്ഥാപിച്ച വകയിൽ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള അധിക തുക നൽകൽ. |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റ് ഓഫീസർ ,നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പദ്ധതി അടങ്കൽ | 5,00,463/-രൂപ (വികസന ഫണ്ട്,എസ്.സി.പി) |
| ചെലവ് | 5,00,463/- രൂപ |
| ബിൽ നമ്പർ/തീയതി | 0003200561395 തീയതി.21.10.2017 |

നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ,പ്രൊജക്റ്റ് ഓഫീസർ നടപ്പിലാക്കിയ, അരയാൽത്തറ മുതൽ പുല്ലപ്പി എസ്.സി. കോളനി വരെ നിലവിലുള്ള ചെറിയ പൈപ്പ് ലൈൻ മാറ്റി വലിയ പൈപ്പ് ലൈൻ സ്ഥാപിച്ച വകയിൽ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള അധിക തുക നൽകൽ എന്ന പദ്ധതിയുടെ നിർവഹണത്തിനായി ട്രഷറിയിൽ നിന്ന് മേൽ ബിൽ പ്രകാരം 5,00,463/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ (വൗച്ചർ, എസ്റ്റിമേറ്റ്. വാട്ടർ അതോറിറ്റിക്ക് നൽകിയ കത്ത്, വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയ രശീതി, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പദ്ധതി വിജയകരമായി പൂർത്തിയാക്കിയതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട്, ഫയൽ എന്നിവ )ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ബിൽ ബുക്ക പ്രകാരം തുക പിൻവലിച്ചതായി കാണുന്നു. കോർപ്പറേഷനിലെ പദ്ധതി ചെലവ് രേഖയായ സുലേഖ പരിശോധിച്ചതിൽ 5,00,463/- രൂപ ചെലവഴിച്ചതായും രേഖപ്പെടുത്തിയതായി കാണുന്നു. ആയതിൽ നിന്നും ടി തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 16.01.2020 ന് AE-19/2017-18/CM3/ KNM/KSAനമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 5,00,463/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 ദേശീയ നഗര ഉപജീവന മിഷൻപദ്ധതി : എ.എൽ.എഫുകൾക്ക് റിവോൾവിംഗ് ഫണ്ട്-1200000 രൂപ അധികം തുക അനുവദിച്ചത് സംബന്ധിച്ച്.

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യം വച്ചു കൊണ്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദീൻ ദയാൽ അന്ത്യോദയാ യോജനാ- ദേശീയ നഗര ഉപജീവന

മിഷൻപദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ ഏരിയാ ലെവൽ ഫെഡറേഷനും (എ.എൽ.എഫ്.) 50,000/- രൂപ വീതം ( കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4-07-2015ലെ 6701/F/2013/KSHO നമ്പർ സർക്കുലർ) റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നതാണ്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22-06-2015ലെ 16701/F/2013/KSHO ഉത്തരവ് പ്രകാരം കേരളത്തിലെ കുടുംബശ്രീ എ.ഡി.എസുകളെ എൽ.യു.എൽ.എം ആവശ്യങ്ങൾക്ക മാത്രമായി എ.എൽ.എഫ്. എന്ന പുനർ നാമകരണം ചെയ്തിരുന്നു. കണ്ണൂർ നഗരസഭ രൂപീകരിച്ച സമയത്ത് കുടുംബശ്രീയിൽ പുന:സംഘടന നടത്താതെ മുനിസിപ്പാലിറ്റിയിലെ സോണൽ ഓഫീസുകളായി മാറിയ പഞ്ചായത്തുകളിലെയും എ.ഡി.എസുകളെ പ്രത്യേകം നിലനിർത്തി റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. ഇപ്രകാരം 90 എ.ഡി.എസുകൾക്ക് 50,000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരുന്നു. 2015-16ൽ 65 എ.ഡി.എസുകൾക്കും (53+12) 2017-18ൽ 25 എ.ഡി.എസു.കൾക്കും തുക അനുവദിച്ചു. ആകെ 45,00,000 രൂപ ഇപ്രകാരം കൈമാറിയിട്ടുണ്ട്.

സ്വയം സഹായ സംഘങ്ങളുടെ മൊത്തം സമ്പാദ്യം വർദ്ധിപ്പിക്കുകയും കൂടുതൽ തുക ആന്തരിക വായപയായി അംഗങ്ങൾക്ക് വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്യാവുന്ന അവസ്ഥയിലേക്ക് സ്ഥാപനത്തിന്റെ ശാക്തീകരണം ലക്ഷ്യമിട്ടാണ് റിവോൾവിംഗ് ഫണ്ടുകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്.

കണ്ണൂർ നഗരസഭയിൽ 55 ഡിവിഷനുകളാണുള്ളത്. ഇതനുസരിച്ച് 55 എ.ഡി.എസുകളാണ് നഗരസഭയിൽ ഉണ്ടാകാവുന്നത്. പിന്നീട് നഗരസഭാ വാർഡ് അടിസ്ഥാനത്തിൽ എ.ഡി.എസുകൾ പുന:ക്രമീകരിക്കപ്പെട്ട് 55 എ.ഡി.എസു.കളായി ചുരുങ്ങിയപ്പോൾ മേൽ പരാമർശിച്ച പരിധിയിൽ കൂടുതൽ റിവോൾവിംഗ് ഫണ്ട് ലഭിച്ച എ.ഡി.എസു.കളും തുകയൊന്നും ലഭിക്കാത്ത എ.ഡി.എസു.കളും എന്ന അവസ്ഥയാണുണ്ടായത്. അധിക തുക ലഭിച്ച എ.ഡി.എസു.കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | എ.ഡി.എസ് | ലഭിക്കേണ്ട തുക | ലഭിച്ച തുക | അധികം ലഭ്യമായ തുക |
|---|---|---|---|---|
| 1 | പള്ളിയാംമൂല | 50,000 | 1,00,000 | 50,000 |
| 2 | കുന്നാവ് | 50,000 | 1,00,000 | 50,000 |
| 3 | തളാപ്പ് | 50,000 | 1,00,000 | 50,000 |
| 4 | വാരം | 50,000 | 1,00,000 | 50,000 |
| 5 | വലിയന്നൂർ | 50,000 | 1,00,000 | 50,000 |
| 6 | ചേലോറ | 50,000 | 1,50,000 | 1,00000 |
| 7 | കാപ്പാട് | 50,000 | 1,50,000 | 1,00000 |
| 8 | മേലേ ചൊവ്വ | 50,000 | 1,00,000 | 50,000 |
| 9 | ആറ്റടപ്പ | 50,000 | 1,00,000 | 50,000 |
| 10 | എടക്കാട് | 50,000 | 1,00,000 | 50,000 |
| 11 | കിഴുന്ന | 50,000 | 1,00,000 | 50,000 |
| 12 | തോട്ടട | 50,000 | 1,00,000 | 50,000 |
| 13 | കുറുവ | 50,000 | 1,00,000 | 50,000 |

| | | | | |
|---|---|---|---|---|
| 14 | പടന്ന | 50,000 | 1,00,000 | 50,000 |
| 15 | നീർച്ചാൽ | 50,000 | 1,00,000 | 50,000 |
| 16 | ടെമ്പിൾ | 50,000 | 1,50,000 | 1,00000 |
| 17 | തായത്തെരു | 50,000 | 1,00,000 | 50,000 |
| 18 | ആയിക്കര | 50,000 | 1,00,000 | 50,000 |
| 19 | ചാലാട് | 50,000 | 1,00,000 | 50,000 |
| 20 | വെത്തിലപള്ളി | 50000 | 150000 | 100000 |

പഴയ അക്കൗണ്ടുകളിൽ നിഷ്ക്രിയമായി തുക നിലനിൽക്കുന്നു .

നഗര സഭ ലഭ്യമാക്കിയ വിവരം അനുസരിച്ച് താഴെ ചേർക്കുന്ന എ.ഡി.എസുകൾ അധികം ലഭിച്ച തുകകൾ പൂർണ്ണമായും പുതിയ എ.ഡി.എസുകൾക്ക് കൈമാറ്റം ചെയ്യപ്പെടാതെ പഴയ എ.ഡി.എസ് അക്കൗണ്ടുകളിൽ തന്നെ ഇപ്പോഴും നില നിൽക്കുകയാണ്.

| ക്രമ നമ്പർ | ഇപ്പോഴത്തെ എ.ഡി.എസ് | ഔദ്യോഗിക അക്കൗണ്ടിൽ ഉള്ള തുക | എ.ഡി.എസിന് കൈമാറ്റം ചെയ്യപ്പെടാതെ പഴയ അക്കൗണ്ടിലുള്ള തുക | അക്കൗണ്ട്നില നിർത്തിയിരിക്കുന്ന പഴയ എ.ഡി.എസ് |
|---|---|---|---|---|
| 1 | കിഴുന്ന | 50,000 | 50,000 | തോട്ടട |
| 2 | തോട്ടട | 50,000 | 50,000 | കക്കറ |
| 3 | ആയിക്കര | 50,000 | 50,000 | താവക്കര ഈസ്റ്റ് |
| 4 | വെത്തിലപ്പള്ളി | 50,000 | 1,00000* | *വെത്തിലപ്പിള്ളി ഈസ്റ്റ് -50,000<br>വെത്തിലപ്പിള്ളി വെസ്റ്റ്- 50,000 |

നഗരസഭ രൂപീകരിക്കപ്പെട്ടിട്ട് അഞ്ചു വർഷത്തിലേറെ ആയിട്ടും മേൽ പരാമർശിച്ചതു പ്രകാരം അനധികൃത അക്കൗണ്ടുകളിൽ സൂക്ഷിച്ചു വരുന്ന 2,50,000/-രൂപ എ.ഡി.എസ് അക്കൗണ്ടിലേക്ക് മാറ്റാൻ സാധിക്കാതിരുന്നത് അതീവ ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത എ .ഡി.എസു.കൾ

മേൽ പരാമർശിച്ചതു പ്രകാരം ഒട്ടേറെ എ.ഡി.എസുകൾ അനർഹമായി അധിക തുകകൾ സൂക്ഷിക്കുകയും പഴയ ചില എ.ഡി.എസ്. അക്കൗണ്ടുകളിൽ തുക നിഷ്ക്രിയമായി സൂക്ഷിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ തുകയൊന്നും ലഭിക്കാത്ത എ.ഡി.എസു.കളും നഗരസഭയിലുണ്ട്. അവയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ | എ.ഡി.എസ്. |
|---|---|

| നമ്പർ | |
|---|---|
| 1 | ഉദയം കുന്ന് |
| 2 | പൊടിക്കുണ്ട് |
| 3 | കൊറ്റാളി |
| 4 | അത്താഴക്കുന്ന് |
| 5 | കക്കാട് |
| 6 | തുളിച്ചേരി |
| 7 | കക്കാട് നോർത്ത് |
| 8 | ശാദുലിപ്പള്ളി |
| 9 | പള്ളിപ്രം |
| 10 | എളയാവൂർ നോർത്ത് |
| 11 | എളയാവൂർ സൗത്ത് |
| 12 | മുണ്ടയാട് |
| 13 | അതിരകം |
| 14 | കാപ്പിച്ചേരി |
| 15 | താഴെ ചൊവ്വ |
| 16 | കിഴുത്തള്ളി |
| 17 | ആദി കടലായി |
| 18 | പടന്ന |

റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് നഗരസഭ വിശദമാമായ പരിശോധനകൾ ഒന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല. അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന രണ്ടര ലക്ഷം രൂപയും അധികം കൈപ്പറ്റിയ തുകകളും തിരികെ ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് വിനിയോഗം സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-43 ഇ.എം.എസ് ഭവന പദ്ധതി –ചെലവഴിക്കാൻ ബാക്കിവന്ന തുക സർക്കാറിലേക്ക് തിരിച്ചൊടുക്കിയതിന്റെ വിവരം ലഭ്യമല്ല.

| ഫയൽ നമ്പർ | സിഡിഎസ് -20938/09 |
|---|---|

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക.3-24 പ്രകാരം, ഇ.എം.എസ് ഭവന നിർമാണ പദ്ധതി സർക്കാർ നിർത്തലാക്കിയതിനാൽ പ്രസ്തുത ആവശ്യത്തിനായി യു.എ.പി.എ പ്രോജക്ട് ഓഫീസറുടെ പേരിൽ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ഇ.എം,എസ് ഭവന പദ്ധതിയുടെ അക്കൌണ്ടിൽ 85,89,420 (ജനറൽ) 97,50,000 (എസ്.സി.പി) തുക ബാക്കിയുള്ളത് അടിയന്തിരമായി സർക്കാറിലേക്ക് തിരിച്ചൊടുക്കണമെന്ന് നിർ ദ്ദേശിച്ചിരുന്നു. ഗുണഭോ ക്താക്കൾ ഇല്ലെന്നറിഞ്ഞിട്ടും പദ്ധതി ചെലവ് കൂട്ടി കാണിക്കുക എന്ന ആവശ്യത്തിനു മാത്രമായിട്ടാണ് വികസന ഫണ്ട് പിൻവലിച്ച് പ്രൊജക്ട് ഓഫീസറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്.

08.03.2017 ലെ ഫയൽ നോട്ട് പ്രകാരം (1,92,97,317 രൂപ) പ്രസ്തുത അക്കൌണ്ടിൽ 9,57,937 രൂപ പലിശയടക്കം ബാക്കിയുള്ളതായി പറയുന്നു.

27.04.2017 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കാൻ ശുപാർശ ചെയ്തിരുന്നു.

ഭരണസമിതി മിനുട്സ് പ്രകാരം 03.08.2017 ന്റെ നാലാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത തുക തിരിച്ചടക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തുന്നു. (ഫയൽ നോട്ടിൽ ഇത് സംബന്ധിച്ച തീരുമാനം രേഖപ്പെടുത്തിക്കാണുന്നില്ല.)

പദ്ധതിയുടെ പ്രവർത്തനങ്ങൾ, നാളിതുവരെയുള്ള നേട്ടങ്ങൾ/കോട്ടങ്ങൾ, ചെലവഴിച്ച തുക, ഭൂരഹിത-ഭവനരഹിതരായ അപേക്ഷകരുടെ എണ്ണം തുടങ്ങി ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളുടെയും വിശദവിവരങ്ങൾ ഹാജരാക്കുന്നതിലേക്കായി 25.09.2020 ന് AE-28/2017-18/AO/KNM/KSA നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും മറുപടിയൊന്നുംതന്നെ ലഭിക്കുകയുണ്ടായില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-44 ഇ-ടോയ് ലറ്റ് - എ.എം.സി ഒടുക്കാത്തതിനാൽ പ്രവർത്തന രഹിതം

| | |
|---|---|
| ഫയൽ നമ്പർ | എച്ച്1-2573/14 |

2012-13,2013-14 വർഷങ്ങളിലെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിൽ 3 ഇ- ടോയിലെറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഒരെണ്ണം 2012-13 ൽ നഗരസഭകാര്യാലയത്തിനു മുന്നിലും, ഓരോന്നുവീതം 2013-14 ൽ പീതാമ്പര പാർക്കിലും ഓഫീസേഴ്സ് ക്ലബ്ബിനു സമീപവും.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.03.12 ലെ ജി.ഒ(ആർടി) 772/12 ഉത്തരവ് പ്രകാരം ഇവയുടെ നിർമ്മാണത്തിനായുള്ള അക്രഡിറ്റഡ് ഏജൻസിയായി നിയമിച്ച ഷോർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസും (മെറ്റിൻഡ്) കെൽ ട്രോണുമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

2013-14 ൽ മെറ്റിൻഡിന് 11,72,118 രൂപയാണ് 2 യൂണിറ്റ് സ്ഥാപിക്കുവാൻ കൊടുത്തിട്ടുള്ളത്.സ്ഥാപനവുമായുള്ള എഗ്രിമെന്റ് പ്രകാരം ഇലക്ട്രോണിക് യൂണിറ്റായതിനാൽ 6 മാസം വാറന്റിയും തുടർന്ന് 7 വർഷത്തേക്ക് എ.എം.സി പ്രകാരമുള്ള സേവനവും സ്ഥാപനം ലഭ്യമാക്കും. നഗരസഭ എ.എം.സി തുക ഒടുക്കിയാലേ ടോയിലെറ്റ് പൂർണരൂപത്തിൽ പ്രവർത്തിപ്പിക്കാൻ പറ്റു എന്നും സർവീസ് മെറ്റിൻഡ് നേരിട്ടോ നിയമിക്കുന്ന അംഗീകൃത ഏജൻസിയോ നടത്തുമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ഇ-ടോയ് ലറ്റിന്റെ പ്രവർത്തനം നോക്കിനടത്താനും, കോയിൻ ഇനത്തിൽ ലഭിക്കുന്ന തുക നഗരസഭാ ഫണ്ടിൽ ഒടുക്കുവാനും രണ്ട് ബിൽ കലക്ടർമാരെ നഗരസഭ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും ഇവർ കൃത്യമായി ജോലി ചെയ്തതായോ ഇ-ടോയിലറ്റിന്റെ പ്രവർത്തനക്ഷമത പരിശോധിക്കുകയോ, പരാതി ഉന്നയിക്കുകയോ ചെയ്തതായോ ഫയലിൽ വിവരം ലഭ്യമല്ല.

07.06.14 ന് തുറന്ന് കൊടുത്ത ടോയിലറ്റിന് 07.12.14 ന് വാറന്റി തീർന്നതിനു ശേഷം 08.12.14 മുതൽ എ.എം.സി തുക ഒടുക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതിനാൽ എ.എം.സി സേവനം കിട്ടാതെ ടോയിലറ്റ് ഉപയോഗ ശൂന്യമായതായി കാണുകയുണ്ടായി.

(19.05.17 ന് മെറ്റൽ ഇൻഡസ്ട്രീസ് നൽകിയ കത്തിൽ എ.എം.സി തുക ഒടുക്കിയില്ലെങ്കിലും എ.എം.സി ഒടുക്കാത്ത കാലയളവായ 08.12.2014 മുതൽ 31.05.2017 വരെ സേവനം നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്)

2014-15, 2015-16 കാലയളവിലെഎ.എം.സി തുകയായ 4,01,004 രൂപ ഒടുക്കാൻ മെറ്റൽ ഇൻഡസ്ട്രീസ് ആവശ്യപ്പെട്ടിട്ടും നഗരസഭ ഒടുക്കാത്തതിനാൽ (അവർ സേവനം നടത്തിയെന്ന് പറയുന്നെങ്കിലും) കൃത്യമായ പരിപാലനത്തിന്റെ അഭാവത്തിൽ ടോയ് ലറ്റ് ഉപയോഗശൂന്യമായി മാറുകയാണുണ്ടായത് എന്ന് കാണുന്നു.

ഇതു സംബന്ധിച്ച് (2017 മെയ് മാസം) പത്രവാർത്ത വന്നതിനെ തുടർന്ന് വിഷയം നഗരസഭ നേരിട്ട് ചർച്ച ചെയ്ത് CR35/03.08.17 പ്രകാരം എ.എം.സി തുകയായ 1,83,600 രൂപ സയന്റിഫിക് എന്ന സ്ഥാപനത്തിന് നൽകാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ ഫയൽ പരിശോധനയിൽ 2017-18 അവസാനിക്കുന്നത് വരെയും ഈ തുക ഒടുക്കിയതായോ തുടർ പരിപാലനം നിർവഹിച്ചതായോ കാണുകയുണ്ടായില്ല.

മെറ്റിൻഡയുമായി തയ്യാറാക്കിയ കരാറിന്റെ 5-ാം ഭാഗത്ത് ഒടുക്കേണ്ട എ.എം.സി, സേവനം ചെയ്യുന്ന സർവീസ് ഏജൻസി, എന്നിവയെപ്പറ്റി പരാമർശിച്ചിട്ടും കരാറനുസരിച്ചുള്ള എ.എം.സി തുക ഒടുക്കാത്തതിനാൽ എ.എം.സി സേവനം കിട്ടാതെ പൊതുപണം നശിച്ചുപോകുന്നത് തടയാൻ നഗരസഭ നടപടി എടുത്തില്ല.കരാർ സ്ഥാപനം നിരവധി തവണ ആവശ്യപ്പെട്ടിട്ടും നഗരസഭ എ.എം.സി ഒടുക്കിയില്ല.

മെറ്റിൻഡിന്റെ 14.06.18 ന്റെ കത്തിൽ ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച കാരണം പീതാംബര പാർക്കിലെ ടോയിലറ്റ് നേരത്തെ തന്നെ അടച്ചുപൂട്ടിയതായും വ്യക്തമാകുന്നു. താൽക്കാലിക പ്രശ്നം പരിഹരിച്ച് എ.എം.സി തുക(17-18ൽ) നൽകാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയത് നൽകിയതായോ ഒടുക്കിയതായോ കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് ഇ-ടോയിലറ്റിന്റെ നിലവിലുള്ള നിജസ്ഥിതി സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുന്നതിനായി 19.10.2020 ന് നൽകിയ AE-32/17--18/AO/KNM/KSA ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-45 തെരുവ് വിളക്ക് സംയുക്ത പരിശോധന – പരിശോധന നടത്തിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല.

| ഫയൽ നമ്പർ | ഇ4-8494/17 |
|---|---|

തെരുവ് വിളക്കിന് എ .എം.സി നൽകൽ

ഹാജരാക്കിയ ഫയൽ നോട്ട് പ്രകാരം പഴയ കണ്ണൂർ നഗരസഭപരിധിയിൽ 3 മേഖലയായും സോണൽ ഓഫീസുകൾ പ്രത്യേകം പ്രത്യേകമായും എ.എം.സി നൽകിയതായാണ് കാണുന്നത്. ടെണ്ടർ/ഓഫർ നടപടിക്ക് ശേഷം എളയാവൂർ, ചേലോറ, സോണൽ ഓഫീസുകൾ ഒഴികെ ബാക്കി 6 എണ്ണവും ഗ്ലോബൽ അസോസിയേറ്റ് എന്ന സ്ഥാപനത്തിനാണ് നൽകി കാണുന്നത്. സിംഗിൾ ട്യൂബ് 545/-, ഡബിൾ ട്യൂബ് 745 , എസ്.വി.എൽ 1450, സി.എഫ്.എൽ 575 നിരക്കിലാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. കണ്ണൂർ നഗരസഭ സെക്ഷൻ 1, പുഴാതി, എടക്കാട് പള്ളിക്കുന്ന്, ചേലോറ എന്നിവിടങ്ങളിലെ ഫയൽ ആണ് ഹാജരാക്കിയത്. ഇതിൻ പ്രകാരം എ.എം.സി നടത്തി തുക കൈപറ്റിയ തെരുവു വിളക്കുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| | Kannur I | | Kannur II | | Kannur III | | Puzhathi | | Chelora | | Edakkad | | Pallikkunnu | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | I | II | I | II | I | II | I | II | I | II | I | II | I | II |
| 40w tube | 319 | 213 | 176 | 215 | 269 | 190 | 234 | 156 | 634 | 325 | 568 | 187 | 33 | 45 |
| 80W Tube | 7 | 2 | 15 | 8 | 4 | 7 | | | 91 | 248 | 304 | 190 | | |
| CFL | | 2 | | | | | 746 | 255 | | | | | 450 | 257 |
| SVL | | | | | | | 12 | 42 | | | | | 4 | 23 |

നഗരസഭയുടെ തെരുവ് വിളക്ക് പരിപാലനം കൃത്യമായി നടക്കുന്നുണ്ടോയെന്നും ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ കൃത്യമായി കാര്യങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും, പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾക്ക് തുക ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി സംയുക്ത പരിശോധനറിപ്പോർട്ട്, തെരുവ് വിളക്കിന്റെ എണ്ണം സൂചിപ്പിക്കുന്ന ഇൻവോയിസ്, ബൾബുകളൊന്നും പ്രവർത്തിക്കുന്നില്ലെങ്കിലും ബൾബുകൾ കത്തിക്കുന്ന എന്നവിധത്തിൽ തുകഒടുക്കി വരുന്നുണ്ടോ എന്നുള്ള വിവരം അറിയുക, തെരുവ് വിളക്കിന് മീറ്റർ സ്ഥാപിച്ചതിന്റെ വിശദവിവരങ്ങൾ , മീറ്റർ റീഡിങ്ങിനനുസരിച്ചാണ് തുക ഒടുക്കുന്നതെന്നുള്ള വിവരങ്ങളൊക്കെ ലഭ്യമാക്കാൻ 09.11.2020 ന് AE-36/17--18 /AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി നൽകുകയുണ്ടായില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-46 താണയിലെ കണ്ടിജന്റ് ജീവനക്കാരുടെ ക്വാർട്ടേഴ്സ്-പതിച്ചു നൽകിയതിന്റെ വിശദവിവരം ഹാജരാക്കിയില്ല.

| ഫയൽ നമ്പർ | ആർ8-11502/94 |
|---|---|

നഗരസഭ താണയിൽ തനത് ഫണ്ടും ഹഡ്കോ വായ്പയും ഉപയോഗിച്ച് നിർമിച്ച 48 ക്വാർട്ടേഴ്സുകളിൽ 15 എണ്ണം ചട്ടങ്ങൾക്ക് വിരുദ്ധമായി ഒരു ജീവനക്കാരന് രണ്ടെണ്ണം വീതം അനുവദിച്ചതായി കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഹൈക്കോടതിയും ഇത് ശരിയല്ല എന്നും ക്വാർട്ടേഴ്സുകൾ അനർഹരുടെ കയ്യിൽ എത്തിയിട്ടുണ്ടെന്നും അവരിൽ നിന്ന് ഒന്ന് തിരിച്ച് പിടിച്ചതിനു ശേഷം മാത്രമേ കൈവശമുള്ള മറ്റ് ക്വാർട്ടേഴ്സിനു കൈവശാവകാശം നൽകാവൂ എന്നും പറയുകയുണ്ടായി. എന്നാൽ നഗരസഭ കൗൺസിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് മനുഷ്യത്വപരമായ നിലപാട് എന്ന പേരിൽ സർക്കാർ അനുമതിയോടെ രണ്ട് ക്വാർട്ടേഴ്സുകൾ കൈവശപ്പെടുത്തിയാൾക്ക് ആയത് രണ്ടിനും ഉടമസ്ഥാവകാശം നൽകുവാൻ തീരുമാനിച്ചതായി CR No.4/12.04.2018 ൽ കാണുന്നു.

ക്വാർട്ടേഴ്സുകൾ ദുരുപയോഗം ചെയ്തിട്ടില്ല, ഒരാൾക്ക് ഒന്നിൽ കൂടുതൽ പതിച്ചു നൽകിയിട്ടില്ല, അഥവാ പതിച്ചു നൽകിയിട്ടുണ്ടെങ്കിൽ ആയതിന് സർക്കാറിന്റെ അനുമതി ആവശ്യമാണെന്നിരിക്കെ സർക്കാർ നൽകിയ അനുമതിയുടെ ഉത്തരവ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 09.11.2020 ന് AE-37/17--18/AO/KNM/KSA നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി നൽകുകയുണ്ടായില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-47 വ്യാജസത്യവാങ്മൂലം നൽകി അനർഹമായി കൈപ്പറ്റിയ എസ്.സി ഫ്ലാറ്റ് – തുക തിരിച്ചീടാക്കിയ വിവരം ലഭ്യമാക്കിയില്ല.

| കൗൺസിൽ തീരുമാനം | 5/12.04.2018 |
|---|---|
| ഫയൽ നമ്പർ | ആർ10-18949/17 |

നഗരസഭ സാനിറ്റേഷൻവിഭാഗം ജീവനക്കാർക്കായി പണികഴിപ്പിച്ചിട്ടുള്ള ഫ്ലാറ്റ് സമുച്ചയത്തിലെ (5F (23/208 A37)ഫ്ലാറ്റ് അനുവദിക്കപ്പെട്ട ശ്രീമതി അനില.എ എന്നവർ ഫ്ലാറ്റ് അനുവദിക്കുന്ന സമയത്ത് ഭവനരഹിതർക്കുള്ള യാതൊരാനുകൂല്യവും കൈപ്പറ്റിയിട്ടില്ല എന്ന് സത്യവാങ്മൂലം നൽകിയിരുന്നു.

എന്നാൽ പരാതിയെ തുടർന്ന് നഗരസഭ നടത്തിയ അന്വേഷണത്തിൽ ടിയാരി എടക്കാട് ഗ്രാമപഞ്ചായത്തിൽ നിന്ന് 2005-06 ൽ ഭൂരഹിതർക്കുള്ള ഭൂമി പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിന് 19,500 രൂപയും വീട് നിർമ്മാണത്തിന് 30,000/- രൂപയും കൈപ്പറ്റിയിട്ടുണ്ടെന്ന് പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

കൗൺസിൽ മേൽ തീരുമാന പ്രകാരം ഈ വിഷയം ചർച്ച ചെയ്ത് ഫ്ലാറ്റിൽ നിന്നൊഴിവാക്കുന്നത് ബുദ്ധിമുട്ടായതിനാൽ അനർഹമായി കൈപ്പറ്റിയ 49,500 രൂപ പലിശ സഹിതം തിരിച്ചു പിടിക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് (തിരിച്ചടച്ച മുതൽ, പലിശ, തുക വരവ് വച്ച തീയ്യതി എന്നിവ.) കാണിച്ച് 09.11.2020 ന് AE-38/17--18/AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും യാതൊരുവിധ പ്രതികരണവും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-48 വേരിയബിൾ ഡി.എ അനുവദിച്ചത് – എഴുതിത്തള്ളൽ - സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല.

| ഫയൽ നമ്പർ | എച്ച്1-13139/03(1) |
|---|---|

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2004-05) 16മത് റിപ്പോർട്ടിലെ ഖണ്ഡിക 20, 21 ൽ പരാമർശിച്ചിട്ടുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടിയുടെ ഭാഗമായി കണ്ണൂർ നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് 01.04.1994 മുതൽ 30.09.1996 വരെയുള്ള കാലയളവിൽ അർഹതയിലധികം വേരിയബിൾ ഡി.എ നൽകിയത് വഴി 3,50,553

രൂപയിൽ 2,64,230 രൂപ തിരിച്ചൊടുക്കുകയും ബാക്കിയുള്ള 86,323 രൂപ ബന്ധപ്പെട്ട ജീവനക്കാർ മരണപ്പെട്ടതിനാൽ തിരിച്ചടക്കാൻ സാധിച്ചിട്ടില്ല എന്നും അനന്തരാവകാശികൾ ശുഷ്കവരുമാനക്കാരായതിനാൽ സർക്കാർ അനുമതിയോടെ എഴുതിത്തള്ളാൻ CR11/12.04.2018 പ്രകാരം തീരുമാനിച്ചതായി കാണുന്നു.

86,323 രൂപ എഴുതിതള്ളാൻ സർക്കാർ അനുവദിച്ച ഉത്തരവിന്റെ കോപ്പി ഓഡിറ്റിന് ഹാജരാക്കേണ്ടതിലേക്ക് ആവശ്യപ്പെട്ട് നൽകിയ 09.11.2020 ലെ AE-39/17—18/AO/KNM/KSA നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും യാതൊരുവിധ പ്രതികരണവും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-49 ഓഫീസ് കെട്ടിടം ഗുരുതരാവസ്ഥയിൽ കൗൺസിൽ തീരുമാനമെടുത്തിട്ട് മൂന്ന് വർഷം കഴിയുന്നു- തുടർ നടപടി ഒന്നും ആയില്ല.

ഫയൽ നം.ഇ4-5305/08

നഗരസഭ കൗൺസിലിന്റെ 03.08.2017 ലെ 43-ാം നമ്പർ തീരുമാന പ്രകാരം കോർപ്പറേഷൻ ഓഫീസിൽ ജീവനക്കാർക്ക് ഇരുന്ന് ജോലി ചെയ്യാനുള്ള സ്ഥല സൗകര്യം തീരെ ഇല്ലെന്നും ഇത് കാരണം കാര്യങ്ങൾ വളരെ പരിതാപകരമാണെന്നും അഭിപ്രായപ്പെടുകയുണ്ടായി.

കൂടാതെ കോർപ്പറേഷനിലെ കടുംബശ്രീ , ടൗൺ സർ വേ ഓഫീസ്, റിക്കാർഡ് പെൻഷൻ, ഹെൽത്ത് ഇൻ സ്പെക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട് മെന്റ് ,വയോമിത്രം എന്നീ വിഭാഗങ്ങൾ ജോലി ചെയ്യുന്ന ഓഫീസ് കോമ്പൗണ്ടിനകത്തെ പഴയ ഓടിട്ട കെട്ടിടം ജീർണിച്ച് അപകടനിലയിലായതിനാൽ പ്രസ്തുത കെട്ടിടത്തിൽ ജോലി ചെയ്യുന്നവരെ മാറ്റി ടി കെട്ടിടം അടിയന്തിരമായി പൊളിച്ച് നിക്കേണ്ടതുണ്ട് എന്നും പ്രസ്തുത ജീവനക്കാരെ സുരക്ഷിതമായി മാറ്റുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പെട്ടെന്ന് പരിഹരിക്കുന്നതിന് കോർപ്പറേഷന്റെ പുതിയ കെട്ടിടം പണി പൂർത്തിയാക്കുന്നത് വരെ, നിലവിലുള്ള ഹൈക്കോടതിവിധിക്ക് വിധേയമായി, മദർ ആന്റ് ചൈൽഡ് ഹോസ്പിറ്റൽ പ്രവർത്തിക്കുന്ന ഗസ്റ്റ് ഹൗസ് കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റുന്നതിനു തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഇക്കാര്യത്തിൽ ഒരു നടപടിയും എടുക്കാതെ നഗരസഭ ജീവനക്കാരുടെ ജീവന് പോലും ഭീഷണി നിലനിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രവർത്തനം മൂന്ന് വർഷമായിട്ടും നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് 30.11.2020 ന് AE-41/17--18/AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും യാതൊരുവിധ പ്രതികരണവും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-50 പയ്യാമ്പലം ശ്മശാനം - നിലവിലുള്ള സംവിധാനം മാറ്റി പകരം ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നത് -വിവരം ലഭ്യമാക്കിയില്ല.

ഫയൽ നം.ഇ1-20944/15

CR 42/28.10.2017

പയ്യാമ്പലം ശ്മശാനത്തിൽ ശവദാഹത്തിന് നിലവിൽ ഉപയോഗിക്കപ്പെടാത്ത ഇലക്ട്രിക്ക് ക്രിമറ്റോറിയ സംവിധാനം മാറ്റി പകരം 4 ചേമ്പറുകൾ, സന്ദർശക ഗ്യാലറി, ലാൻഡ് സ്കേപ്പ് മുതലായവ ഉൾപ്പെടുത്തി തയ്യാറാക്കിയ 3.4 കോടിയുടെ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സൂചന കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

W.P(c) 112/2014/(L) ഹർജിയിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 03.07.2017 ന്റെ വിധിന്യായത്തിൽ 6 മാസത്തിനകം പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ് എന്ന് നിർ ദ്ദേശിച്ചിട്ടുണ്ട്.

ഡി.പി.ആർ അടക്കമുള്ള തുടർ അംഗീകാരം ലഭിക്കാൻ നഗരകാര്യ ഡയറക്ടർക്കും സാങ്കേതിക അനുമതിക്ക് ശുചിത്വമിഷനിലും വിജിലൻസ് ക്ലിയറൻസിന് പ്രസ്തുത വകുപ്പിനും കത്തയക്കാൻ തീരുമാനിച്ചു. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ ഹാജരാക്കുവാനും സമയപരിധിക്കകം പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയതടക്കമുള്ള തുടർ നടപടികൾ, മേൽ വകുപ്പുകളിൽനിന്നുള്ള അനുമതി പത്രങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുന്നതിനും 30.11.2020 ന് AE-42/17—18/AO/KNM/KSAനമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രതികരണമൊന്നും ഉണ്ടായില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-51 ഭവനരഹിതരുടെ പുനരധിവാസ ഷെൽട്ടർ ഹോമുകൾ നിർമ്മാണം - തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.

CR Lr/28.10.10 NULM (ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.)

നഗരത്തിൽ ഭവനരഹിതരുടെ പുനരധിവാസ ഷെൽട്ടർ ഹോമുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.06.2017 ലെ 6888/ F/2015/KSHO കത്ത് പ്രകാരം തെരുവോരങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും അന്തിയുറങ്ങുന്ന 142 പേരെ പുനരധിവസിപ്പിക്കുന്നതിനായി വയോജന മന്ദിരം, അഗതി മന്ദിരം സ്ത്രീകൾക്കായുള്ള അഭയ കേന്ദ്രം എന്നിങ്ങനെ 3 കേന്ദ്രങ്ങൾ നിർമിക്കുന്നതിന് 30 സെന്റ് സ്ഥലം കണ്ടെത്തി നൽകാൻ വിദഗ്ധ പരിശോധന നടത്തുകയും ചേലോറ, പടന്നപ്പാലം, എടക്കാട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഷെൽട്ടർ ഹോം നിർമിക്കാൻ സ്വീകരിച്ച തുടർ നടപടികൾ, ആയതിന് ചെലവഴിച്ച തുക, പദ്ധതിയുടെ വിശദവിവരം,നിലവിലെ അവസ്ഥ തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കാൻ 30.11.2020 ന് AE-43/17--18 /AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി നൽകുകയോ ബന്ധപ്പെട്ട ഫയൽ ഹാജരാക്കുകയോ ചെയ്യുകയുണ്ടായില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-52 ലഘു ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരണം- വിശദവിവരം ഹാജരാക്കിയില്ല

| | |
|---|---|
| ഫയൽ നമ്പർ | A1-14448/17 |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 284-ാം വകുപ്പ് പ്രകാരം ഓരോ നഗരസഭയും അവരുടെ തനത് റവന്യൂ വരുമാനത്തിന്റെ 2% ഉപയോഗിച്ച് ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഘു ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ പ്രത്യേക ഫണ്ട് കൂടി രൂപീകരിക്കേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. നഗരസഭയിൽ ഇത്തരം ഒരു ഫണ്ട് രൂപീകരിക്കാത്തതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 59/20.05.17 പ്രകാരം പ്രസ്തുത ഫണ്ട് ഉടനടി രൂപീകരിക്കാനും സർക്കാർ മാർഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാനും നഗരസഭ കൗൺസിലിനോട് ശുപാർശ ചെയ്തിരുന്നു. എന്നാൽ നഗരസഭ കൗൺസിലിന്റെ 15.07.2017 ലെ 29-ാം നമ്പർ തീരുമാന പ്രകാരം കണ്ണൂർ നഗരസഭയിൽ പ്രസ്തുത ഫണ്ട് രൂപീകരിക്കേണ്ടെന്ന് തീരുമാനിക്കുകയും ചെലവുകൾ തനത് ഫണ്ടിൽ നിന്ന് നേരിട്ട് നൽകിയാൽ മതിയെന്ന് തീരുമാനിക്കുകയുമായിരുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 02.12.2020 ന് AE-45/17--18/AO/KNM/KSA നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ 08.12.20 ലെ എ1/34245/19നമ്പർ കത്തു പ്രകാരം നൽകിയ മറുപടിയിൽ നഗരസഭയിൽ ഫണ്ട് രൂപീകരിക്കേണ്ട എന്ന് തീരുമാനം എടുത്തതായി മാത്രം അറിയിക്കുകയാണ് ഉണ്ടായത്.സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഇത്തരം ഒരു തീരുമാനം എടുക്കാനുള്ള കാരണം നഗരസഭ വിശദമാക്കേണ്ടതാണ്.

### 1-53 ജവഹർ സ്റ്റേഡിയം നവീകരണം - വിശദവിവരം ഹാജരാക്കിയില്ല.

| | |
|---|---|
| ഫയൽ നമ്പർ | E1-19281/17 |

സംസ്ഥാന സർക്കാരിന്റെ 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം കണ്ണൂരിലെ ജവഹർ സ്റ്റേഡിയം നവീകരണത്തിന് കിഫ് ബി വഴി 11.1 കോടിയുടെ പദ്ധതിക്ക് തടസ്സരഹിത സർട്ടിഫിക്കറ്റ് (NOC) നൽകാൻ നഗരസഭയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 03.08.2017 ലെ 47-ാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകാൻ കൗൺസിൽ യോഗം തീരുമാനിച്ചിരുന്നു. ഭരണാനുമതി നൽകിയതിന്റെയും ആയതിനെ തുടർന്ന് സ്റ്റേഡിയം നവീകരണ പ്രവർത്തനങ്ങൾക്ക് കിഫ് ബി വഴി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ, ആയതിനു ചെലവഴിച്ച തുകകൾ തുടങ്ങിയവയുടെ വിശദവിവരം ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ട് 02.12.2020 ന് AE-46/17--18 /AO/KNM/KSA നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ മറുപടി നൽകുകയുണ്ടായില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-54 സേവന പുസ്തക പരിശോധനക്കിടയിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ

1) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതിൽ അപാകം - അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

06-12-1999ന് മുനിസിപ്പൽ കോമൺ സർവീസിൽ സേവനത്തിൽ പ്രവേശിച്ച കണ്ണൂർ നഗരസഭാ കാര്യാലയത്തിലെ

ഡ്രൈവർ ശ്രീ.അശോകൻ. സി.കെ. എന്നയാൾക്ക് വാർ/മിലിട്ടറി സർവീസ് പരിഗണിച്ച് 01-01-2002 പ്രാബല്യത്തിൽ 10 വർഷത്തെ ഒന്നാമത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിരുന്നു. ടിയാന്റെ 7 വർഷം 339 ദിവസത്തെ വാർ/മിലിട്ടറി സർവീസ് കൂടി പരിഗണിച്ചു കൊണ്ടാണ് ഡ്രൈവർ തസ്തികയിലെ ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചത്.

തുടർന്ന് 01-07-2008 പ്രാബല്യത്തിൽ വീണ്ടും വാർ/മിലിട്ടറി സർവീസ് കൂടി പരിഗണിച്ചുകൊണ്ട് 6680-10790 ശമ്പള സ്കെയിലിൽ 16 വർഷത്തെ രണ്ടാമത്തെ സമയ ബന്ധിത ഹയർഗ്രേഡ് അനുവദിച്ചു. (കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 27-08-2008ലെ ജി1/14255/2008 നമ്പർ നടപടി ക്രമം) 25-03-2006ലെ ജി.ഒ.(പി)145/2006/ഫിൻ നമ്പർ ഉത്തരവിലെ അനക്സർ 3 ഖണ്ഡിക 19അനുസരിച്ച് ആദ്യ ഹയർ ഗ്രേഡിന് മാത്രമേ വാർ/മിലിട്ടറി സേവന കാലം പരിഗണിക്കുകയുള്ളു. എൻടി കേഡറായ മുനിസിപ്പൽ കോമൺ സർവീസിൽ യോഗ്യ സേവന കാലം പൂർത്തിയായതിനു ശേഷം മാത്രമേ ടിയാന് രണ്ടാമത്തെ ഗ്രഡിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.6,840 രൂപ അടിസ്ഥാന ശമ്പളം ലഭിക്കേണ്ട സ്ഥാനത്ത് 7,160 രൂപ അനുവദിച്ചു.

2) മേൽ പരാമർശിച്ചതു പ്രകാരം തെറ്റായി ഗ്രേഡ് അനുവദിച്ചതിനാൽ തുടർന്നുള്ള ഇൻക്രിമെന്റുകൾ 2009 ശമ്പള പരിഷ്കരണം നടത്തിയതും തെറ്റായ രീതിയിലായിരുന്നു. ഇവയുടെ ഫലമായും ടിയാന് അധികം തുക അനുവദിച്ചു.

3) 01-01-2014 പ്രാബല്യത്തിൽ വാർ/മിലിട്ടറി സർവീസ് കൂടി പരിഗണിച്ചു കൊണ്ട് 22 വർഷത്തെ മൂന്നാമത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുകയും (ഉത്തര മേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 07-10-2014ലെ ബി-2007/14 നമ്പർ ഉത്തരവ്) 14620-25280 സ്കെയിലിൽ ശമ്പളം 15780/- രൂപയായി നിശ്ചയിച്ച് നൽകുകയും ചെയ്തു. (കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 26-11-2014ലെ ജി1/12010/14 നമ്പർ നടപടി ക്രമം) . 26-02-2011ലെ ജി.ഒ.(പി)85/2011/ഫിൻ നമ്പർ ഉത്തരവിലെ അനക്സർ ഖണ്ഡിക 18ൽ മിലിട്ടറി സേവന കാലം ആദ്യ ഹയർ ഗ്രേഡിന് മാത്രമേ അർഹമാകൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഈ ശമ്പള നിർണ്ണയവും തെറ്റാണ്. മുനിസിപ്പൽ കോമൺ സർവീസിലെ സേവന കാലം കണക്കാക്കുമ്പോൾ ടിയാന് 2,3 ഗ്രേഡുകൾക്ക് അർഹതയുണ്ടായിരുന്നില്ല.

25-03-2006 പ്രാബല്യത്തിൽ ടിയാൻ ഡ്രൈവർ ഗ്രേഡ് I തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് 28എ ശമ്പള നിർണ്ണയം അനുവദിക്കുകയും ടിയാന് അനർഹമായി അനുവദിച്ച 2,3 ഹയർ ഗ്രേഡുകളിലെ ശമ്പളം പുനർ നിർണ്ണയിക്കുകയും ചെയ്തു. 01-01-2002 പ്രാബല്യത്തിൽ ഒന്നാമത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിച്ച ശ്രീ. അശോകന് ആദ്യത്തെ റേഷ്യോ പ്രൊമോഷന്റെ സമയത്ത് വീണ്ടും 28 എ ശമ്പള നിർണ്ണയത്തിന് അവകാശം ഉണ്ടായിരുന്നില്ല. ചട്ടം 30 പ്രകാരം ശമ്പളം ക്രമീകരിക്കുകയാണ് വേണ്ടിയിരുന്നത്.

തുടർന്ന് വാർ/മിലിട്ടറി സർവീസ് കൂടി പരിഗണിച്ചു കൊണ്ട് 01-01-2019 പ്രാബല്യത്തിൽ ടിയാന് 27 വർഷത്തെ 4ാമത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു.(ഉത്തര മേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 31-05-2019ലെ ബി-1353/19 നമ്പർ ഉത്തരവ്) ഇതനുസരിച്ച് ടിയാന്റെ ശമ്പളം 01-01-2019ന് 27800-59400 ശമ്പള സ്കെയിലിൽ 38,500/- ആയി നിശ്ചയിച്ചു നൽകി. (കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 03-09-2019ലെ ജി10/922/19 നമ്പർ നടപടി ക്രമം) ഇതും ക്രമ പ്രകാരമായിരുന്നില്ല. മുനിസിപ്പൽ കോമൺ സർവീസിലെ സേവന കാലം മാത്രം പരിഗണിക്കുമ്പോൾ ടിയാന് 3,4 ഗ്രേഡുകൾക്ക് അർഹത ഉണ്ടായിരുന്നില്ല.

അപാകങ്ങൾ പരിഹരിക്കാനും അധികമായി അനുവദിച്ചതുക തിരികെ ഈടാക്കാനും നിർദ്ദേശിച്ചു കൊണ്ട് ഈ കാര്യാലയത്തിലെ 05-11-2019ലെ കെ.എസ്.എ. കെ.എൻ.എം. സി.എം.1/400/2019നമ്പർ കത്ത് പ്രകാരം സേവന പുസ്തകം തിരിച്ചയച്ചു.

തുടർന്ന് നഗരകാര്യ ഉത്തര മേഖലാ ജോയിന്റ് ഡയറക്ടർ 30-01-2020ലെ ബി.1353/19നമ്പർ ഉത്തരവ് പ്രകാരം ശ്രീ. അശോകന് അനുവദിച്ച 16,22,27 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡുകൾ റദ്ദാക്കി.

നഗരകാര്യ ഡയറക്ടറുടെ 27-09-2019ലെഇ8-23128/2014(2) നമ്പർ ഉത്തരവ് പ്രകാരം ശ്രീ. അശോകന് 03-06-2013 പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിലേക്ക് റേഷ്യോ അടിസ്ഥാനത്തിലുള്ള സ്ഥാനക്കയറ്റം അനുവദിച്ചു. ഇതനുസരിച്ച് ശമ്പള നിർണ്ണയത്തിൽ വീണ്ടും ഭേദഗതി വരുന്ന സാഹചര്യം ഉണ്ടായി. 06-11-2020ലെ ജി10-922/19 നമ്പറായി മേൽ സൂചിപ്പിച്ച സ്ഥാനക്കയറ്റവും കൂടി ചേർത്ത് ശമ്പള പുനർ നിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണക്കാകാക്കുമ്പോൾ തുക 1,77,429/- ടിയാന് അധികം നൽകിയിട്ടുണ്ട്.

ടിയാന് 01-07-2008 മുതലുള്ള കാലയളവിൽ അർഹമായ ശമ്പളം , ശമ്പള സ്കെയിൽ, അനുവദിച്ച ശമ്പളം ,ശമ്പള സ്കെയിൽ എന്നിവ സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രാബല്യ തീയതി | അർഹമായ ശമ്പളം | അർഹമായ ശമ്പള | അനുവദിച്ച ശമ്പളം | അനുവദിച്ച ശമ്പള | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | സ്കെയിൽ | | സ്കെയിൽ | |
| 1 | 01-07-2008 | 6840 | 5650-8790 | 7160 | 7990-11910 | അനർഹമായി 16 വർഷത്തെ ഗ്രേഡ് |
| 2 | 01-07-2009 | 12880 | 10480-18300 | 13540 | 11620-20240 | 2009 ശമ്പള പരിഷ്കരണം |
| 3 | 01-07-2010 | 13210 | 10480-18300 | 13900 | 11620-20240 | ഇൻക്രിമെന്റ് |
| 4 | 01-07-2011 | 13540 | 10480-18300 | 14260 | 11620-20240 | ഇൻക്രിമെന്റ് |
| 5 | 01-07-2012 | 13900 | 10480-18300 | 14620 | 11620-20240 | ഇൻക്രിമെന്റ് |
| 6 | 03-06-2013 | 14260 | 11620-20240 | 14620 | 11620-20240 | സീനിയർ ഗ്രേഡ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം |
| 7 | 01-07-2013 | 14980 | 11620-20240 | 14980 | 11620-20240 | 28 എ ശമ്പള നിർണ്ണയം |
| 8 | 01-07-2014 | 31500 | 22200-48000 | 32300 | 26500-56700 | 2014 ശമ്പള പരിഷ്കരണം |
| 9 | 01-07-2015 | 32300 | 20000-48000 | 33100 | 26500-56700 | ഇൻക്രിമെന്റ് |
| 10 | 01-07-2016 | 33100 | 20000-48000 | 33900 | 26500-56700 | ഇൻക്രിമെന്റ് |
| 11 | 01-07-2017 | 33900 | 20000-48000 | 34800 | 26500-56700 | ഇൻക്രിമെന്റ് |
| 12 | 01-07-2018 | 34800 | 20000-48000 | 35700 | 26500-56700 | ഇൻക്രിമെന്റ് |
| 13 | 01-07-2019 | 35700 | 20000-48000 | 36600 | 26500-56700 | ഇൻക്രിമെന്റ് |

അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2)ഒരു ശമ്പള പരിഷ്കരണത്തിൽ രണ്ടു തവണ പരിഷ്കരണ ആനുകൂല്യം നൽകി

കണ്ണൂർ നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ.പ്രദീപൻ സി. 08-06-2001ന് പൊതു വിദ്യാഭ്യാസ വകുപ്പിൽ പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് 04-11-2005ന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 05-11-2005ന് മുനിസിപ്പൽ കോമൺ സർവീസിൽ എൽ.ഡി.സി/ബി.സി ആയി ജോലിയിൽ പ്രവേശിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ 2-12-2009ലെ ഡബ്ല്യൂ. പി.(സി) നമ്പർ 34643/2009(എ) നമ്പർ വിധിന്യായം, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12-03-2019ലെ ഒഎ[ഇകെഎം]-783/2018 നമ്പർ വിധിന്യായം എന്നിവ പ്രകാരം ശ്രീ.പ്രദീപന്റെ വിദ്യാഭ്യാസ വകുപ്പിലെ സേവനകാലം മുനിസിപ്പൽ കോമൺ സർവീസിൽ ശമ്പള നിർണ്ണയത്തിന് പരിഗണിക്കുന്നതിന് അനുമതി ലഭിച്ചതിനെ തുടർന്ന് 25-03-2006ലെ ജി.ഒ. (പി) നമ്പർ 145/2006/ഫിൻ പ്രകാരമുള്ള 2004 ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രദീപൻ സി. 01-07-2004 തീയ്യതി പ്രാബല്യത്തിൽ വിദ്യാഭ്യാസ വകുപ്പിൽ ഓപ്ഷൻ നൽകുകയും പ്രസ്തുത വകുപ്പിൽ നിന്ന് 4,870/- രൂപയായി ശമ്പളം നിർണ്ണയിക്കുകയും ചെയ്തു. തുടർന്ന് ടിയാൻ മുനിസിപ്പൽ കോമൺ സർവീസിൽ സേവനത്തിൽ പ്രവേശിച്ചതിന് ശേഷം 05-11-2005 പ്രാബല്യത്തിൽ 2004 ശമ്പള നിർണ്ണയം നടത്തുകയും 5,380/- ആയി ശമ്പളം നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. (സേവന പുസ്തകം പേജ് 28) ഇപ്രകാരം ഒരു ജീവനക്കാരന് ഒരു ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് രണ്ട് ശമ്പള നിർണ്ണയങ്ങൾ അനുവദനീയമല്ല. ടിയാൻ ഓപ്ഷൻ നൽകിയ 01-07-2004ന് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ടിയാന്റെ ശമ്പളം നിർണ്ണയിക്കുകയും തുടർന്ന് മുനിസിപ്പൽ കോമൺ സർവീസിൽ നിന്ന് ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയം അനുവദിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാത്തതിനാൽ ടിയാന് അനർഹമായി ശമ്പള വർദ്ധനവ് ലഭിക്കാൻ ഇടയായിട്ടുണ്ട്. അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി ശമ്പള പുനർ നിർണ്ണയം നടത്തി സേവന പുസ്തകം പുന:സമർപ്പിക്കാൻ ഈ കാര്യാലയത്തിലെ 18-09-2019ലെ കെ.എസ്.എ.കെ.എൻ.എം/സി.എം.1/274/2019 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നഗരസഭ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിച്ചിട്ടില്ല. അധിക തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രാബല്യ തീയതി | അനുവദനീയമായ ശമ്പളം | ശമ്പള സ്കെയിൽ | റിമാർക്സ് | അനുവദിച്ച ശമ്പളം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | 05-11-2005 | 5,250 | 5250-8390 | 28 എ ശമ്പള നിർണ്ണയം | 5,380 (05.11.2005 മുതൽ) | 5-11-2005 മുതൽ 30-6-06 വരെ 130രൂപ വീതം അധിക വേതനം നൽകി. |
| 2 | 01-07-2006 | 5,380 | 5250-8390 | റീഫിക്സേഷൻ ചട്ടം 28 എ | 5,380 | - |
| 3 | 01-07-2007 | 5,510 | 5250-8390 | ഇൻക്രിമെന്റ് | 5,510 (01.11.2006 മുതൽ) | 01-11-2006മുതൽ 30-6-07വരെ 130രൂപ വീതം അധിക വേതനം നൽകി. |
| 4 | 01-07-2008 | 5,650 | 5250-8390 | ഇൻക്രിമെന്റ് | 5,650 (01.11.2007 മുതൽ) | 01-11-2007മുതൽ 30-6-08വരെ 140 രൂപ വീതംഅധിക വേതനം നൽകി.) |
| 5 | 01-07-2009 | 5,790 | 5250-8390 | ഇൻക്രിമെന്റ് | 5,790 (01.11.2008 മുതൽ) | 01-11-2008മുതൽ 30-6-09വരെ 140 രൂപ വീതംഅധിക വേതനം നൽകി.) |
| 6 | 01-11-2009 | 10,750 | 9940-16580 | 2009 ശമ്പള പരിഷ്കരണം | 11,020 | 1-11-2009 മുതൽ 31-10-2010 വരെ 270 രൂപ വീതം അധികം നൽകി |
| 7 | 01-11-2010 | 11,020 | 9940-16580 | ഇൻക്രിമെന്റ് | 11,320 | 1-11-2010മുതൽ 6-04-2011വരെ 300രൂപ വീതം അധികം നൽകി |

മേൽ പരാമർശിച്ചത് അടിസ്ഥാന ശമ്പളം മാത്രമാണ്. ഇതിനോട് ക്ഷാമ ബത്തയും കൂട്ടി തിരികെ ഈടാക്കേണ്ടതാണ്. 07-4-2011 പ്രാബല്യത്തിൽ ടിയാന് സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നത് വരെയുള്ള ശമ്പള നിർണ്ണയങ്ങൾ പുന:ക്രമീകരിച്ച് അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കി പ്രസ്തുത വിവരം രേഖപ്പെടുത്തി സേവന പുസ്തകം ഓഡിറ്റ് പരിശോധനക്കായി പുന:സമർപ്പിക്കേണ്ടതാണ്.

### 1-55 നഗരസഭ മരാമത്ത് പ്രവൃത്തികൾ- ഫയലുകൾ രജിസ്റ്ററുകൾ മറ്റ് അനുബന്ധ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല - മരാമത്ത് പണികൾക്കായി ചെലവഴിച്ച 24,26,39,828 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നഗരസഭ സെക്രട്ടറി 01-12-2020 ന് എ1-9598/2020 നമ്പറായി ലഭ്യമാക്കിയ വിവരശേഖരണ പത്രിക പ്രകാരം നഗരസഭയിൽ 2017-18 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 9 നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഉണ്ടായിരുന്നത് ( എക്സിക്യൂട്ടീവ് എഞ്ചിനീയർ-1, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-3, അസിസ്റ്റന്റ് എഞ്ചിനീയർ - 5) ഇതിൽ 2 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച 1032 പദ്ധതികളിൽ 562 മരാമത്ത് പദ്ധതികളാണ് നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 478 | 371 | 169348278 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ-1) | 2 | നടപ്പിലാക്കിയില്ല | ഇല്ല |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ-2) | 5 | നടപ്പിലാക്കിയില്ല | ഇല്ല |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സെക്ഷൻ-3)പള്ളിക്കുന്ന്,പുഴാതി | 141 | 39 | 13027958 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ (സെക്ഷൻ-1) | 57 | 39 | 12227433 |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ (സെക്ഷൻ-2) | 47 | 13 | 6812723 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ (സെക്ഷൻ-3) | 46 | 27 | 11767398 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ (എടക്കാട്, ചേലോറ) | 158 | 47 | 20977745 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ (എളയാവൂർ) | 98 | 26 | 8478293 |
| | ആകെ | 1032 | 562 | 242639828 |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 2017-18 വർഷത്തിൽ മരാമത്തു പണികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ

പദ്ധതികളുടെ ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കാൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടും ആയതു ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ നിന്നും നഗരസഭയിലേക്ക് നൽകിയ ഓഡിറ്റ് റിക്വിസിഷനുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഓഡിറ്റ്റിക്വിസിഷൻ നമ്പർ/ തീയതി | ഓഡിറ്റ് റിക്വിസിഷൻ കൈപ്പറ്റിയ ഉദ്യോഗസ്ഥർ/തീയതി. |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1)KSA/KN /CM2/AR-4/2017-18/ 12.11.2019 | എക്സിക്യൂട്ടീവ് എഞ്ചിനീയർ/12.11.2019 |
| | | 2)KSA/KNM/CM2/AR-24/2017-18 /05.10.2020 | സെക്രട്ടറി/ 05.10.2020 |
| | | 3)KSA/KNM/CM2/AR-25/2017-18 /25.11.2020 | സെക്രട്ടറി/ 25.11.2020 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1)KSA/KNM/CM2/AR-5/2017-18/12.11.2019 | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ / 12.11.2019 |
| | | 2)KSA/KNM/CM2/AR-24/2017-18/05.10.2020 | സെക്രട്ടറി/ 05.10.2020 |
| | | 3)KSA/KNM/CM2/AR-25/2017-18/05.10.2020 | സെക്രട്ടറി/ 25.11.2020 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 1)KSA/KNM/CM2/AR-6/2017-18/12.11.2019 | അസിസ്റ്റന്റ് എഞ്ചിനീയർ/12.11.2019 |
| | | 2)KSA/KNM/CM2/AR-24/2017-18/05.10.2020 | സെക്രട്ടറി/ 05.10.2020 |
| | | 3)KSA/KNM/CM2/AR-25/2017-18/25.11.2020 | സെക്രട്ടറി/ 25.11.2020 |

2017-18 വർഷത്തിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പദ്ധതികളിലെ വൗച്ചറുകൾ, അളവു പുസ്തകം, രജിസ്റ്ററുകൾ, ഫയലുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്നതിനായി മേൽ പ്രസ്താവിച്ച പ്രകാരം തുടർച്ചയായി ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും പട്ടികയിൽ കാണിച്ച ഉദ്യോഗസ്ഥരിൽനിന്നും യാതൊരുവിധ പ്രതികരണവും ഉണ്ടായിട്ടില്ല.ഓഡിറ്റിന് രേഖകൾ ലഭ്യമാക്കാത്ത സാഹചര്യം കണക്കിലെടുത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഓഡിറ്റ് ടീം 03.07.2020 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുടെ ഓഫീസ് നേരിട്ട് സന്ദർശിക്കുകയും രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും ക്രിയാത്മകമായ യാതൊരു സമീപനവും ടി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കാത്തതിനാൽ ഈ ഇനങ്ങളിലെ ചെലവുകളുടെ പരിശോധന നടത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. മേൽ കാരണങ്ങളാൽ 2017-18 വർഷത്തിൽ 562 മരാമത്ത് പദ്ധതികളിലായി ചെലവഴിച്ച 24,26,39,828/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഡിറ്റിനോടുള്ള നിസ്സഹകരണ സമീപനം നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-56 ബിൽഡിംഗ് പെർമിറ്റ്- ഫയൽ , അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ ഹാജരാക്കിയില്ല.

2017-18 വർഷത്തിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 201 പാർപ്പിട ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾക്കും 42 വാണിജ്യ കെട്ടിടങ്ങൾക്കും കൂടി ആകെ 243 ബിൽഡിംഗ് പെർമിറ്റുകളാണ് അനുവദിച്ചത്(നഗരസഭ അക്കൗണ്ട്സ് വിഭാഗം ലഭ്യമാക്കിയ കണക്ക് പ്രകാരം). അനുവദിക്കപ്പെട്ട പെർമിറ്റുകളുടെ പരിശോധനയ്ക്കായി ഫയലുകൾ, അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ ഹാജരാക്കാൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടും നാളിതുവരെ 6 കെട്ടിടങ്ങളുടെ (4 പാർപ്പിടം, 2 വാണിജ്യം)ഫയലുകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. രേഖകൾ ലഭ്യമാക്കുന്നതിനായി ഈ ഓഫീസിൽ നിന്നും നഗരസഭയിലേക്ക് നൽകിയ ഓഡിറ്റ് റിക്വിസിഷന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിക്വിസിഷൻ നമ്പർ/തീയതി. | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | KSA/KNM/CM2/AR-1/2017-18/ 05.08.2019 | സെക്രട്ടറി | 13.08.2019 |
| 2 | KSA/KNM/CM2/AR-24/2017-18/ 05.10.2020 | | 05.10.2020 |
| 3 | KSA/KNM/CM2/AR-25/2017-18/ 25.11.2020 | | 25.11.2020 |

ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ 2017-18 വർഷത്തിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന് ഈ ഇനത്തിൽ ലഭ്യമാകേണ്ടതും ലഭിച്ചതുമായ തനത് വരുമാനത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. മുഴുവൻ ഫയലുകളും പരിശോധനയ്ക്കായി ഹാജരാക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബന്ധപ്പെട്ട വിഭാഗം രേഖകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ബോധപൂർവ്വമായ അലംഭാവം ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്.1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (2) അനുസരിച്ച് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിൽ ഇല്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ച് ഈ വകുപ്പിന് തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.തുടർ നടപടികൾ ഒഴിവാക്കുന്നതിനായി മുഴുവൻ ഫയലുകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഈ വിഷയം നഗരസഭ കൗൺസിലിന്റെ പ്രത്യേകമായ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-57 നെൽകൃഷി വികസനം - ചെറുകിട/നാമമാത്ര കർഷകർക്ക് കൂലി ചെലവ് നൽകൽ - അനുവദനീയമായതിലും കൂടുതൽ തുക അനുവദിച്ച - 78,900/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം./പേര് | S0051/18 ,നെൽകൃഷി വികസനം |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) |
| അടങ്കൽ | 43,38,720/- (2432160-വികസന ഫണ്ട് സാധാരണ വിഹിതം, 1906560/- മറ്റുള്ളവ) |
| ചെലവ് | 24,32,160/- |

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) നിർവഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ " നെൽ കൃഷി വികസനം " എന്ന മേൽ പ്രോജക്ടിൽ നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി ഇനത്തിൽ അധിക തുക അനുവദിച്ചിട്ടുണ്ട്. 07.07.2017 ലെ സ.ഉ.(സാധാ)നമ്പർ.2322/2017/ത.സ്വ.ഭ.വ ഉത്തരവ് അനുസരിച്ച് നെൽകൃഷിക്ക് ചെറുകിട നാമ മാത്ര കർഷകർക്ക് കൂലിച്ചെലവായി ഒരു ഹെക്ടറിന് 17,000/- രൂപ വീതം പരമാവധി 30,000/- രൂപ നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. രണ്ട് വിള കൃഷി ചെയ്യുകയാണെങ്കിൽ രണ്ടു തവണയും ഈ തുക നൽകാമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കണ്ണൂർ നഗരസഭയിലെ ചില കർഷകർക്ക് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഒന്നാംവിള ചെയ്യാതെ രണ്ടാം വിള മാത്രം കൃഷി ചെയ്തിട്ടും 30,000/- എന്ന പരിധി മറി കടന്നു കൊണ്ട് അധിക ആനുകൂല്യം നൽകിയതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൃഷി ഭവന്റെ പേര് | അനുവദി ക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക | ബിൽ നമ്പർ, തീയതി, തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ദേവദാസ്.എം.അശ്വതി , എളയാവൂർ | എളയാവൂർ | 30,000 | 33,660 | 3,660 | 19/17-18 തീയതി- 05.03.2018 ആകെ തുക - 9,67,500 |
| 2 | സലില അശ്വതി | ടി | 30,000 | 33,660 | 3,660 | ടി |
| 3 | സരസ്വതി. കെ. വി. | ടി | 30,000 | 32,300 | 2,300 | ടി |
| 4 | സദാനന്ദൻ. കെ. | ടി | 30,000 | 33,320 | 3,320 | ടി |
| 5 | സി.കെ. വിനോദ്കുമാർ,<br>ഉദയം ഹൗസ് | ടി | 30,000 | 33,660 | 3,660 | ടി |
| 6 | എം. രഞ്ജിനി | ടി | 30,000 | 33,660 | 3,660 | ടി |
| 7 | ഹരീശൻ എം. | ടി | 30,000 | 30,600 | 600 | ടി |
| 8 | പി.സി. നന്ദനൻ | ടി | 30,000 | 40,120 | 10,120 | ടി |
| 9 | നിഷിത് എം.സി | ടി | 30,000 | 33,660 | 3,660 | ടി |
| 10 | സി.കെ. പദ്മാവതി | ടി | 30,000 | 33,660 | 3,660 | ടി |
| 11 | ഗിരിജ കെ.കെ. | ടി | 30,000 | 30,600 | 600 | ടി |
| 12 | വിലാസിനി.എ. കെ | ചേലോറ | 30,000 | 34,000 | 4,000 | ബിൽ നമ്പർ<br>25/17-18 തീയ്യതി21.03.2018 ആകെ തുക-3,65,772 |
| 13 | ലക്ഷ്മി എം. | ടി | 30,000 | 34,000 | 4,000 | ടി |
| 14 | കനകരാജൻ.എം. | ടി | 30,000 | 34,000 | 4,000 | ടി |
| 15 | മഹേശൻ. കെ | ടി | 30,000 | 34,000 | 4,000 | ടി |
| 16 | നിത്യ വി. | ടി | 30,000 | 34,000 | 4,000 | ടി |
| 17 | അനൂപ് കെ.വി | ടി | 30,000 | 34,000 | 4,000 | ടി |
| 18 | പ്രദീപ്കുമാർ വി.വി. | ടി | 30,000 | 34,000 | 4,000 | ടി |
| 19 | സിസ്റ്റർ സോഫിയാമ്മ | ടി | 30,000 | 34,000 | 4,000 | ടി |

| | | | | | | |
|---|---|---|---|---|---|---|
| 20 | നാരായണൻനമ്പ്യാർ.സി.വി. | ചേലോറ | 30,000 | 34,000 | 4,000 | 27/17-18 തീയ്യതി-26.03.2018 ആകെ തുക – 1,07,844 |
| 21 | അനീഷ് സി.വി. | ടി | 30,000 | 34,000 | 4,000 | ടി |
| | | ആകെ | 6,30,000 | 7,08,900 | 78,900 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നമ്പർ.AE-5/2017-18/CM1/KNM-KSA തീയതി.10.12.2019) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണം തൃപ്തികരമല്ല.കൃഷി ഓഫീസർമാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഓഫീസർമാരിൽ നിന്നും മറുപടി ലഭ്യമാക്കി താമസം വിനാ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ഈ സാഹചര്യത്തിൽ അധികം നൽകിയ 78,900/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

## 1-58 മരക്കാർകണ്ടി എസ്.സി/എസ്.ടി ഫ്ലാറ്റ് നിർമ്മാണം - സ്ഥലം ഉടമകൾക്ക് അധികം നൽകിയ 47,006/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| ഫയൽ നമ്പർ | 24141/16 | |
|---|---|---|
| പ്രോജക്ട് | 1096/18 സ്പിൽ ഓവർ | 1076/18 (പുതിയത്) |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി,കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | അഡീഷണൽ സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ |

| പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | | ചെലവ് |
|---|---|---|---|---|---|
| 1096/18 (സ്പിൽ ഓവർ) | മരക്കാർകണ്ടി എസ്.സി ഫ്ളാറ്റ് നിർമ്മാണം | സെക്രട്ടറി | വികസന ഫണ്ട് | 51110 | 51410 |
| | | | തനത് ഫണ്ട് | 2509439 | 2509439 |
| | | ആകെ | | 2560549 | 2560549 |
| 1076/18 (പുതിയത്) | | അഡീഷണൽസെക്രട്ടറി | വികസന ഫണ്ട് | 23190537 | 23190537 |
| | | ആകെ | | 23190537 | 23190537 |

മരക്കാർ കണ്ടിയിൽ പട്ടികജാതി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമിച്ച് നൽകുന്നതിന് സ്ഥലം ഏറ്റെടുത്തപ്പോൾ ലാന്റ് അക്വിസിഷൻ ഓഫീസർ നൽകിയ തുക അപര്യാപ്തമാണെന്ന് കണ്ടതിനെ തുടർന്ന് സ്ഥലമുടമകൾ ന്യായമായ അധിക തുക ലഭിക്കാൻ കോടതിയെ സമീപിച്ചതിനെ തുടർന്ന് കോടതി വിധിച്ച അധിക നഷ്ടപരിഹാര തുക സ്ഥലമുടമകൾക്ക് നൽകുന്നതിനായാണ് ഈ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച നാൾവഴി വിവരം താഴെ ചേർക്കുന്നു.

| EP 114/16 സബ് കോർട്ട് തലശ്ശേരി | LAR 406/11 | LAR 407/11 |
|---|---|---|

| | | |
|---|---|---|
| നോട്ടിഫിക്കേഷൻ തീയ്യതി | 29/7/2008 | 29/7/2008 |
| ലാന്റ് അക്വിസിഷൻ ഓഫീസർ<br>( LAO) അംഗീകരിച്ച തുക നൽകിയ തീയ്യതി | 8/10/2010 | 8/10/2010 |
| സ്ഥലം ഏറ്റെടുത്ത തീയ്യതി | 3/11/2010 | 3/11/2010 |
| കോടതി വിധി വന്നതീയ്യതി | 21/11/2015 | 21/11/2015 |
| LAO നിശ്ചയിച്ച തുക | 54054@884679/Hect | 162427@884679/Hect |
| കോടതി നിശ്ചയിച്ചതുക | 747039<br>@49500/cent | 2244785@49500/cent |
| ഏറ്റെടുത്ത സ്ഥല ത്തിന്റെ അളവ് | .0611 H | .1836H |
| (1)വർധന | 692985 | 2082357 |
| (2)30% solatium | 207895 | 624707 |
| (3)സ്ഥലത്തിന്റെ അധികവില വർധന 12% (29/7/2008 to 08/10/2010 ) (നോട്ടിഫിക്കേഷൻ മുതൽ തുക നൽകിയത് വരെ ) (830 ദിവസം) (അപാകത<br>1യഥാർത്ഥത്തിൽ 802 ദിവസമേയുള്ളൂ) | 692985x830x12/ 36500 = 189099 | 2082357x830x12/ 36500 = 568226 |
| | 692985x802x12/36500 = 182720 | 2082357x802x12/36500 = 549058 |
| | അധികം 6379 | അധികം19168 |
| (4)(സ്ഥലമേറ്റെ<br>ടുത്തത് മുതൽ ഒരു വർഷം )(3/11/10 to 2/11/11) | 692985+207895+189099 =1089979<br>int @9% Of 1089979= 98098 | 2082357+624707+568226=3275290<br>int @9% Of 3275290 = 294776 |
| | 692985+207895+182720 =1083600<br>int @9% Of 1083600= 97524 | 2082357+624707+549058=3256122<br>int @9% Of 3256122 = 293051 |
| | അധികം 574 | അധികം 1725 |
| (5) 3/11/11/മുതൽ 31/10/16 വരെ 15% പലിശ (1825 ദിവസം) | int @15% Of 1089979=<br>1089979x1825x15/36500 = 817484 | int @15% Of 3275290 =3275290x1825x15/36500 =2456467 |
| | int @15% Of 1083600 = | int @15% Of 3256122 =3256122x1825x15/ |

| | | |
|---|---|---|
| | 1083600x1825x15/ 36500=812700 | 36500 =2442091 |
| | അധികം 4784 | അധികം 14376 |
| 31/10/16 വരെ നൽകിയ തുക | 692985+207895+189099+ 98098+817484 = 2005561<br><br>DD NO: 916994/6.1.17 | 2082357+624707+568226+ 294776+2456467 =6026533<br><br>DD NO: 916993/6.1.17 |
| 31/10/16 വരെ നൽകേണ്ട തുക | 692985+207895+182720+ 97524+812700= 1993824 | 2082357+624707+549058+ 293051+2442091= 5991264 |
| അധികം നൽകിയത് | 2005561-1993824= 11737 | 6026533 -5991264= 35269 |

ഇതിൻ പ്രകാരം 47006(11737+35269) രൂപ നഗരസഭാ ഫണ്ടിൽ നിന്ന് അധികം നൽകിയിട്ടുണ്ട്. ആയത് ഉത്തരവാദിയായവരിൽനിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 1-59 പെൻഷൻ ഫണ്ട്-അപാകങ്ങൾ

1) റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് -ചട്ടം പാലിക്കേണ്ടതാണ് .

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം-റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം (10) ൽ അനുശാസിക്കും പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി കോർപ്പറേഷൻ ട്രഷറിയിൽ പ്രത്യേക അക്കൗണ്ട് (ടിപിഎ624) നിലവിലുള്ളതായി 2017-18 വാർഷിക ധനകാര്യപത്രികയിൽ കാണുന്നുണ്ട്. ഈ ഫണ്ടിൽ നിന്നാണ് റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് .

പെൻഷൻ ഫണ്ടിന്റെ വരവു ചെലവു കണക്കുകൾ 2017-18 വാർഷിക ധനകാര്യ പത്രികയോടൊപ്പം ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഈ അക്കൗണ്ട് മുഖേനയുള്ള ഇടപാടുകളുടെ വിവരം ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2017-18 വർഷം പെൻഷൻ നൽകുന്നതിനായി തനത് ഫണ്ടിൽ നിന്ന് പെൻഷൻ ഫണ്ടിലേക്ക് 2,34,98,345/- രൂപ വകമാറ്റിയിട്ടുണ്ട്.

1996 ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തുക ധനകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭകൾക്ക് നൽകേണ്ടതാണ്. ഈയിനത്തിൽ 2017-18 വർഷം 2,33,64,674/- രൂപ ലഭ്യമായിട്ടുണ്ട്.

മേൽ ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ജീവനക്കാരന്റെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. എന്നാൽ 22.03.2011 ലെ നഗരസഭ ചെയർപേഴ്സന്റെ കുറിപ്പ്പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് ഒടുക്കുന്നതിനു പകരം കുടിശ്ശികയിൽ അഡ്ജസ്റ്റ് ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. 09.04.2013 ലെ 50-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭാ ജീവനക്കാരുടെ പെൻഷൻകോൺട്രിബ്യൂഷൻ ഒടുക്കുന്നത് 1/2011 മുതൽ നിർത്തിവച്ചിരുന്നു.

2010-11 ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 26.08.2014 ലെ 49-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2014 സെപ്റ്റംബർ മുതലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുവാൻ ആരംഭിച്ചിരുന്നു. എന്നാൽ 1/2011 മുതൽ 8/2014 വരെയുള്ള കാലയളവിലെ കുടിശ്ശിക തുക സംബന്ധിച്ച് സർക്കാരിൽ നിന്ന് തീരുമാനങ്ങൾ ലഭ്യമായിട്ടില്ല.

2015 ജനവരിമുതൽ വീണ്ടും പെൻഷൻ വിഹിതം ഒടുക്കുന്നത് നിർത്തിവെച്ചിരിക്കുകയാണ്. കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 309 പ്രകാരം സർക്കാരിലേക്ക് ഏതെങ്കിലുമൊരു തുക ഒടുക്കുന്നതിന് നിരന്തരം വീഴ്ചവരുത്തുന്ന പക്ഷം നഗരസഭഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് നിരോധനം ഏർപ്പെടുത്തുന്നതിന് സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ പെൻഷൻ വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശരിയായ നടപടിയല്ല.

നാളിതുവരെ തനതു ഫണ്ടിൽ നിന്ന് പെൻഷൻ ഫണ്ടിലേക്ക് വകമാറ്റിയ കുടിശ്ശിക തുക സർക്കാരിൽ നിന്ന് തിരികെ ഈടാക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2)കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്- നാളിതുവരെ അക്കൗണ്ട് ആരംഭിച്ചിട്ടില്ല .

1997 ലെ കേരള മുനിസ്സിപ്പാലിറ്റി(കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർനെന്റ് ബെനിഫിറ്റ്)ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി മുനിസ്സിപ്പാലിറ്റി തൊട്ടടുത്തുള്ള ട്രഷറി സേവിംഗ്സ് ബാങ്കിൽ 'കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് 'എന്ന പേരിൽ പെൻഷൻ ഫണ്ട് ആരംഭിക്കുകയും ഓരോ മാസവും ജീവനക്കാരന്റെ മൊത്ത വേതനത്തിൽ നിന്നും 15 ശതമാനം വരുന്ന തുക മുനിസ്സിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ടിൽ നിന്നാണ് നൽകേണ്ടതെന്ന് മേൽ ചട്ടങ്ങളിലെ ചട്ടം 8(2) പ്രകാരം വ്യക്തമാക്കുന്നുണ്ട്.എന്നാൽ തനതു ഫണ്ടിൽ നിന്നും പെൻഷൻ നൽകിവരുന്ന സമ്പ്രദായം തന്നെയാണ് കോർപ്പറേഷനിൽ ഇപ്പോഴും തുടർന്നുവരുന്നത്.കണ്ണൂർ നഗരസഭ കൗൺസിലിന്റെ 30-3-2012 ലെ സി.ആർ നമ്പർ 44 പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ തുടർ നടപടികൾ നാളിതുവരെയും സ്വീകരിച്ചിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് 18.09.2020 ന് AE-24/2017-18/CM4/KNM-KSA നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പെൻഷൻ ഫണ്ട് ആരംഭിക്കാൻ നാളിതുവരെയും നടപടികൾ സ്വീകരിക്കാത്തത് അധികൃതരുടെ ഭാഗത്തുനിന്നുള്ള തികഞ്ഞ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് അക്കൗണ്ട് ആരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടങ്ങളുടെ വസ്തു നികുതി വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.5,75,043 രൂപ വരുമാന നഷ്ടം

1)റിസോർട്ടുകളിൽ നിന്നും യഥാവിധി വസ്തുനികുതി ഈടാക്കുന്നില്ല- 4,64,422/ രൂപ നഷ്ടം

കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ കെട്ടിടങ്ങൾക്ക് 01.04.2016 മുതൽ പ്രാബല്യത്തിൽ വസ്തു നികുതി നിരക്ക് പരിഷ്കരിക്കുന്നതിന് 14.03.2017 ലെ 38-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം 2016-17 വർഷം മുതൽ കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് 24.04.2017 ലെ വിജ്ഞാപന പ്രകാരം പരിഷ്കരിച്ചിട്ടുമുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്ക് 1 ചതുരശ്രമീറ്ററിന് 85 രൂപ നിരക്കിലാണ് വസ്തു നികുതി നിശ്ചയിച്ചത്. എന്നാൽ നഗരസഭ പരിധിയിലെ 5 റിസോർട്ടുകളിൽ നിന്നും മേൽ നിശ്ചയിച്ച നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. 2017-18 വർഷത്തെ വസ്തു നികുതി ഈടാക്കിയതിന്റെയും സാംഖ്യ/സഞ്ചയ സോഫ്റ്റ് വെയറുകളിലെ അസസ്സ് മെന്റ് ഡിമാന്റ് വിവരങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ റിസോർട്ടുകളുടെ വസ്തു നികുതി യോഗ്യമായ നിരക്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാത്തതിനാൽ 4,64,422 രൂപ ഈടാക്കാൻ ബാക്കി വന്നതായി കാണുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട ത്തിന്റെ തരം | വാർഡ് നം(പുതി യത്/ പഴയത്) | വിജ്ഞാപന പ്രകാരം ഈടാ ക്കേണ്ട തുക | വിസ്തീർണ്ണം (ച.മീ) | അടി സ്ഥാന നികുതി | 20% വർദ്ധനവ് | ആകെ നികുതി | SC+ LC+ Cess | അടവാ ക്കേണ്ട വാർഷിക നികുതി | 2017-18 വർഷത്തെ നികുതി | അടവാ ക്കിയ നികുതി (തുക, രശീതി നമ്പർ/ തീയതി) | ബാക്കി/ കുറവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7(5x6) | 8 | 9(7+8) | 10 | 11(9+10) | 12 | 13 | 14 (12-13) |
| 1(എ) | സി.വി. രവീന്ദ്രനാഥ്, പ്രേമസുധ മുതൽ പേർ | റിസോ ർട്ട് | (1/1345 /17253) | 85 | 93.6 | 7956 | 1591 | 9547 | 1624 | 11171 | 11171 | 4418 5954- 02.05.17 | 6753 |
| (ബി) | -ടി- | -ടി- | (1/1347 /17255) | 85 | 167.64 | 14250 | 2850 | 17100 | 2907 | 20007 | 20007 | 7896 5956- 02.05.17 | 12111 |
| സി) | -ടി- | -ടി- | (1/1348/ 17/256) | 85 | 151.64 | 12889 | 2578 | 15467 | 2629 | 18096 | 18096 | 7144 5957- 02.05.17 | 10952 |
| ഡി) | -ടി- | -ടി- | (1/1349/ 17/257) | 85 | 151.64 | 12889 | 2578 | 15467 | 2629 | 18096 | 18096 | 7144 5958- 02.05.17 | 10952 |
| ഇ) | -ടി- | -ടി- | (1/1350/ 17/258) | 85 | 88.64 | 7534 | 1507 | 9041 | 1537 | 10578 | 10578 | 4183 5959- 02.05.17 | 6395 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| എഫ്) | സി.വി. രവീന്ദ്രനാഥ് പ്രേമസുധ മുതൽ പേർ | റിസോർട്ട് | (1/357/ 17/226) | 85 | 124.86 | 10613 | 2122 | 12735 | 2165 | 14900 | 14900 | 8<br>5936-02.05.17 | 14892 |
| ജി) | -ടി- | -ടി- | (1/1358/ 17/227) | 85 | 85.2 | 7242 | 1448 | 8690 | 1477 | 10167 | 10167 | 4042<br>5937-02.05.17 | 6125 |
| എച്ച്) | -ടി- | -ടി- | (1/1359/ 17/228) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 407<br>2938-02.05.17 | 9856 |
| ഐ) | -ടി- | -ടി- | 1/1360/ 17/229) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 407<br>5939-02.05.17 | 9856 |
| ജെ) | -ടി- | -ടി- | (1/1361/ 17/230) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5940-02.05.17 | 9247 |
| കെ) | -ടി- | -ടി- | (1/1362/ 17/231) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5941-02.05.17 | 9247 |
| എൽ) | -ടി- | -ടി- | (1/1363 /17/232 | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5942-02.05.17 | 9247 |
| എം) | -ടി- | -ടി- | (1/1364/ 17/233) | 85 | 86 | 7310 | 1462 | 8772 | 1491 | 10263 | 10263 | 1016<br>5943-02.05.17 | 9247 |
| എൻ) | -ടി- | -ടി- | (1/ 1365/ 17/234) | 85 | 2083 | 177055 | *<br>61969 | 239024 | 40634 | 279658 | 279658 | 183564<br>5944-02.05.17 | 96094 |
| ഒ) | സി.വി. രവീന്ദ്രനാഥ് പ്രേമസുധ മുതൽ പേർ | റിസോർട്ട് | (1/1366/ 17/235) | 85 | 2083 | 177055 | 35411 | 212466 | 36119 | 248585 | 248585 | 183564<br>5945-02.05.17 | 65021 |
| പി) | -ടി- | -ടി- | (1/1367/ 17/236) | 85 | 2083 | 177055 | 35411 | 212466 | 36119 | 248585 | 248585 | 183564<br>5946-02.05.17 | 65021 |
| ക്യൂ) | -ടി- | -ടി- | (1/1368/ 17/237) | 85 | 740 | 62900 | 12580 | 75480 | 12832 | 88312 | 88312 | 34780<br>5947-02.05.17 | 53532 |
| ആർ) | -ടി- | -ടി- | (1/1369/ 17/238) | 85 | 97.92 | 8323 | 1665 | 9988 | 1698 | 11686 | 11686 | 4606<br>5948-02.05.17 | 7080 |
| എസ്) | -ടി- | -ടി- | (1/1370/ 17/239) | 85 | 307.98 | 26178 | 5236 | 31414 | 5340 | 36754 | 36754 | 14476<br>5949-02.05.17 | 22278 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | നവീൻ പവിത്രൻ അശോകം ബീച്ച് റിസോർട്ട്, പയ്യാമ്പലം | റിസോർട്ട് | (1/1301/ 17/173) | 85 | 300 | 25500 | * 8925 | 34425 | 5852 | 40277 | 40277 | 39546 11020- 05.02.18 | 731 |
| 3 | നവ്യ ജയപാൽ അറേബ്യൻ ബീച്ച് റിസോട്ട് | റിസോട്ട് | (1/1129/ 17/299) | 85 | 98 | 8330 | 1666 | 9996 | 1700 | 11696 | 11696 | 77 41671- 15.02.18 | 11619 |
| 4 | ജിജു മൊട്ടമ്മൽ | -ടി- | (55/1329/ 17/39) | 85 | 36 | 3060 | 612 | 3672 | 624 | 4296 | 4296 | 11 31472 04.01.18 | 4285 |
| 5 | കണിയാങ്കണ്ടി സുകുമാരൻ മർമര ബീച്ച് റിസോർട്ട് | -ടി- | (1/258/ 17/304) | 85 | 117 | 9945 | 1989 | 11934 | 2029 | 13963 | 13963 | 82 41423- 15.02.18 | 13881 |
| | | | | | | | | | ആകെ | | 1148405 | 683983 | 464422 |

*വഴി സൗകര്യം – 20%

തറ നിർമ്മാണം – 15%

ആകെ 35%

കുറവ് വന്ന 4,64,422 രൂപ പട്ടികയിൽ പറഞ്ഞ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റിസോർട്ടുകളുടെയും യഥാർത്ഥ അസസ്സ് മെന്റ് നടത്തി യോഗ്യമായ നിരക്കിൽ വസ്തു നികുതി ചുമത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) കെട്ടിടങ്ങളുടെ യഥാർത്ഥ തറവിസ്തീർണ്ണത്തിന്മേൽ നികുതി നിർണ്ണയിക്കാത്തതിനാൽ 1,10,621 രൂപ വരുമാന നഷ്ടം

2017 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കണ്ണൂർ കോർപ്പറേഷനിലെ കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി നിരക്ക് ഉൾ പ്പെടുത്തിക്കൊണ്ട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. യഥാർത്ഥ തറവിസ്തീർണ്ണം രേഖപ്പെടുത്തി അതിനനുസൃതമായ നിരക്ക് കണക്കാക്കി വസ്തു നികുതി നിർണ്ണയിക്കാത്തതിനാൽ നഗരസഭയ്ക്ക് ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ വിവരം | കെട്ടിടത്തിന്റെ തരം വാർഡ്/ കെട്ടിട നമ്പർ | യഥാർത്ഥ തറവിസ്തീർണ്ണം (ച.മീ) | ബാധകമായ നിരക്ക് | അടിസ്ഥാന വസ്തു നികുതി | 20 % വർദ്ധനവ് ഉൾ പ്പെടെ നികുതി | ഈടാക്കിയ ഉപനികുതികൾ | | | 2017-18 വർഷത്തിൽ ഈടാക്കേണ്ട നികുതി | 2017-18 വർഷത്തിൽ ഈടാക്കിയ വസ്തു നികുതി/ രസീതി നം. | .2017-18 ൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | സേവന നികുതി | ലൈബ്രറി സെസ്സ് | സെസ്സ് | | | |
| 1 | 2 | 3 | 4 | 5 | 6(4x 5) | 7(6+ 20/100) | 8(7 x 10/100) | 9(7 x 10) 5/100 | 10(7 x 2/100) | 11(7+8 +9+ 10) | 12 | 13 (11-12) |
| 1 | സി.രവീന്ദ്രനാഥ്, പ്രേമസുധ, സുനിത, മറ്റുള്ളവർ, | പാർപ്പിടാവശ്യം (17/252 1/1344) | 559.3 | 12 | 6712 | *8054 | 805 | 403 | 161 | 9,423 | 457 5950- 02.05.17 | 8966 |
| 2 | 'റെഡ് സൺ' പയ്യാമ്പലം ബീച്ച് റോഡ്, പള്ളിയാംമൂല | ശിവോഹം സെന്റർ (17/220 1/1351) | 248.25 | 70 | 17378 | 20854 | 2085 | 1043 | 417 | 24,399 | 305 5930- 02.05.17 | 24094 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 3 | -ടി- | കോർപറേറ്റ് ഓഫീസ് (17/221 1/1352) | 227.12 | 70 | 15898 | 19078 | 1908 | 954 | 382 | 22,322 | 51 5931-02.05.17 | 22271 |
| 4 | -ടി- | ഓഫീസ് (17/222 1/353) | 202.34 | 70 | 14164 | 16997 | 1700 | 850 | 340 | 19,887 | 72 5932-02.05.17 | 19815 |
| 5 | -ടി) | ശിവോഹം സെന്റർ (17/223 1/1354) | 30.8 | 70 | 2156 | 2587 | 259 | 129 | 52 | 3,027 | 18 5933-02.05.17 | 3009 |
| 6 | -ടി) | ശിവോഹം സെന്റർ (17/224 1/1355) | 85.56 | 70 | 5989 | 7187 | 719 | 359 | 144 | 8,409 | 11 5934-02.05.17 | 8398 |
| 7 | 'റെഡ് സൺ' പയ്യാമ്പലം ബീച്ച് റോഡ്, പള്ളിയാംമൂല | ശിവോഹം സെന്റർ (17/225 1/1355) | 245.16 | 70 | 17161 | 20593 | 2059 | 1030 | 412 | 24,094 | 26 5935-02.05.17 | 24068 |
| | | | | | | | | ആകെ | | 1,11,561 | 940 | 1,10621 |

*വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്.

വസ്തു നികുതി ഈടാക്കുന്നതിൽ കുറവ് വന്ന 1,10,621 രൂപ പട്ടികയിൽ രേഖപ്പെടുത്തിയ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ AE.33/2017-18/CM2/KNM-KSA തിയതി.02.11.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതി പരിഷ്കരണത്തിന് 01.04.2016 മുതൽ പ്രാബല്യമുള്ളതിനാൽ മേൽ പറഞ്ഞ റിസോർട്ടുകളുടെയും, കെട്ടിടങ്ങളുടെയും വസ്തുനികുതി 2016-17 വർഷത്തിൽ കൂടി കണക്കാക്കി കുടിശ്ശിക പിഴ പലിശയോടുകൂടി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളെയും കണ്ടെത്തി അവയുടെ വസ്തു നികുതി യഥാവിധി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

റിസോർട്ടുകളിൽ നിന്നും ഈടാക്കുന്നതിൽ കുറവ് വന്ന 4,64,422 രൂപയും കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം കണക്കാക്കി നികുതി ഈടാക്കിയതിൽ കുറവ് വന്ന 1,10,621 രൂപയും അടക്കം 5,75,043 രൂപ ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ -നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് 1,48,645 രൂപ നഷ്ടം

| | |
|---|---|
| ഫയൽ നമ്പർ | R4/27527/16 |

അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നികുതി ചുമത്തുമ്പോൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പനുസരിച്ച് നികുതി നിർണ്ണയത്തിൽ മാറ്റം വരുത്തുന്നതായി കാണുന്നില്ല. ഈ വകുപ്പ് പ്രകാരം അനധികൃത നിർമ്മാണങ്ങൾക്ക് അത് നിയമാനുസൃതം നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണ്.

കണ്ണൂർ നഗരസഭയിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പ്രസ്തുത കെട്ടിടം അനധികൃത നിർമ്മാണമായി നിന്നിരുന്ന കാലത്തേക്ക് മേൽ പറഞ്ഞ രീതിയിൽ നികുതി ചുമത്താതെ അത്തരം കെട്ടിടങ്ങൾ

നിയമാനുസൃതം നിർമ്മിച്ചതായി കണക്കാക്കി സാധാരണ നികുതി മാത്രമാണ് ചുമത്തിവരുന്നത്. ഇപ്രകാരം നികതി ചുമത്തുന്നതിനാൽ നിയമാനുസൃതമായി നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി നഷ്ടപ്പെടുന്നതായി കാണുന്നു.

കണ്ണൂർ നഗരസഭയിലെ 35-ാം വാർഡിലെ ശ്രീ.പ്രഫുൽ ധ്രുവ്, ചെയർമാൻ, ഗുജറാത്തി മഹാജൻ അസോസിയേഷൻ ബോർഡ് ഓഫ് ട്രസ്റ്റിയുടെ ഉടമസ്ഥതയിലുള്ള 35/3038 നമ്പർ കെട്ടിടം അനധികൃതമായി നിർമ്മിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടി കെട്ടിടത്തിന് അനധികൃത നിർമ്മാണ നമ്പർ നൽകി 31.10.2017 ന് ക്രമവൽക്കരിച്ചിട്ടുണ്ട്. എന്നാൽ 242-ാം വകുപ്പ് അനുസരിച്ച് ടി കെട്ടിടത്തിന് നിയമാനുസൃത ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് ഫയൽ നം. | വാർഡ് കെട്ടിട നമ്പർ (പഴയത്/ പുതി യത്) | | അനധികൃത നിർമ്മാണം പൂർത്തി യായ അർദ്ധ വർഷം | ക്രമവ ൽകരിച്ച തീയതി / വർഷം/അസസ് മെന്റ് രജിസ്റ്റർ പേജ്/ക്രമ നമ്പർ | ചുമത്തേണ്ട നികുതി തറവിസ്തീർണ്ണം - 110M2 നികുതി നിരക്ക് @ 100/m2 അടിസ്ഥാന വസ്തു നികുതി =11,000 (ഇളവുകൾക്കും വർദ്ധന വുകൾക്കും വിധേയ മായി) | സഞ്ചയ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് | അട വാക്കിയ തുക വിവരം- രശീതി നമ്പർ &തീയതി | ബാക്കി/ കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | വാർഡ് നം | കെട്ടിട നം. UAC | | | | | | | |
| 1 | 2 | 3 | | 4 | 5 | 6 | 7 | 8 | 9 | |
